ബാലവേദി

പ്രവർത്തകർക്കുള്ള
കൈപ്പുസ്തകം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ബാലവേദി

പ്രവർത്തകർക്കുള്ള
കൈപ്പുസ്തകം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ബാലവേദി പ്രവർത്തകർക്കുള്ള കൈപ്പുസ്തകം ● പ്രസാധനം, വിതരണം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ● അച്ചടി: കെ.ടി.സി. ഓഫ്സെറ്റ് പ്രിന്റേഴ്സ്, കോഴിക്കോട്

വില: 12 ക.

KSSP 0616 1E Feb 93 D1/8 2K 1200 FT/484/93

ഉള്ളടക്കം

1 . ആമുഖം
2 . ബാലവേദി എന്ത്? എന്തിന്?
3 . സാഹിത്യ പഠന പ്രവർത്തനങ്ങൾ
4 . പരീക്ഷണങ്ങൾ
5 . പ്രോജക്ടുകൾ
6 . പ്രകൃതിപഠനം
7 . ഗണിത വിദ്യകൾ
8 . നിർമാണം
9 . അഭിനയം
10 . കളികൾ
11 . പാട്ടുകൾ
12 . ചിത്രംവര
13 . സാമൂഹ്യ സേവന പ്രവർത്തനങ്ങൾ
14 . അനുബന്ധങ്ങൾ

രണ്ടു വാക്ക്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന ബാലവേദികൾ കേരളത്തിലുടനീളം പ്രവർത്തിച്ചുവരുന്നു. ബാലവേദികളുടെ പ്രവർത്തനത്തെ സഹായിക്കുന്നതിന് ഇതിനുമുമ്പ് രണ്ടുതവണ പരിഷത്ത്, ബാലവേദി കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുവാനും കുട്ടികളുടെ കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് അവരിൽ ആത്മവിശ്വാസവും സ്വയം പ്രവർത്തനശേഷിയും വർധിപ്പിക്കാനും പരിഷത്ത് നടത്തുന്ന പ്രവർത്തനങ്ങളിൽ മിക്കതും ബാലവേദികളിൽ ആദ്യം പരീക്ഷിച്ചവയാണ്, ഇന്നും നടത്തിക്കൊണ്ടിരിക്കുന്നവയാണ്.

ചുരുക്കത്തിൽ ബാലവേദികൾ പരിഷത്തിന്റെ വിദ്യാഭ്യാസ പ്രവർത്തന മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. പ്രവർത്തനങ്ങളുടെ എണ്ണം വർധിക്കുകയും ബാലവേദികൾ കുട്ടികളിൽ വമ്പിച്ച സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ സാമ്പിളുകൾ ക്രോഡീകരിക്കയാണ് ഈ കൈപ്പുസ്തകത്തിലൂടെ ചെയ്തിരിക്കുന്നത്.

ഇത് പൂർണമല്ല.

വിവിധ ജില്ലകളിലെ നിരവധി പ്രവർത്തകരുമായി നടത്തിയ സംസാരങ്ങളും ചില ജില്ലകൾ സ്വന്തമായുണ്ടാക്കിയ ബാലവേദി പ്രവർത്തന പരിപാടികളും ഈ പുസ്തക നിർമാണത്തിനു സഹായകരമായിട്ടുണ്ട്. പുതുതായി ബാലവേദി രൂപീകരിക്കുന്നവർക്കും ബാലവേദി രംഗത്ത് നിരവധി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവർക്കും ഈ കൈപ്പുസ്തകം പ്രയോജനപ്പെടുമെന്നു പ്രതീക്ഷിക്കട്ടെ.

ഈ പുസ്തകത്തിനു പോരായ്മകൾ ധാരാളമുണ്ടാവാം. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ താല്പര്യമുള്ളവരും ബാലവേദി പ്രവർത്തകരും ഈ പുസ്തകം വായിച്ച് പോരായ്മകൾ എഴുതി അറിയിച്ചുതരണം. പ്രവർത്തനങ്ങൾ നടത്തി അനുഭവങ്ങൾ അറിയിക്കണം.

എങ്കിൽ കുറേക്കൂടി നല്ലൊരു പതിപ്പ് താമസിയാതെ പുറത്തിറക്കാം.

കൺവീനർ
സംസ്ഥാന ബാലവേദി
സബ്ബ് കമ്മിറ്റി
പരിഷദ് ഭവൻ കോഴിക്കോട് - 2.

1

ആമുഖം

വിദ്യാഭ്യാസ രംഗത്ത് ഈ കൊച്ചുകേരളം അഭിമാനപൂർവമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം നമ്മെ സംബന്ധിച്ചിടത്തോളം ഒരു യാഥാർഥ്യമാണ്. കേരളത്തിലെ ഭൂരിഭാഗം കുടുംബങ്ങൾക്കും തൊട്ടടുത്ത് സ്കൂൾ സൗകര്യം ലഭ്യമാണ്. അധ്യാപനം നമ്മുടെ ഇടയിലെ മാന്യമായ തൊഴിലുകളിൽ ഒന്നാണ്. ഒന്നാം ക്ലാസിൽ ചേരുന്ന കുട്ടികളിൽ ഭൂരിഭാഗം പേരെയും സ്കൂൾ ഫൈനൽ ക്ലാസുകളിലെത്തിക്കാനും, കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കാനും നമുക്കു കഴിയുന്നുണ്ട്. നല്ലൊരു ശതമാനം കുട്ടികളെ ഉന്നത വിദ്യാഭ്യാസരംഗത്തെത്തിക്കാനും കഴിയുന്നുണ്ട്.

വായിക്കാനും പഠിക്കാനുമുള്ള നമ്മുടെ താല്പര്യം അതുകൊണ്ടവസാനിക്കുന്നില്ല. ഇന്ത്യയിൽ ഏറ്റവുമധികം പത്രവായനക്കാരുള്ള സംസ്ഥാനമാണ് കേരളം. ധാരാളം ആനുകാലികങ്ങളും പുസ്തകങ്ങളും ഇവിടെ ചെലവാകുന്നു. വായനശാലകളില്ലാത്ത ഗ്രാമങ്ങൾ കുറവാണ്. ഗ്രന്ഥകർത്താക്കൾക്ക്, എഴുത്തുകാർക്ക് ഇത്രയധികം മാന്യത നൽകുന്ന സംസ്ഥാനം വേറെയില്ല. സൂര്യനുതാഴെ നടക്കുന്ന എല്ലാ സംഭവങ്ങളും നാം ചർച്ച ചെയ്യുന്നുണ്ട്. അഭിപ്രായങ്ങൾ രൂപീകരിക്കുന്നുണ്ട്.

വായനയിൽക്കൂടി മാത്രമല്ല നാം പൊതുവിവരങ്ങൾ മനസ്സിലാക്കുന്നത്. കലാരൂപങ്ങൾ, നാടകങ്ങൾ, ചൊൽക്കാഴ്ചകൾ മുതലായവയെല്ലാം വിവരങ്ങൾ നൽകാൻ നാമുപയോഗിക്കുന്നു. അടുത്ത കാലത്തായി റേഡിയോയും, ടെലിവിഷനും ഈ ധർമം നിർവഹിക്കുന്നുണ്ട്. ഇത്തരത്തിൽ ഇന്ത്യയിൽ ഏറ്റവും വിദ്യാസമ്പന്നരായ ജനസമൂഹമുള്ളത് കേരളത്തിലാണ്.

കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ വളർച്ച ഒറ്റപ്പെട്ട സംഭവമായിരുന്നില്ല. സമൂഹത്തിലൊട്ടാകെ വന്നുകൊണ്ടിരുന്ന മാറ്റത്തിന്റെ അലകളാണ് വിദ്യാഭ്യാസത്തിന്റെ വളർച്ചയിൽ കണ്ടത്. കേരളത്തിലെ ഓരോ സമൂഹ വിഭാഗവും അവരുടെ മാറ്റത്തിന്റെ, മുന്നേറ്റത്തിന്റെ സൂചകമായി വിദ്യാഭ്യാസത്തെ കണ്ടു. പുതിയ ലോകത്തെക്കുറിച്ചുള്ള അറിവു നൽകാനായി, ഉണർവിന്റെ സന്ദേശമെത്തിക്കാനായി നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായിട്ടാണ് വളർന്നുവരുന്ന തലമുറയ്ക്ക് വിദ്യാഭ്യാസം നൽകുക എന്ന ശ്രമത്തെ അവർ കണ്ടത്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഒരു തൊഴിൽ മാത്രമായിരുന്നില്ല. ഒരു പുതിയ മൂല്യബോധത്തിന്റെ പിറവികൂടിയായിരുന്നു. അതിലവർ വലിയൊരളവുവരെ വിജയിച്ചു.

പരമ്പരാഗത സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുത്തിരുന്ന കോട്ടകൾ ഒന്നൊന്നായി ഇടിഞ്ഞുവീണു. ജാതികളെ, സമൂഹവിഭാഗങ്ങളെ തമ്മിൽ അകറ്റി നിർത്തിയിരുന്ന അനാചാരങ്ങൾ ഇല്ലാതായി. അധഃകൃതർക്ക് ഉന്നത വിഭാഗങ്ങളെപ്പോലെ സമൂഹത്തിൽ ജീവിക്കാനുള്ള അവസരം ലഭിച്ചു. ജന്മികളുടെ 'കുതിരകയറ്റ'ത്തിൽനിന്ന് കുടിയാന്മാർക്ക് മോചനം ലഭിച്ചു. തൊഴിലാളികൾ നിരന്തര സമരങ്ങളിലൂടെ മിനിമം വേതനമുൾപ്പെടെയുള്ള അവകാശങ്ങൾ നേടി. മൊത്തത്തിൽ ജനങ്ങളുടെ ജീവിത ഗുണനിലവാരം വർധിച്ചു.

ഇതുകൊണ്ട്, നാം നേടേണ്ടതെല്ലാം നേടിക്കഴിഞ്ഞോ? ഇല്ല. ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം വർധിച്ചു വരികയാണ്. രണ്ടുതരം ജീവിതരീതികൾ, സംസ്ക്കാരങ്ങൾ.... രണ്ടുതരം വിദ്യാഭ്യാസംവരെ നമ്മുടെയിടയിൽ നിലനിൽക്കുന്നു. ജാതികളുടെ ഭൗതികാടിത്തറ തകർന്നു.എങ്കിലും സാമുദായിക ഉച്ചനീചത്വം നമ്മുടെ ഇടയിൽ ശക്തമാണ്. സാമുദായിക സൗഹാർദത്തിന് കേൾവികേട്ട കേരളത്തിൽ വർഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെടുന്നു. സാമുദായികതയുടെയും മതത്തിന്റെയും പേരിലുള്ള ചേരിതിരിവുകൾ നമ്മുടെ വിദ്യാഭ്യാസ രംഗത്തേയും ബാധിക്കുന്നു. ഇതിനെല്ലാം പുറമെ ശക്തമായ ഉപഭോക്തൃ- കച്ചവട സംസ്ക്കാരം വളർന്നുവരികയാണ്. കലാ രൂപങ്ങൾ കച്ചവടമാകുന്നു. എന്തിന്, വായനപോലും കച്ചവടമാകുന്നു.

പുതിയ ലോകത്തിന്റെ ആവശ്യങ്ങൾ അനുസരിച്ച്, നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? മുൻകാലങ്ങളിൽ നമ്മുടെ സാധാരണ സ്കൂളുകളിൽ പഠിച്ചു പോയവർ സമൂഹത്തിൽ മാറ്റത്തിന്റെ സ്രഷ്ടാക്കളായിരുന്നു. ഇന്നോ? അത്തരം മഹാന്മാർ പഠിച്ച സ്കൂളുകൾ നാം അടച്ചു പൂട്ടുന്നു. നമ്മുടെ സ്കൂളുകളിൽനിന്ന്, കോളേജുകളിൽനിന്ന് മാറ്റത്തിന്റെ ഒരു പുതുനാമ്പ് പോലും നമുക്കു കാണാൻ കഴിയുന്നില്ല. ഉയർന്ന നിലവാരം പുലർത്തുന്ന അഖിലേന്ത്യാ തലത്തിൽ തലയുയർത്തി നിൽക്കാൻ കഴിയുന്ന പ്രതിഭകളെ സൃഷ്ടിക്കാൻ നമ്മുടെ "പ്രതിഭാ കേന്ദ്രങ്ങൾ"ക്കുപോലും കഴിയുന്നില്ല. ഒരു കാലത്ത്, വിദ്യാർജനത്തിനുള്ള ആവേശമാണ് നമ്മുടെ വിദ്യാലയങ്ങളിൽ തളം കെട്ടി നിന്നിരുന്നതെങ്കിൽ, ഇന്ന് എങ്ങും മുരടിപ്പും യാന്ത്രികതയും മാത്രം. വായനപോലും ഗൈഡു പുസ്തകങ്ങളിലും, പരിക്ഷാ ചോദ്യോത്തരങ്ങളിലും മാത്രമായി ചുരുങ്ങുന്നു. പഠിക്കുന്നതു പോകട്ടെ, ആവേശപൂർവം കളിക്കുന്നതെങ്ങനെയെന്നുപോലും നമ്മുടെ വിദ്യാർഥികൾ മറന്നു പോയിരിക്കുന്നു. കലാസാംസ്കാരിക പ്രവർത്തനങ്ങൾ സിനിമകളിൽ കാണുന്ന മൂന്നാംകിട തമാശകളുടെയും, വിലകുറഞ്ഞ സിനിമാ പാട്ടുകളുടെയും, ആഭാസ നൃത്തങ്ങളുടെയും ആവർത്തനങ്ങൾ മാത്രമായിരിക്കുന്നു. വായന വിദ്യാർഥികൾക്ക് ഏറ്റവും വെറുപ്പുളവാക്കുന്ന വിഷയമായിരിക്കുന്നു. വിദ്യാലയങ്ങൾ മൂല്യബോധവും കഴിവുമുള്ള മനുഷ്യരെ സൃഷ്ടിക്കുന്ന കളരികളാക്കുന്നതിനു പകരം ലക്ഷ്യബോധമില്ലാത്ത ഒരാൾക്കൂട്ടമായി മാറിയിരിക്കുകയാണ്.

ഈ ദുഃസ്ഥിതിക്കെങ്ങനെ പരിഹാരമുണ്ടാക്കാം? നമ്മുടെ തകർന്നുകൊണ്ടിരിക്കുന്ന ഗുണനിലവാരത്തെ എങ്ങനെ മെച്ചപ്പെടുത്താം? നിരവധി നിർദേശങ്ങൾ ചർച്ച ചെയ്യപ്പെടുന്നുണ്ട്. എങ്കിലും, അവയൊന്നും ഇന്നത്തെ തകർ

ച്ചയ്ക്കു പരിഹാരമാകുന്നില്ല. വിദ്യാഭ്യാസ രംഗത്ത് ഘടനാപരമായ മാറ്റങ്ങൾ കൊണ്ടുമാത്രം പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിയില്ല. കൂടുതൽ സ്കൂളുകളുണ്ടായതുകൊണ്ടോ, "പ്രതിഭാ കേന്ദ്ര"ങ്ങൾ സ്ഥാപിച്ചതുകൊണ്ടോ വിദ്യാഭ്യാസരംഗത്തെ ജീർണത മാറുകയില്ല. സമൂഹത്തിന്റെ ആവശ്യങ്ങളനുസരിച്ച് വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്.

ഇന്നത്തെ വിദ്യാഭ്യാസ പദ്ധതി രൂപംകൊണ്ടത് കൊളോണിയൽ കാലഘട്ടത്തിലാണ്. ഗുമസ്തന്മാരെയും, അധ്യാപകരെയും, വക്കീലന്മാരെയും സൃഷ്ടിക്കുകയായിരുന്നു അതിന്റെ ഉദ്ദേശ്യം. ഇന്നും "വൈറ്റ്കോളർ" ജീവനക്കാരെയും, ഡോക്ടർമാരെയും, എഞ്ചിനീയർമാരെയും സൃഷ്ടിക്കുന്നതിനാണ് നാം മുൻഗണന നൽകുന്നത്. നാട്ടിൽ പണിയെടുക്കുന്ന ഭൂരിപക്ഷത്തിന്, അവരുടെ ജീവിതത്തിനാവശ്യമായ, സൃഷ്ടിപരമായ കഴിവുകൾ വളർത്തിയെടുക്കുന്നതിന് നാം ശ്രമിക്കാറില്ല. ഒരു കാലത്ത് നമ്മുടെ വായനശാലകളും കലാസമിതികളും എലിമെന്ററി സ്കൂളുകളും പ്രവർത്തിച്ചിരുന്നത് വരേണ്യവർഗത്തിനായിരുന്നില്ല, സാധാരണക്കാർക്കുവേണ്ടിയായിരുന്നു. ഒരു എലിമെന്ററി സ്കൂൾ അധ്യാപകനു നഗരത്തിലെ ഡോക്ടറേക്കാൾ മാന്യതയുണ്ടായിരുന്നു. ഇന്ന്, നാം നമ്മുടെ അധ്വാനവും കഴിവുകളും നമ്മുടെ സാധാരണ സ്കൂളുകളെ, വായനശാലകളെ, കളിക്കളങ്ങളെ, കലാകേന്ദ്രങ്ങളെ സർഗാത്മകതയുടെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ശ്രമിക്കേണ്ടിയിരിക്കുന്നു.

ഇതു വേണമെങ്കിൽ, ഇന്നത്തെ പാഠപുസ്തക കേന്ദ്രീകൃതമായ, അധ്യാപകരുടെ ക്ലാസ്മുറിയിലെ ചൊൽക്കാഴ്ചകൾക്കു മാറ്റമുണ്ടാകണം. വിദ്യാലയങ്ങളോടൊപ്പം പാടങ്ങളും, പണിശാലകളും, ആപ്പീസുകളും തുടങ്ങി വളർന്നുവരുന്ന കുട്ടിയുടെ ഭൗതിക സാഹചര്യങ്ങൾ മുഴുവനും വിദ്യയഭ്യസിക്കുന്നതിനുള്ള കേന്ദ്രങ്ങളാകണം. അധ്യാപകർ വിദ്യാർഥികളുടെ പ്രവർത്തനങ്ങളെ സമർഥമായി ഗൈഡ് ചെയ്യുന്നതിന് കഴിവുറ്റവരാകണം. അതിനു തക്കവിധത്തിൽ പരീക്ഷാസമ്പ്രദായത്തിൽ മാറ്റങ്ങളുണ്ടാകണം. ഇതെല്ലാം നമ്മുടെ മണ്ണിന്റെ, സമൂഹത്തിന്റെ ആവശ്യങ്ങളനുസരിച്ച് ക്രമീകരിക്കപ്പെടണം.

അർപ്പണബോധമുള്ള ഒരു സംഘം ആളുകൾ ഇതിനു മുന്നിട്ടിറങ്ങേണ്ടതുണ്ട്. അധ്യാപകർ ഇതിന്റെ കേന്ദ്രബിന്ദുക്കളാണ്. അധ്യാപകർ കൂടാതെ വിദ്യാഭ്യാസത്തിലും, സാംസ്കാരിക പുരോഗതിയിലും താൽപര്യമുള്ള എല്ലാവരും രംഗത്തു വരണം. ഇത്തരത്തിലുള്ള പ്രവർത്തനത്തിന് എതിർപ്പുകൾ ധാരാളമുണ്ടാകും. ഇന്നത്തെ കച്ചവടസംസ്കാരത്തിന്റെയും വർഗീയതയുടെയും വക്താക്കൾ, വരേണ്യവൽക്കരണത്തിനു നേതൃത്വം കൊടുക്കുന്നവർ സാധാരണ സ്കൂളുകളെ മുൻനിർത്തിയുള്ള പ്രവർത്തനം ഇഷ്ടപ്പെടുകയില്ല. എങ്കിലും കേരളത്തിന്റെ വിദ്യാഭ്യാസപരമായ നേട്ടങ്ങൾ നിലനിർത്തുകയും വളർത്തുകയും ചെയ്യണമെങ്കിൽ, നമ്മുടെ പൊതു വിദ്യാഭ്യാസത്തിന്റെ സമൂലമായ പരിഷ്കാരം അത്യാവശ്യമാണ്.

ഈ രംഗത്ത് നമുക്ക് എന്തൊക്കെ ചെയ്യാം? നമ്മുടെ പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ, കൂടുതൽ സൃഷ്ടിപരവും സർഗാത്മകവുമാക്കാൻ നിരവധി ഉപായങ്ങൾ ഇന്നുതന്നെ ലഭ്യമാണ്. അവയെല്ലാം നമുക്കുപയോ

ഗിക്കാം. പാഠപുസ്തകങ്ങളെ കൂടുതൽ സൃഷ്ടിപരമായി ഉപയോഗിക്കാൻ അധ്യാപകരെ പരിശീലിപ്പിക്കാം. പാഠപുസ്തകങ്ങളെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് മാറ്റിയെഴുതാം. കാണാപാഠം പഠിത്തവും കോപ്പിയടിയും പ്രോത്സാഹിപ്പിക്കുന്ന ഇന്നത്തെ പരീക്ഷാസമ്പ്രദായം മാറ്റി മൂല്യനിർണയത്തിനുള്ള പുതിയ പരീക്ഷണം നടത്താം. കുട്ടികളിൽ വായനാശീലം വളർത്താനായി സ്കൂൾ ലൈബ്രറികൾ മെച്ചപ്പെടുത്താം. പുറത്ത് കുട്ടികളുടെ വായനശാലകൾ പ്രത്യേകമുണ്ടാക്കാം. നൃത്തം, പാട്ട്, കളികൾ എന്നിവയ്ക്ക് പ്രത്യേകം കേന്ദ്രങ്ങൾ സൃഷ്ടിക്കാം. കുട്ടികളുടെ സയൻസ് കോർണറുകളുണ്ടാക്കാം. സർഗാത്മക പ്രതിഭകളെ കണ്ടെത്താനുള്ള പണിപ്പുരകളാകാം. ഒരു ഗ്രാമത്തിന്റെ, പഞ്ചായത്തിന്റെ പരിധിയിൽനിന്നുകൊണ്ടു തന്നെ നൂറുകണക്കിനു പ്രവർത്തനങ്ങൾ നടത്താം.

ഇതും പോര. ഇത്തരമൊരു മാറ്റത്തിന്റെ ആവശ്യത്തെപ്പറ്റി ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള വിപുലമായ പ്രചാരണവും ആവശ്യമാണ്. ഇന്ന് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ജനങ്ങളെ ആവേശം കൊള്ളിക്കുന്നില്ല. അതൊരാവേശമായി മാറ്റിയാലേ വിദ്യാഭ്യാസരംഗത്ത് മാറ്റംവരുത്താൻ കഴിയൂ. അതിന് നാം ഇന്നത്തെ ജീർണതയ്ക്കു കാരണമായ ശക്തികളെ തിരിച്ചറിയുകയും അവയെ തുറന്നു കാണിക്കുകയും വേണം.

ഇവിടെയാണ് ബാലവേദികളുടെ പ്രസക്തി. വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്താൻ ശാസ്ത്രസാഹിത്യ പരിഷത്ത് ആവിഷ്കരിച്ചിട്ടുള്ള പരീക്ഷണ പ്രവർത്തനങ്ങളെല്ലാം, കുട്ടികളിലും അധ്യാപകരിലും എത്തിക്കുന്നതിനുള്ള വേദികളാവട്ടെ നമ്മുടെ ബാലവേദികൾ! ■

2

ബാലവേദി എന്ത്? എന്തിന്?

മലയാളത്തിൽ ശാസ്ത്രം പ്രചരിപ്പിക്കുന്നതിനുള്ള ഒരു സംഘടനയായി 1962-ൽ രൂപീകൃതമായ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തുടർച്ചയായ നിരവധി പ്രവർത്തനങ്ങളിലൂടെ '70-കൾ ആകുമ്പോഴേക്കും കേരളത്തിലെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക ജീവിതത്തിലെ എല്ലാ മേഖലകളോടും പ്രതികരിച്ചുതുടങ്ങി.

നിരവധി പുതിയ പ്രവർത്തനങ്ങൾക്ക് ജന്മം നൽകിയ '70-കളിൽത്തന്നെയാണ് 'യുറീക്കാ ബാലവേദികളും' 'ശാസ്ത്രകേരളം ക്ലബ്ബുകളും' പരിഷത്ത് ആരംഭിക്കുന്നത്.

കോട്ടയം സി.എം.എസ് കോളേജിൽ വച്ച് 1978 ഫെബ്രുവരിമാസം ചേർന്ന പരിഷത്തിന്റെ 15-ാം വാർഷികത്തോടെയാണ് ബാലവേദികൾ എന്ന ആശയം ഉടലെടുക്കുന്നത്. യുറീക്കാ മാസികയോടനുബന്ധിച്ച് യുറീക്കാ ബാലവേദികൾ രൂപീകരിച്ചു പ്രവർത്തിക്കാനാണ് അന്നു തീരുമാനിച്ചത്.

ശാസ്ത്രബോധവും മനുഷ്യസ്നേഹവും വളർന്നു വികസിക്കത്തക്ക രീതിയിലാണ് നമ്മുടെ ഇന്നത്തെ ഔപചാരിക വിദ്യാഭ്യാസമെന്ന് ആരും പറയുമെന്നു തോന്നുന്നില്ല. വളർന്നുവരുന്നതോടൊപ്പംതന്നെ നമ്മുടെ കുഞ്ഞുങ്ങളിൽനിന്നും ജിജ്ഞാസയും ചോദ്യം ചോദിക്കുവാനുള്ള പ്രവണതയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഔപചാരികവിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടിനു പുറത്തുനിന്നുകൊണ്ട് കുട്ടികൾക്ക്, ഹൃദ്യമായ പഠനപ്രവർത്തനങ്ങളിലൂടെ ശാസ്ത്രബോധത്തിലധിഷ്ഠിതമായ വ്യക്തിത്വ വികസനം സാധ്യമാക്കുകയാണ് ബാലവേദികൊണ്ട് പ്രധാനമായും ലക്ഷ്യമാക്കുന്നത്.

സമൂഹ നന്മയ്ക്ക് അനുഗുണമായ മൂല്യങ്ങളെക്കുറിച്ച് ശരിയായ ബോധം വളരെ ചെറുപ്പത്തിലേ കൊടുത്തു തുടങ്ങേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് പരിഷത്ത് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണിത്. ഇന്നത്തേക്കാൾ എല്ലാംകൊണ്ടും കൂടുതൽ മെച്ചപ്പെട്ട ഒരു നല്ല നാളെയെ ആത്മാർഥമായി ആഗ്രഹിക്കുന്ന ആർക്കും ഇത്തരം പ്രവർത്തനങ്ങളിൽനിന്നൊഴിഞ്ഞു നിൽക്കാനാവില്ല.

നമ്മുടെ വിദ്യാലയങ്ങൾ പരീക്ഷ പാസാകാനുള്ള വെറും കോച്ചിംഗ് ക്യാമ്പുകൾ എന്നതിൽ കവിഞ്ഞ് വിദ്യാർഥികളെ ശാസ്ത്ര-സാമൂഹ്യ ബോധമുൾക്കൊള്ളുന്നവരാക്കി വളർത്തി, ഭാവിലോകത്തിന്റെ വാഗ്ദാനങ്ങളാക്കി

മാറ്റുന്ന പ്രക്രിയയിൽ ഏർപ്പെടുന്നില്ല. പരീക്ഷയ്ക്കു വേണ്ടി മാത്രമായതിനാൽ പഠനം വിരസമാവുന്നു. തങ്ങൾ പഠിക്കുന്ന കാര്യങ്ങൾ രസിച്ചു പഠിക്കാനും ഉൾക്കൊള്ളാനും കഴിഞ്ഞാലേ കുട്ടികൾക്ക് ശാസ്ത്രകൗതുകവും ജിജ്ഞാസയും ഉണ്ടാകൂ. എങ്കിലേ മൗലികതയുള്ള മനസ്സിന്റെ ഉടമകളായി അവർ വളരൂ.

അതുപോലെതന്നെ കുരുന്നിലേ സാമൂഹ്യബോധമുൾക്കൊണ്ടാലേ കുട്ടികൾ മനുഷ്യരാകൂ; മൂല്യബോധത്തിനുടമകളായി വളരൂ.

ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് 1969-ൽ ശാസ്ത്രകേരളവും 1970-ൽ യുറീക്കയും പരിഷത്ത് പ്രസിദ്ധീകരിച്ചുതുടങ്ങുന്നത്. നമ്മുടെ നാടൻ പാട്ടിന്റെ ഈണവും താളവും ഉൾക്കൊണ്ടുകൊണ്ട്, നമ്മുടെ സംസ്കാരത്തിന്റെ തനിമയറിഞ്ഞ്, നന്നായി ചിരിക്കാനും രസിക്കാനും പഠിക്കാനും കഴിയുന്ന ആരോഗ്യമുള്ള മനസ്സിനുടമകളായി വേണം കുട്ടികളെ വളർത്താൻ. എങ്കിലേ അവർക്ക് ആരോഗ്യകരമായ സാമൂഹ്യ വീക്ഷണമുണ്ടാവൂ. ഇതിനു പറ്റുന്ന വിധത്തിലാണ് യുറീക്കയിലേയും ശാസ്ത്രകേരളത്തിലേയും വിഭവങ്ങൾ പാകപ്പെടുത്തുന്നത്.

യുറീക്കാ ബാലവേദികളും ശാസ്ത്രകേരളം ക്ലബ്ബുകളും രൂപീകരിച്ച് പ്രകൃതിനിരീക്ഷണം, കളികൾ, പുസ്തക വായന, മത്സരങ്ങൾ, ക്ലാസുകൾ തുടങ്ങിയ വിവിധതരം പ്രവർത്തനങ്ങളിലൂടെ ബാലവേദികൾ പതുക്കെ പതുക്കെ വളരാൻ തുടങ്ങി.

1982-ൽ സി.വി.രാമന്റെ ജന്മദിനമായ നവംബർ 7 ബാലവേദി ദിനമായി ആചരിക്കാൻ തീരുമാനിക്കയും അന്ന് എറണാകുളം ജില്ലയിലെ ചെറായിയിൽ സമാപിച്ച ശാസ്ത്രകലാജാഥയോടൊപ്പം 2000 കുട്ടികൾ പങ്കെടുത്ത ഒരു ബാലവേദി റാലി നടത്തുകയും ചെയ്തു. ഒരു പ്രദേശത്തെ ബാലവേദികളുടെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനമായിരുന്നു ഇത്. ആവേശകരമായ ഈ അനുഭവത്തിനുശേഷം ബാലവേദിരംഗത്ത് സ്ഥിരമായ പുതിയ പുതിയ പരിപാടികൾ ആവിഷ്കരിക്കപ്പെട്ടു. ബാലവേദി പ്രവർത്തകർക്കായി പരിഷത്ത് സംഘടിപ്പിച്ച പണിപ്പുരകൾക്കും ക്യാമ്പുകൾക്കും കണക്കില്ല. കൂട്ടത്തിൽ 1983-ൽ മലമ്പുഴ വച്ചു നടന്ന ബാലവേദി പ്രവർത്തക ക്യാമ്പും 1985-ൽ കോഴിക്കോട്ടു വച്ചു നടത്തിയ ക്യാമ്പും ബാലവേദികളുടെ വളർച്ചയിൽ നിർണായകമായ സ്വാധീനം ചെലുത്തിയ ക്യാമ്പുകളായിരുന്നു. ധാരാളം പുതുമയുള്ള പ്രവർത്തനങ്ങൾ ഈ ക്യാമ്പുകളിൽ വച്ച് ആവിഷ്കരിച്ചു. ബാലവേദിപ്രവർത്തനങ്ങൾ പുതിയ മാനങ്ങൾ കൈക്കൊണ്ടു.

ബാലവേദിപ്രവർത്തനങ്ങളുടെ തുടർച്ചയായി വളർന്നു വികസിച്ചുവന്ന ബാലോത്സവങ്ങളും ബാലോത്സവജാഥകളും സംസ്ഥാനത്തുടനീളം കുട്ടികളിലും പ്രവർത്തകരിലും രക്ഷിതാക്കളിലും വമ്പിച്ച ആവേശമുണർത്തി.

കൊല്ലത്തുവച്ചു നടത്തിയ സംസ്ഥാന ബാലോത്സവം, തുടർന്നു ജില്ലകളിലും മേഖലകളിലും യൂണിറ്റുകളിലും നടന്ന എണ്ണമറ്റ ബാലോത്സവങ്ങൾ, വിവിധ സംസ്ഥാനങ്ങളിലെ കുട്ടികളും അധ്യാപകരും പ്രവർത്തകരും പങ്കെടുത്ത തൃശൂരിലെ അഖിലേന്ത്യാ ബാലോത്സവം എന്നിവ വമ്പിച്ച ബഹുജനശ്രദ്ധ പിടിച്ചുപറ്റി. പുതിയ നിരവധി പഠനതന്ത്രങ്ങൾ ഈ ഉത്സവങ്ങളിലൂടെ

ഉരുത്തിരിഞ്ഞുവന്നു. മറ്റു സംസ്ഥാനങ്ങളിൽ പരിഷത്ത് സംഘടിപ്പിച്ച ബാലോത്സവങ്ങൾ അനുകരിക്കപ്പെട്ടു.

ഈ പരിപാടികളെല്ലാം കൂടി ബാലവേദി പ്രവർത്തനത്തെ സജീവമായൊരു വിദ്യാഭ്യാസ പ്രവർത്തനമാക്കി ഉയർത്തി. വിദ്യാഭ്യാസരംഗത്ത് പുത്തനുണർവുണ്ടാക്കാൻ സഹായകമായ ഒട്ടനവധി പ്രവർത്തനങ്ങൾ ബാലവേദികളിൽ പരീക്ഷിക്കപ്പെട്ടു.

വിദ്യാഭ്യാസരംഗത്ത് ഈയിടെ ഏറെ ശ്രദ്ധിക്കപ്പെട്ട പരിഷത്തിന്റെ വിജ്ഞാനോത്സവങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പുതിയ മൂല്യനിർണയ ഉപാധികൾ മിക്കതും നിരവധി കാലത്തെ ബാലവേദി പ്രവർത്തനങ്ങളിലൂടെ രൂപം പ്രാപിച്ചു വന്നവയാണ്.

ഓണക്കാലത്ത് കേരളത്തിലുടനീളം സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ഓണോത്സവങ്ങൾ കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിലുപരി ശാസ്ത്രീയമായ ചരിത്രപഠനത്തിന്റെ പ്രാരംഭം കുറിക്കുക കൂടിയായിരുന്നു.

അങ്ങനെ ഇന്നത്തെ ക്ലാസ്റും പഠനത്തിൽനിന്നു തികച്ചും വ്യത്യസ്തമായി കുട്ടികളിൽ കൗതുകവും ആവേശവും ജനിപ്പിച്ചുകൊണ്ട് പഠനത്തെ ആസ്വാദ്യകരമാക്കി മാറ്റാനുള്ള പരീക്ഷണശാലകളായി ബാലവേദികൾ വളർന്നുവന്നു.

ഇന്ന് നൂറുകണക്കിനു ബാലവേദികൾ നമ്മുടെ നാട്ടിലുണ്ട്. കുട്ടികളുടെ സംഘങ്ങൾക്ക് ഇന്ന് ഒരു കുറവുമില്ല. എന്നാൽ 'ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്' എന്ന മുദ്രാവാക്യം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ബാലവേദികൾക്ക് പരിഷത്ത് പ്രവർത്തനങ്ങളുടേതായ തനിമയും ലക്ഷ്യബോധവും ഉണ്ടായേ പറ്റൂ.

പ്രവർത്തനങ്ങൾക്ക് കൂടുതൽ വ്യക്തത ലഭിക്കുന്നതിനുവേണ്ടി ബാലവേദിയുടെ ലക്ഷ്യങ്ങളെ താഴെ പറയും പ്രകാരം സംഗ്രഹിക്കാം.

1. കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക.

2. മനുഷ്യസ്നേഹം വളർത്തുകയും മനുഷ്യനന്മയിൽ വിശ്വാസമുള്ളവരാക്കി തീർക്കുകയും ചെയ്യുക.

3. സ്വയം പഠിക്കാനുള്ള പരിശീലനം കൊടുക്കുകയും പഠനത്തിൽ താത്പര്യം വർധിപ്പിക്കുകയും ചെയ്യുക.

4. കൂട്ടായ പ്രവർത്തന ശൈലി സ്വായത്തമാക്കാൻ സഹായിക്കുക.

5. കുട്ടികളുടെ വ്യക്തിത്വം വികസിക്കുന്നതിന് പരമാവധി അവസരം ഉണ്ടാക്കുക.

6. നേതൃത്വശേഷി വളർത്തുക.

7. സ്വയം പരീക്ഷണങ്ങളിലേർപ്പെടുന്നതിനുള്ള താത്പര്യം വളർത്തുന്നതോടൊപ്പം ശാസ്ത്രത്തിന്റെ രീതികൾ സ്വായത്തമാക്കാൻ അവസരമുണ്ടാക്കുക.

8. വായനാശീലം വളർത്തുക.

9. കലാകായിക രംഗങ്ങളിൽ കഴിവുള്ളവരാക്കുക.

10. സമൂഹത്തോടുള്ള പ്രതിബദ്ധതയെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുക.

പഠനരീതി

മേൽകൊടുത്ത ലക്ഷ്യങ്ങൾ നേടാനുതകുന്ന ഏതു രീതിയിലുള്ള പ്രവർത്തനവും ഒരു ബാലവേദി പ്രവർത്തകനു സ്വീകരിക്കാം. എങ്കിലും ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ക്ലാസുകൾക്കകത്തിരുന്നുകൊണ്ടുള്ള ഔപചാരികവും വിരസവുമായ പഠനബോധന രീതി തീർത്തും ഒഴിവാക്കണം. കുട്ടികൾക്ക് രസകരവും താത്പര്യം വളർത്തുന്നതുമാവണം പഠന രീതികൾ. കുട്ടികൾ സ്വയം ചെയ്യുന്ന നിരീക്ഷണ പരീക്ഷണങ്ങളിലൂടെ, കൊച്ചു കൊച്ചു കണ്ടെത്തലുകളിലൂടെ, രസകരമായ കളികളിലൂടെയൊക്കെ അവരുടെ അന്വേഷണ തൃഷ്ണ വളർത്തുകയും കൂടുതൽ കൂടുതൽ പഠിക്കാനുള്ള ആഗ്രഹം വളർത്തുകയും ചെയ്യുന്നവയായിരിക്കണം ബാലവേദികളിലെ പഠന പ്രവർത്തനങ്ങൾ. ഈ രീതി അവലംബിക്കുന്നതുകൊണ്ടാണ് ബാലവേദി അംഗങ്ങൾ പൊതുവെ വിദ്യാലയങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലെത്തുന്നത്.

വസ്തുനിഷ്ഠമായ നിരീക്ഷണം, ചോദ്യമുയർത്തൽ, സങ്കൽപനം, പരീക്ഷണം, നിഗമനം, സാമാന്യവൽക്കരണം തുടങ്ങിയ ശാസ്ത്ര രീതികൾ അവർ ക്രമേണ സ്വായത്തമാക്കുന്നു. സ്വന്തം തലച്ചോറ് കൂടുതൽ നന്നായി ഉപയോഗപ്പെടുത്താൻ ശീലിക്കുന്നതുകൊണ്ട് അവരുടെ ആത്മവിശ്വാസം വർധിക്കുന്നു. കേൾക്കുന്നതെന്തും അപ്പാടെ വിശ്വസിക്കുന്ന 'ക്ഷണവിശ്വാസശീല'രാകുന്നില്ല അവർ.

ബാലവേദികളിൽ കുട്ടികൾ പഠിപ്പിക്കപ്പെടുകയല്ല, സ്വയം പഠിക്കുകയാണ്. അഥവാ പഠിക്കാൻ പഠിക്കുകയാണ്. കുട്ടികളുടെ പ്രവർത്തന വേദിയാണത്. കുട്ടികൾ സ്വയം ചെയ്യുന്ന പ്രവർത്തനങ്ങളിലൂടെ അവർക്ക് പഠിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയാണ് ഒരു ബാലവേദി പ്രവർത്തകൻ/ പ്രവർത്തക ചെയ്യേണ്ടത്.

ഇവിടെ പഠനപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു കുട്ടിയാണ്. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുന്നതോടൊപ്പം ഇഷ്ടംപോലെ ചോദ്യം ചോദിക്കാനവസരം കിട്ടുന്നതുകൊണ്ട് കുട്ടികളുടെ അന്വേഷണ തൃഷ്ണ മുരടിക്കുന്നില്ലെന്നു മാത്രമല്ല പഠനത്തിന്റെ മൗലികോപാധിയായ ജിജ്ഞാസയും കൗതുകവും വളരുകയും ചെയ്യുന്നു.

ബാലവേദികൾ എങ്ങനെ സംഘടിപ്പിക്കാം?

ബാലവേദികൾ രൂപീകരിക്കുന്നതിനുള്ള പ്രാഥമിക ചുമതല പരിഷത്തിന്റെ പ്രാദേശിക യൂണിറ്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ യൂണിറ്റ് പ്രവർത്തകർതന്നെയാണ് ഏറ്റെടുക്കേണ്ടത്. സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്ന പ്രവർ

ത്തകർ മാത്രമായിരിക്കണമെന്നില്ല; പഠനം നിർത്തിയവരേയും ബാലവേദിയിൽ ഉൾപ്പെടുത്താം. ചുരുങ്ങിയത് പത്തു കുട്ടികളെങ്കിലും ഉണ്ടാവണമെന്നു മാത്രം. താൽപര്യമുള്ള എല്ലാവരുംകൂടി ഒരു പൊതുസ്ഥലത്തോ വീട്ടിലോ സമ്മേളിക്കട്ടെ. യോഗത്തിലേക്ക് അധ്യാപകരേയും രക്ഷിതാക്കളേയും ക്ഷണിക്കണം. യൂണിറ്റിൽ ബാലവേദി ചുമതല വഹിക്കുന്ന പ്രവർത്തകൻ ബാലവേദിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനപരിപാടികളും വിശദമാക്കണം.

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ചും കുട്ടികൾക്ക് കൂടുതൽ പങ്കാളിത്തവും ആവേശവും ലഭിക്കത്തക്കവിധം പഠന പ്രവർത്തനങ്ങൾ പുന:സംഘടിപ്പിക്കേണ്ടതിനെക്കുറിച്ചും ചർച്ച ചെയ്യണം. യുറീക്ക, ശാസ്ത്രകേരളം മാസികകൾ ഈ രംഗത്ത് ചെയ്യുന്ന സേവനങ്ങളെക്കുറിച്ച് ഹ്രസ്വമായി പറയണം. ബാലവേദികളിലൂടെ രസകരമായ ഒട്ടനവധി പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതിന് ഉദാഹരണങ്ങൾ നൽകണം. പ്രസംഗത്തിനു പകരം സംഭാഷണ രീതിയിൽ തികച്ചും അനൗപചാരികമായ അന്തരീക്ഷമുണ്ടാക്കി ഇതൊക്കെ പറയാനാണ് ശ്രമിക്കേണ്ടത്. തുടർന്ന് എല്ലാവർക്കും പങ്കെടുക്കാവുന്ന കൂട്ടപ്പാട്ടുകളോ കൂട്ടക്കളികളോ നടത്താം. അതിനുശേഷം ബാലവേദി രൂപീകരണമാവാം.

ഭാരവാഹികൾ

ഓരോ ബാലവേദിക്കും ഒരു പ്രവർത്തകസമിതി ഉണ്ടായിരിക്കണം. എല്ലാം കുട്ടികൾ തന്നെ. പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, പുറമെ മൂന്നോ അഞ്ചോ കമ്മറ്റി അംഗങ്ങളും. പരിഷത്ത് യൂണിറ്റിൽനിന്ന് ഒരു പ്രവർത്തകൻ ബാലവേദി ചുമതലക്കാരനായി വേണം. ഈ പ്രവർത്തകന്റെ സഹായത്തോടെ പ്രവർത്തക സമിതി പരിപാടികൾ മുൻകൂട്ടി തയ്യാറാക്കണം. മാസത്തിൽ ഒരിക്കൽ ഈ കമ്മിറ്റി കൂടി പ്രവർത്തനങ്ങൾ വിലയിരുത്തണം.

റജിസ്ട്രേഷൻ

ബാലവേദിയെ ശാസ്ത്രസാഹിത്യ പരിഷത്തുമായി അഫിലിയേറ്റ് ചെയ്യുന്നത് ഒരു പ്രത്യേക ഫോറം പൂരിപ്പിച്ചയയ്ക്കണം (അനുബന്ധം നോക്കുക). യൂണിറ്റ് സെക്രട്ടറി വഴി ഫോറം മേഖലാ ബാലവേദി കൺവീനർക്ക് എത്തിക്കണം. അഫിലിയേഷന് ഫീസാവശ്യമില്ല.

ബാലവേദി സബ്ബ് കമ്മിറ്റികൾ

ഓരോ യൂണിറ്റിലും ബാലവേദി ചുമതലയുള്ള പ്രവർത്തകനും ഈദൃശ പ്രവർത്തനങ്ങളിൽ താൽപര്യമുള്ള പരിഷത്തംഗങ്ങളോ അല്ലാത്തവരോ ആയ അധ്യാപകർ, കലാകാരന്മാർ, സാമൂഹ്യ പ്രവർത്തകർ, രക്ഷാകർത്താക്കൾ തുടങ്ങിയവർ അംഗങ്ങളായി യൂണിറ്റ് ബാലവേദി സബ്ബ് കമ്മിറ്റി രൂപീകരിക്കണം. ഇതുപോലെ യൂണിറ്റു ബാലവേദി കൺവീനർമാരും മേഖലാ ബാലവേദി കൺവീനറും മറ്റു പ്രവർത്തകരും ചേർന്ന് മേഖലാ ബാലവേദി സബ്ബ് കമ്മറ്റിയും, മേഖലാ കൺവീനർമാരും ജില്ലാ കൺവീനറും മറ്റു പ്രവർത്തകരും ചേർന്ന് ജില്ലാ ബാലവേദി സബ്ബ് കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം

ചെയ്യുകയും നടപ്പാക്കാൻ സഹായിക്കയും വിലയിരുത്തുകയും വേണം. മാസത്തിൽ രണ്ടു തവണയെങ്കിലും ഈ കമ്മിറ്റികൾ യോഗം ചേരണം.

യൂണിറ്റുതലം മുതൽ സബ്ബ് കമ്മറ്റികളിൽ പരിഷത്തംഗങ്ങളോ അല്ലാത്തവരോ ആയ, ബാലവേദി രംഗത്ത് സംഭാവനകൾ നൽകാൻ കഴിവുള്ള വ്യക്തികളെ തെരഞ്ഞുപിടിച്ച് ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിച്ചേ പറ്റൂ.

സംസ്ഥാനത്ത് മൊത്തം നടക്കുന്ന ബാലവേദി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മാർഗനിർദേശം നൽകുവാനുമായി ഒരു സംസ്ഥാന ബാലവേദി കൺവീനറും സബ്ബ്കമ്മിറ്റിയും ഉണ്ടായിരിക്കും.

ഇതിനു പുറമെ യൂണിറ്റുകളിലെ നേതൃത്വ ഗുണമുള്ള കുട്ടികളെ ഉൾപ്പെടുത്തി മേഖലാതലത്തിലും ജില്ലാതലത്തിലും കുട്ടികളുടെ കമ്മിറ്റികൾ രൂപീകരിക്കയും പ്രവർത്തിപ്പിക്കയും ചെയ്യേണ്ടതുണ്ട്. വിവിധ ബാലവേദികൾ സന്ദർശിക്കുകയും കുട്ടികളുമായി ആശയവിനിമയം നടത്തുകയും ചെയ്യുന്നതോടൊപ്പം കുട്ടികൾ കുട്ടികളുടേതായ പ്രവർത്തനങ്ങൾ സ്വയം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും ഈ കമ്മിറ്റികൾ സഹായകമാവും.

എവിടെ നടത്തും?

വിദ്യാലയത്തിന്റെ ഔപചാരികമായ ചട്ടവട്ടങ്ങളൊക്കെ ഒഴിവാക്കിക്കൊണ്ട് വീട്ടുമുറ്റത്താവാം, മരത്തണലിലാവാം, വായനശാലയോട് ചേർന്നോ കളിസ്ഥലത്തോ ആവാം.

ഒരു വാർഡിൽ ഒരു ബാലവേദി എന്നതാവണം ലക്ഷ്യം.

സാമ്പത്തികം

വരവുചെലവു കണക്കുകളെ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ഓരോ ബാലവേദി സെക്രട്ടറിയും കൃത്യമായി സൂക്ഷിക്കണം. ബാലവേദിയുടെ യോഗങ്ങളിലും വാർഷികയോഗത്തിലും റിപ്പോർട്ടിനോടൊപ്പം ഈ കണക്കുകൾ കൂടി അവതരിപ്പിച്ച് അംഗീകാരം വാങ്ങണം.

തെരഞ്ഞെടുപ്പ്

ബാലവേദി വാർഷികത്തോടനുബന്ധിച്ച് ഓരോ വർഷവും തെരഞ്ഞെടുപ്പ് നടത്തണം. ബാലവേദി വാർഷികം സമുചിതമായി കൊണ്ടാടാൻ നേരത്തെ തന്നെ ആസൂത്രണം നടത്തണം.

എന്തൊക്കെ പ്രവർത്തനങ്ങളാവാം

മുമ്പ് സൂചിപ്പിച്ച ലക്ഷ്യങ്ങൾ മുൻനിർത്തി അനുയോജ്യമായ പ്രവർത്തനങ്ങൾ ബാലവേദി പ്രവർത്തകർക്ക് നടത്താവുന്നതാണ്. ഉദാഹരണത്തിനു വേണ്ടി ചില പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

1. ക്യാമ്പുകൾ - കുട്ടികളുടെ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള രണ്ടോ മൂന്നോ ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പുകൾ (സഹവാസ രീതി).

2. ചോദ്യപ്പെട്ടി - ഏതു ചോദ്യവും ആർക്കും എഴുതി പെട്ടിയിൽ ഇടാം. ഉത്തരം അടുത്ത ആഴ്ച ആകുമ്പോഴേക്ക് കണ്ടുപിടിച്ച് അവതരിപ്പിച്ചാൽ മതി.

3. ചർച്ചാ ക്ലാസുകൾ– ഇടയ്ക്കിടെ പ്രഗത്ഭരായ അധ്യാപകരെ വിളിക്കാം.

4. ശിൽപശാലകൾ (കഥാരചന, കവിതാരചന, ചിത്രമെഴുത്ത് മുതലായവ).

5. പ്രവൃത്തിപരിചയം– പാവനിർമാണം, കൗതുകവസ്തു നിർമാണം തുടങ്ങിയവയിൽ പരിശീലനം.

6. ക്വിസ് മത്സരങ്ങൾ– ഏതെങ്കിലും പ്രത്യേകം വിഷയത്തിൽ– പുസ്തകത്തെ ആധാരമാക്കി, ദിനപത്രത്തെ ആധാരമാക്കി, ചുറ്റുപാടിനെ അടിസ്ഥാനമാക്കി.

7. ലഘു പരീക്ഷണങ്ങൾ. 8. ഗവേഷണ പ്രോജക്ടുകൾ.

9. കലാസാംസ്കാരിക പ്രവർത്തനങ്ങൾ.

10 കായിക വിനോദ പ്രവർത്തനങ്ങൾ.

11. വായനാ കേന്ദ്രം– പുസ്തകങ്ങളും മാസികകളും ശേഖരിക്കൽ.

12. പഠനയാത്രകൾ.

13. ഗ്രാമദർശനം – സ്വന്തം ഗ്രാമത്തെക്കുറിച്ച് പഠിക്കൽ.

14. കളികൾ, കഥകൾ, പാട്ടുകൾ.

15. ശേഖരണങ്ങൾ. 16. പ്രദർശനങ്ങൾ.

17. പൊതുവിജ്ഞാന ഡയറി എഴുതലും സൂക്ഷിക്കലും– എല്ലാ അംഗങ്ങളും.

18. വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ– തുടർന്ന് സംരക്ഷിക്കൽ.

19. പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധത്തോട്ടം ഇവയുടെ നിർമാണവും സംരക്ഷണവും.

20. മാസികാ പ്രചാരണം (യുറീക്ക, ശാസ്ത്രകേരളം)

21. സേവന പ്രവർത്തനങ്ങൾ. 22. അക്ഷരവേദി പ്രവർത്തനങ്ങൾ.

23. പ്രവർത്തക ക്യാമ്പുകൾ–ഭാരവാഹികൾക്ക്.

24. തൊഴിൽ മത്സരങ്ങൾ.

25. ബാലവേദി ദിനം– സി.വി.രാമന്റെ ജന്മദിനമായ നവംബർ 7.

26. ബാലവേദി വാർഷികങ്ങൾ. 27. ദേശീയോത്സവങ്ങൾ കൊണ്ടാടൽ.

ബാലവേദി പ്രവർത്തനങ്ങൾക്ക് സഹായകരമായ ഏതാനും കുറിപ്പുകളാണ് ഈ കൈപ്പുസ്തകത്തിൽ തുടർന്നു കൊടുത്തിരിക്കുന്നത്. ഓരോ ഭാഗത്തിനും അനുയോജ്യമായ കൂടുതൽ പ്രവർത്തനങ്ങൾ പ്രവർത്തകർ കണ്ടെത്തുമെന്നു പ്രതീക്ഷിക്കുന്നു.

3
സാഹിത്യ പഠന പ്രവർത്തനങ്ങൾ

കുട്ടികളിൽ സർഗഭാവന വളർത്തിയെടുക്കുന്നതിൽ സാഹിത്യപഠന പ്രവർത്തനങ്ങൾക്ക് സുപ്രധാനമായ പങ്കു വഹിക്കുവാൻ കഴിയും. കുട്ടികളെ നല്ല സാഹിത്യവുമായി അടുപ്പിക്കുക എന്നതാവണം ഈ രംഗവുമായി ബന്ധപ്പെട്ട് ബാലവേദികളിൽ നാം നടത്തുന്ന പ്രവർത്തനങ്ങൾ. നല്ല കഥകളും കവിതകളും തെരഞ്ഞെടുത്ത് വായിക്കാനും ആസ്വദിക്കാനും രംഗത്ത് അവതരിപ്പിക്കാനും ഉള്ള കഴിവുകൾ വികസിപ്പിച്ചെടുക്കാൻ സാഹിത്യ പഠന പ്രവർത്തനങ്ങളിലൂടെ സാധിക്കും. ഇതിനു താഴെ പറയുന്ന പ്രവർത്തനങ്ങൾ സഹായകരമാവും.

1. കഥപറയൽ

കഥ കേൾക്കാൻ താൽപര്യമില്ലാത്ത കുട്ടികളില്ല. പണ്ടൊക്കെ മുത്തശ്ശിമാരും മുത്തശ്ശന്മാരും കുട്ടികളെ അരികിൽ വിളിച്ച് നൂറുകൂട്ടം കഥകൾ പറഞ്ഞുകൊടുക്കുമായിരുന്നു. ഇന്നത്തെ സാഹചര്യങ്ങൾ വ്യത്യസ്തമാണെന്നു നമുക്കറിയാം. ഈ കുറവ് പരിഹരിക്കാൻ ബാലവേദികൾക്ക് കഴിയണം.

കുട്ടികളുടെ ഭാവനയെ ഉണർത്താൻ ഉതകുന്ന കഥകളാവണം പറഞ്ഞു കൊടുക്കുന്നത്. കുറ്റവാസനയും പരാജയബോധവും അങ്കുരിക്കുന്ന കഥകളാവരുത് പറയുന്നത്. ഉയർന്ന ജീവിത ഗുണങ്ങളും ആത്മവിശ്വാസവും ജനിപ്പിക്കുന്ന കഥകളേ തെരഞ്ഞെടുക്കാവൂ. നാടൻ കഥകൾ, ശാസ്ത്രക്കഥകൾ, പ്രശ്നകഥകൾ, നുണക്കഥകൾ, അത്ഭുത കഥകൾ, പഞ്ചതന്ത്രം കഥകൾ, ഈസോപ്പുകഥകൾ, ടോൾസ്റ്റോയി കഥകൾ..... ഇങ്ങനെ ധാരാളം കഥകൾ ഉപയോഗപ്പെടുത്താം.

ഉദാഹരണമായി ഒരു കൊച്ചുകഥ

കൂട്ടരേ...... മുത്തശ്ശികഥ കേൾക്കാൻ ഇഷ്ടമല്ലേ നിങ്ങൾക്ക്? ആ..... എല്ലാവർക്കും ഇഷ്ടമായിരിക്കും അല്ലേ... അതിനു മുത്തശ്ശിമാരൊക്കെ നമ്മോടൊപ്പമല്ലല്ലോ താമസിക്കുന്നത്! അവരൊക്കെ അങ്ങ് തറവാട്ടിലാ. ഇനി മുത്തശ്ശിയെ കാണാൻ വല്ല ഓണമോ, കല്യാണമോ മറ്റോ വരണം. ഞാനിങ്ങനെ മുത്തശ്ശിയെ കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാ.... എന്റെ പൂന്തോട്ടത്തിലൊരു പൂമ്പാറ്റയെ കണ്ടത്. ഹായ്! എന്തൊരു പൂമ്പാറ്റ!

വർണ്ണ ചിറകുകളുള്ള, വാലിട്ടു കണ്ണെഴുതിയ ഒരു സുന്ദരിപ്പൂമ്പാറ്റ! അത് തേൻ കുടിച്ച് ആടിപ്പാടി പറന്നു നടക്കുകയാ. ഹ! ഹ! ഹ! ഹ!

ങേ! എവിടുന്നാണൊരു പൊട്ടിച്ചിരി!

പൂന്തോട്ടത്തിലെ ചെമ്പരത്തിച്ചെടിയിൽ അതാ ഒരു ചിലന്തി വലകെട്ടിക്കൊണ്ടിരിക്കുന്നു! തുറിച്ച കണ്ണുകളുള്ള, മേലാകെ രോമങ്ങളും നീണ്ട നഖങ്ങളുമുള്ള ഒരു കരിമ്പൻ എട്ടുകാലി. ചിലന്തി ആശാൻ!

സുന്ദരി ചിലന്തിയാശാന്റെ പൊട്ടിച്ചിരി കേട്ട് തിരിഞ്ഞുനോക്കി.

ആഹാ! ചിലന്തിയാശാനാണോ? ചിലന്തിയാശാനേ, ചിലന്തിയാശാനെന്തെടുക്കുകയാ? സുന്ദരി ചോദിച്ചു. ഹ! ഹ! ഹ! ചിലന്തിയാശാൻ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു: ഞാനോ? ഞാനിവിടെ.... ഒരു ഊഞ്ഞാൽ കെട്ടുകയാ. മിനുമിനുത്ത പട്ടുനൂൽകൊണ്ട്, ആടിയാൽ ആരും ഉറങ്ങിപ്പോകുന്നൊരൂഞ്ഞാൽ. നേരാണോ ചിലന്തിയാശാനേ? സുന്ദരി സംശയം പ്രകടിപ്പിച്ചു.

"ങേ! ചിലന്തിയാശാൻ കളവുപറയാറില്ല. വേണമെങ്കിൽ നീകൂടിവന്നോ. ഞാൻ ആട്ടിത്തരാം. പാട്ടുപാടി ഉറക്കിത്തരാം." ചിലന്തി പറഞ്ഞു.

സുന്ദരിപ്പൂമ്പാറ്റയ്ക്ക് കൗതുകമായി. അവൾ പറന്നു, പറന്നു, പറന്ന് ചിലന്തിയാശാന്റെ ഊഞ്ഞാലിൽ ചെന്നിരുന്നു.

പെട്ടെന്നാണതു സംഭവിച്ചത്! ചിലന്തിരാക്ഷസൻ സുന്ദരിപ്പൂമ്പാറ്റയുടെ മേൽചാടി വീണു. വലകൊണ്ട് അവളെ,വരിഞ്ഞു വരിഞ്ഞു മുറുക്കി. സുന്ദരിപ്പൂമ്പാറ്റയ്ക്ക് ശ്വാസംപോകുമെന്ന മട്ടായി. അവൾക്കനങ്ങാൻ കഴിയുന്നില്ല.

പെട്ടെന്നവൾക്കൊരു ബുദ്ധിതോന്നി. അവൾ പറഞ്ഞു: "ചിലന്തിയാശാനേ, ചിലന്തിയാശാനേ നല്ല സുഖം. ഞാനിപ്പം ഉറങ്ങിപ്പോകും. ഞാനൊരു കാര്യം ചെയ്യട്ടെ? ഞാനെന്റെ കൊച്ചനുജത്തിയെക്കൂടി കൂട്ടിക്കൊണ്ടുവരട്ടെ? അവൾക്കും സുഖമായി ആടാമല്ലോ.

ചിലന്തിയാശാന് ഇതുകേട്ട് പെരുത്തു സന്തോഷമായി. ഒറ്റയടിക്ക് രണ്ടു പൂമ്പാറ്റകൾ! ഹായ്... ഇന്നത്തെ ശാപ്പാട് കുശാലാകും. അവൻ സുന്ദരിയെ ചുറ്റിയ കയർ പതുക്കെ പതുക്കെ അഴിച്ചുമാറ്റാൻ തുടങ്ങി. ഹാവൂ! സുന്ദരിക്ക് ശ്വാസം വീണു.

അവൾ തന്റെ വർണചിറകുകൾ വിടർത്തി ആകാശത്തേക്ക് ഒരൊറ്റ പറക്കൽ. കുറേ ദൂരെ ചെന്നപ്പോൾ അവൾ ചിലന്തി രാക്ഷസനെ നോക്കി പറഞ്ഞു: "ദുഷ്ടാ! രാക്ഷസാ... നീ കാത്തിരുന്നോ. എന്റെ കൊച്ചനിയത്തിയെ ഇപ്പോൾ കിട്ടും." അവൾ ഇതും പറഞ്ഞ് കുതികുതിച്ചു.

ചിലന്തിആശാൻ ഇപ്പോഴും സുന്ദരിപ്പൂമ്പാറ്റയെ കാത്തിരിക്കുകയാ.

യുറീക്കയിൽ പ്രസിദ്ധീകരിച്ചൊരു കഥയാണിത്. ഇത്തരം നൂറുകണക്കിനു കഥകൾ യുറീക്കയിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റു പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയിൽനിന്നൊക്കെ നമ്മുടെ കുട്ടികൾക്ക് പറ്റിയ കഥകൾ തെരഞ്ഞെടുക്കണം. വിവിധ ഭാവങ്ങൾ അവതരിപ്പിക്കാൻ സാധിക്കുന്ന കഥകളാണുത്തമം. കുട്ടികൾക്ക് വിജയബോധവും ആത്മവിശ്വാസവും വളർത്താൻ കഥകൾ തെരഞ്ഞെടുത്ത് പ്രയോജനപ്പെടുത്താം.

കഥപറയുമ്പോൾ യാന്ത്രികമായി അവതരിപ്പിക്കാതെ ശബ്ദവ്യത്യാസവും അഭിനയവും ചേർത്ത് അവതരിപ്പിക്കണം. കുട്ടികളെ പങ്കാളികളാക്കിക്കൊണ്ട് കഥ അവതരിപ്പിക്കുന്നതാണേറ്റവും നല്ലത്. ഒരു ഉദാഹരണം ശ്രദ്ധിക്കൂ...

"അങ്ങനെ രാജകുമാരൻ തടവിലായി. രാജകുമാരി രാജകുമാരനെ അന്വേഷിച്ചു പുറപ്പെട്ടു (എന്താ കൂട്ടുകാരെ നിങ്ങൾ അനങ്ങാതിരിക്കുന്നത്? നിങ്ങൾ കൂടി അന്വേഷിക്കാൻ സഹായിക്കൂ... എല്ലാവരുംകൂടി അന്വേഷിക്കുന്നതായി അഭിനയിക്കുന്നു) അവസാനം രാജകുമാരനെ പൂട്ടിയിട്ട മുറി രാജകുമാരി കണ്ടെത്തി. രാജകുമാരി വാതിൽ തള്ളിനോക്കി. തുറന്നില്ല. ഒന്നുകൂടി ആഞ്ഞു തള്ളി. എന്നിട്ടും തുറന്നില്ല. (കൂട്ടുകാരെ നമുക്കൊന്നിച്ചു തള്ളിനോക്കാം. എല്ലാവരും കൂടി തള്ളുന്നു - പ്രത്യേക ശബ്ദത്തോടെ - ആ...... ഓയ്... വാതിൽ തുറന്നു) ഹാവൂ, വാതിൽ തുറന്നു.

ഒരിടത്തുനിന്നുകൊണ്ടുതന്നെ കഥ പറയാതെ കുട്ടികളുടെ അരികിൽ വരെ നടന്നും അഭിനയിച്ചും ചെന്ന് കഥപറയണം. കഥപറയാൻ കഴിയാത്തവരായി ആരുമില്ല. നിരന്തരം പരിശീലിച്ച് ആസ്വാദ്യകരമായ കഥ പറച്ചിൽ രീതി ബാലവേദികളിലൂടെ വളർത്തിയെടുക്കാൻ കഴിയണം. പ്രവർത്തകർക്കും കുട്ടികൾക്കും കഥകൾ അവതരിപ്പിക്കാം. വിശിഷ്ടാതിഥികളെ വിളിച്ച് കഥ പറയിക്കാം.

കൂട്ടായി കഥകൾ നിർമിക്കൽ

ഒരു കൂട്ടുകാരൻ/കൂട്ടുകാരി ഇഷ്ടമുള്ളൊരു കഥയുടെ ആദ്യവാക്യം പറയുന്നു. വട്ടമിട്ടിരിക്കുന്ന അടുത്ത കുട്ടി ആദ്യവാക്യത്തോട് ചേരുന്ന അടുത്തവാക്യം പറയുന്നു. ഇങ്ങനെ ഓരോ അംഗവും പുതിയ വാക്യങ്ങൾ ചേർത്ത് കഥ വലുതാക്കുന്നു. കഥ പുതിയ പുതിയ രൂപവും ഭാവവും കൈക്കൊണ്ട് രസകരമായി മുന്നേറുന്നത് കാണാം.

കുട്ടികളുടെ ഭാവന വളർത്താൻ ഉതകുന്ന നല്ലൊരു പ്രവർത്തനമായിരിക്കും ഇത്.

ഗദ്യരൂപത്തിലുള്ള കഥകൾ മാത്രമല്ല പദ്യരൂപത്തിലുള്ള കഥകളും ആവാം. കഥയുള്ള എത്രയെത്ര കവിതകളും പാട്ടുകളും ഉണ്ട്! വൈലോപ്പിള്ളിയുടെ 'മാമ്പഴം', ഒ.എൻ.വി. എഴുതിയ 'അമ്മ', ജിയുടെ 'ചന്ദനക്കട്ടിൽ'.... ഇവയൊക്കെ അവതരിപ്പിക്കാം.

കാര്യകഥകൾ

ബാലവേദികളിൽ സ്ഥിരം ക്ലാസുകൾ ഒഴിവാക്കിയേ പറ്റൂ. ക്ലാസുകളുടെ ഉള്ളടക്കം, രൂപം എന്നിവ കുട്ടികൾക്കു ദഹിക്കുന്നതും ആകർഷകവുമായിരിക്കണം. ലോകത്തു നടക്കുന്ന എന്തും കൊച്ചുകുഞ്ഞുങ്ങളുടെ തലയിൽ അടിച്ചു കയറ്റി സംതൃപ്തി പ്രകടിപ്പിച്ചിരുന്നിട്ടൊരു ഫലവുമില്ല. അതുകൊണ്ട് ക്ലാസെടുക്കുന്ന ആൾക്ക് ആഗ്രഹിക്കുന്ന ഒന്നും തന്നെ നേടാൻ പറ്റുന്നില്ല.

കുട്ടികൾക്ക് ക്ലാസുകൾ തീരെ വേണ്ട എന്നതല്ല ഇപ്പറഞ്ഞതിനർഥം. അവർകൂടി പങ്കാളികളാകുന്ന കൊച്ചു കൊച്ചു സംഭാഷണങ്ങൾ രസകരമായ

വതരിപ്പിക്കുന്ന കഥകളാവണം അവർക്കു നൽകുന്ന ക്ലാസുകൾ. ഇതിനാണ് കാര്യകഥ എന്നു പറയുന്നത്.

കാര്യകഥ അവതരിപ്പിക്കുന്നതിന് ഏറ്റവും നല്ല ഉദാഹരണങ്ങളിലൊന്ന് പരിഷത്ത് പ്രസിദ്ധീകരിച്ച പ്രകൃതി, ശാസ്ത്രം, സമൂഹം എന്ന പുസ്തകമാണ്. സയൻസ് ക്രീം പുസ്തകങ്ങൾ, യുറീക്കാമാലാ പുസ്തകങ്ങൾ, വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം എന്നിങ്ങനെ നിരവധി പുസ്തകങ്ങളിലെ ഉള്ളടക്കം കാര്യകഥാ രൂപത്തിലാണ്.

ക്ലാസിന്റെ തുടക്കവും ഒടുക്കവും കൂട്ടുകാരേ എന്ന് അഭിസംബോധന ചെയ്താൽ കുട്ടികൾക്ക് പറ്റിയതായി എന്ന സമീപനം ശരിയല്ല. കൂട്ടുകാരേ എന്നു വിളിക്കാതെതന്നെ കൂട്ടുകാരനായി മാറുന്ന അന്തരീക്ഷമാണുണ്ടാക്കേണ്ടത്. ധാരാളം കാര്യങ്ങൾ പറയാതെ പറയുന്നവയ്ക്ക് ധാരാളം ഉദാഹരണങ്ങൾ നൽകി, പ്രസംഗിക്കയാണെന്ന വിചാരം തീരെയില്ലാതെ തികച്ചും അനൗപചാരികമായ സംഭാഷണത്തിലൂടെ ധാരാളം കാര്യങ്ങൾ പറയാൻ കഴിയും.

നമ്മുടെ പ്രപഞ്ചത്തിന്റെ കഥ

മനുഷ്യന്റെ കഥ

പറക്കലിന്റെ കഥ

പിരമിഡിന്റെ കഥ

പണത്തിന്റെ കഥ

നദിയുടെ, മലയുടെ, മഴയുടെ, മഴവില്ലിന്റെ... അങ്ങനെ എത്ര കഥകളുമാവും. കഥപറയുന്ന ആൾ വിഷയവുമായി ബന്ധപ്പെട്ട പരമാവധി പുസ്തകങ്ങൾ വായിക്കാൻ ശ്രമിക്കണം. നോട്ടു തയ്യാറാക്കണം. അവതരിപ്പിക്കുന്ന രീതി പ്രവർത്തകരുമായി ചർച്ചചെയ്യണം. കഥ പറയുന്ന ആൾ മധ്യത്തിലും കുട്ടികൾ ചുറ്റും ഇരിക്കട്ടെ. ഇടയ്ക്കിടെ പാട്ടും തമാശകളും ആവാം. ചിത്രങ്ങളും വസ്തുക്കളും ഉപയോഗിക്കാം. ചോദ്യങ്ങളും ഉത്തരങ്ങളും വേണം. അവരിലൊരാളായി വേണം കഥപറയാൻ. ഇങ്ങനെ പറയുന്ന കാര്യങ്ങൾ കുട്ടികൾക്ക് ഒരിക്കലും സാധാരണ ക്ലാസായി അനുഭവപ്പെടില്ല. അവർ കോട്ടുവായിട്ട് മാഷെ ശപിക്കില്ല. തീർച്ച.

ഒരുവർഷം ചുരുങ്ങിയത് എത്ര വിഷയങ്ങൾ ഇങ്ങനെ അവതരിപ്പിക്കാം എന്നു നേരത്തെ കണക്കാക്കണം. ഓരോന്നിനും പറ്റിയ ആളെ കണ്ടെത്തണം. സ്ഥിരം 'നിലയവിദ്വാൻമാർ' പോര. ഇടയ്ക്കിടെ അതിഥികളെ വിളിച്ചു കഥ പറയിക്കണം. അനുബന്ധമായി കൊടുത്ത – ബാലവേദി പ്രവർത്തകർ വായിച്ചിരിക്കേണ്ട പുസ്തകങ്ങളിലെ ഉള്ളടക്കം കാര്യകഥയ്ക്ക് യോജിച്ചവയാണ്. അവയും യുക്തമെന്നു തോന്നുന്ന മറ്റു വിഷയങ്ങളും ആവാം.

കഥാപ്രസംഗം

കഥയും പാട്ടും അഭിനയവും കൂടിച്ചേർന്ന ഒരു കലയാണ് കഥാപ്രസംഗം. സാഹിത്യപഠന പ്രവർത്തനങ്ങളിൽ കഥാപ്രസംഗത്തിനും പ്രധാനപ്പെട്ട പങ്കുണ്ട്. സദസ്സിനെ അഭിമുഖീകരിക്കാനും, തന്മയത്വത്തോടെ ആശയാവിഷ്കാരം

നടത്താനും ഉള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുക്കാൻ കഥാപ്രസംഗത്തിലൂടെ എളുപ്പം സാധിക്കും.

ചന്ദനക്കട്ടിൽ, പൂതപ്പാട്ട്, ബുദ്ധനും നരിയും ഞാനും തുടങ്ങിയ കവിതകൾ, പ്രസിദ്ധങ്ങളായ കഥകൾ, സഡാക്കോ സസാക്കിയുടേതുപോലുള്ള പ്രസിദ്ധങ്ങളായ സംഭവകഥകൾ ഒക്കെ കഥാപ്രസംഗരൂപത്തിലാക്കി യുറീക്കയിലൂടെ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം കഥകൾ കഴിവുള്ള കൂട്ടുകാരെ പഠിപ്പിച്ചുകൊണ്ടു തുടങ്ങാം. ക്രമേണ, കഥാപ്രസംഗത്തിൽ താല്പര്യമുള്ള കുട്ടികളേയും വിദഗ്ധരേയും വിളിച്ചു ചേർത്ത് ഒരു പണിപ്പുര ബാലവേദിയിൽ നടത്താം. ആവശ്യമായ നിർദേശങ്ങൾ കൊടുത്താൽ കുട്ടികൾ തന്നെ കഥകൾ ശേഖരിക്കും. അവ കഥാപ്രസംഗമാക്കി മാറ്റാം. ഇങ്ങനെ രൂപപ്പെടുന്ന കഥാപ്രസംഗങ്ങൾ പൊതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാനുള്ള അവസരങ്ങൾ കുട്ടികൾക്കുണ്ടാക്കി കൊടുക്കുമ്പോഴേ ഈ പ്രവർത്തനം പൂർത്തിയാകുന്നുള്ളൂ. ബാലവേദി വാർഷികങ്ങൾ, മറ്റു പൊതുയോഗങ്ങൾ, ബാലവേദി മാസക്കൂട്ടം, റേഡിയോവിലെ ബാലലോകം – ഈ സാധ്യതകളൊക്കെ ഉപയോഗപ്പെടുത്താം.

കടങ്കഥാ കേളി

കുട്ടികളുടെ ഭാവനയെ പോഷിപ്പിക്കുന്നതിനും, ബുദ്ധി വികാസത്തിനും, പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിനുള്ള കഴിവ് വർധിപ്പിക്കുന്നതിനും വിനോദത്തിനും സഹായകമായവയാണ് കടങ്കഥകൾ. നൂറുകണക്കിന് കടങ്കഥകളുടെ ഉടമകളായി ബാലവേദി കൂട്ടുകാർ മാറണം. അതിനുവേണ്ടി ബാലവേദികളിൽ സംഘടിപ്പിക്കാവുന്ന ഒരു വിനോദ പ്രവർത്തനമാണ് കടങ്കഥാകേളി. ഇതൊരു രസകരമായ മത്സരമാണ്. കുട്ടികളെ രണ്ട് ഗ്രൂപ്പാക്കി തിരിക്കാം. ഓരോ ഗ്രൂപ്പും കിട്ടാവുന്ന കടങ്കഥകൾ ശേഖരിക്കട്ടെ. മത്സരം ഇങ്ങനെയാവാം: ഒന്നാമത്തെ ഗ്രൂപ്പിലെ ഒരു കുട്ടി ഒരു കടങ്കഥ പറയുന്നു. അടുത്ത ഗ്രൂപ്പ് ആലോചിച്ച് ഉത്തരം പറയുന്നു. മൂന്ന് അവസരങ്ങൾ കൊടുക്കാം. ഉത്തരം പറഞ്ഞാൽ അടുത്ത കടങ്കഥ ചോദിക്കാനുള്ള അവകാശം ആ ഗ്രൂപ്പിനായിരിക്കും. ശരിയായ ഉത്തരങ്ങൾക്ക് ഒരു പോയന്റ് വീതം നൽകാം. കൂടുതൽ പോയന്റ് നേടിയ ഗ്രൂപ്പ് വിജയിച്ചതായി പ്രഖ്യാപിക്കണം. സമ്മാനവും നൽകാം.

കടങ്കഥകളിൽ മിക്കവയും പാട്ടുകളാണ്. അതുകൊണ്ടുതന്നെ അവ താളത്തിൽ പാടി അവതരിപ്പിക്കാനുള്ള താല്പര്യം കുട്ടികളിൽ വളർത്തിയെടുക്കണം.

പഴഞ്ചൊൽ പയറ്റ്

കടങ്കഥാകേളിപോലെതന്നെ നടത്താവുന്ന ഒരു പരിപാടിയാണ് പഴഞ്ചൊൽ പയറ്റ്. ഒന്നാമത്തെ ഗ്രൂപ്പിലെ ഒരു കൂട്ടുകാരൻ ഒരു പഴഞ്ചൊല്ല് പറയുന്നു. ഉരുളയ്ക്കുപ്പേരിപോലെ അടുത്ത ഗ്രൂപ്പിലെ ഒരാൾ മറ്റൊരു പഴഞ്ചൊല്ലിലൂടെ അതിനു മറുപടി പറയുന്നു. ഇതു തുടരാം. ഏതു ഗ്രൂപ്പാണോ നിശ്ചിത സമയത്തിനുള്ളിൽ പഴഞ്ചൊല്ലു കിട്ടാതെ വിഷമിക്കുന്നത്, അവർക്ക് പോയന്റു

കുറയും. ചില പഴഞ്ചൊല്ലുമായി ബന്ധപ്പെട്ട കഥകളുണ്ടാവാം. അത് സന്ദർഭത്തിൽ പറഞ്ഞുകൊടുത്ത് പരിപാടി കൂടുതൽ ആസ്വാദ്യകരമാക്കാം.

കവിതാ സദസ്സ്

കവിതയിൽ സംഗീതവുമുണ്ട്, കഥയുമുണ്ട്. ഇവ രണ്ടും കുട്ടികളെ ആകർഷിക്കുന്ന ഘടകങ്ങളാണ്. ബാലവേദിയിൽ കവിതകൾ അവതരിപ്പിക്കുന്നത് ഒരു പ്രത്യേക ലക്ഷ്യത്തെ മുൻനിർത്തിയാണ്. കവിത ആസ്വദിക്കാൻ കഴിവുള്ള മനസ്സുകളുടെ ഉടമകളാക്കി ബാലവേദി കൂട്ടുകാരെ മാറ്റിത്തീർക്കുക എന്നതാണ് ആ ലക്ഷ്യം. അതുകൊണ്ട് അത്തരം കവിതകൾ ശേഖരിച്ച് ബാലവേദികളിൽ പാടി അവതരിപ്പിക്കാവുന്നതാണ്.

ഉദാ: ആവണിപ്പാടം (ഒരുതൈ നടുമ്പോൾ)– ഒ.എൻ.വി., കുയിലും മിന്നാമിനുങ്ങും – ജി., വാഴക്കുല – ചങ്ങമ്പുഴ, പൂതപ്പാട്ട് – ഇടശ്ശേരി, കുഞ്ഞുണ്ണിക്കവിതകൾ തുടങ്ങിയവ. മാസത്തിലൊരു തവണയെങ്കിലും ബാലവേദി കൂട്ടുകാർക്ക് കവിതകൾ പാടി അവതരിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കണം. കൂട്ടുകാർ അവർക്കിഷ്ടമുള്ള ഏത് കവിതയും ചൊല്ലട്ടെ. സ്വന്തമായി കവിത രചിച്ച് അവതരിപ്പിക്കാൻ പ്രോത്സാഹിപ്പിക്കയും വേണം.

സാഹിത്യകാരനും കുട്ടികളും

കവികൾ, കഥാകൃത്തുകൾ, നോവലിസ്റ്റുകൾ തുടങ്ങിയ സാഹിത്യകാരന്മാരുമായി ബാലവേദി കൂട്ടുകാർക്ക് ഇടപഴകാൻ അവസരം സൃഷ്ടിക്കണം. സാഹിത്യകാരന്മാരോട് കുട്ടികൾ അവർക്കിഷ്ടമുള്ള കാര്യങ്ങൾ ചോദിക്കട്ടെ. തുടർന്ന് സാഹിത്യകാരൻ തന്റെ കൃതി കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. ആ സൃഷ്ടിയെക്കുറിച്ചും ചർച്ചയാവാം. ഈ കൂടിച്ചേരലിന് പ്രകൃതിസുന്ദരമായ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നത് അനുയോജ്യമായിരിക്കും.

പ്രസംഗം

ഓരോ കുട്ടിക്കും തന്റെ മനസ്സിലുള്ള ആശയങ്ങൾ സദസ്സിനുമുമ്പിൽ നിസ്സങ്കോചം വ്യക്തമായി അവതരിപ്പിക്കാനും ബോധ്യപ്പെടുത്താനും ഉള്ള കഴിവ് വികസിപ്പിച്ചെടുക്കുകയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. അതുകൊണ്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾ ബാലവേദിയിൽ നടത്താവുന്നതാണ്.

കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. ഒരു കൂട്ടുകാരൻ മധ്യത്തിലും. ചുറ്റും നിൽക്കുന്ന കൂട്ടുകാർ അവനെക്കുറിച്ചുള്ള കാര്യങ്ങൾ ചോദിക്കുന്നു. ഉദാ:– നിന്റെ പേരെന്ത്? വീട്ടിലാരൊക്കെയുണ്ട്? മുതലായവ. കൂട്ടുകാരൻ ഇതിനൊക്കെ മറുപടി പറയും. ഇത് മാറിമാറി ഓരോ കുട്ടിയെക്കൊണ്ടും ചെയ്യിക്കണം. ഇങ്ങനെ ചോദ്യങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടിക്ക് സദസ്സിനെ അഭിമുഖീകരിക്കാൻ ശക്തിയുള്ള മനസ്സ് ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ കളി ക്രമത്തിൽ വികസിപ്പിച്ചെടുക്കണം. കൂട്ടുകാരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനു പകരം ഓരോ കുട്ടിയും അവനവനെക്കുറിച്ച് ചില കാര്യങ്ങൾ സദസ്സിനു മുമ്പാകെ വിശദീകരിക്കുന്നു. ഇതിനെ ഒന്നുകൂടി വികസിപ്പിച്ച് ബാലവേദിയിലെ ഒരു കൂട്ടുകാരൻ/കൂട്ടുകാരി മറ്റൊരു കൂട്ടുകാരൻ/

കൂട്ടുകാരിയെക്കുറിച്ച് ചില കാര്യങ്ങൾ അവതരിപ്പിക്കുന്നു. അടുത്ത ഘട്ടത്തിൽ ഓരോ കുട്ടിയും അവനിഷ്ടപ്പെട്ട ഒരു വിഷയത്തെക്കുറിച്ച് അഞ്ചോ ആറോ വാചകങ്ങൾ അവതരിപ്പിക്കുന്നു. പിന്നീട് വിഷയം തീരുമാനിച്ച് ഓരോ കുട്ടിയും പഠിച്ചുവന്ന് അവതരിപ്പിക്കുകയും ചർച്ചചെയ്യുകയും ചെയ്യുന്ന രീതിയിലേക്ക് വളർത്തിക്കൊണ്ടു വരണം.

പുസ്തക പരിചയം

പുസ്തകങ്ങളിൽ നിന്നും വായനശാലകളിൽനിന്നും കുട്ടികൾ അകന്നുപോകുന്ന കാഴ്ചയാണ് ഇന്ന് കണ്ടുവരുന്നത്. ചിത്രകഥകളുടെ അതിപ്രസരം മൂലം ഗൗരവമായ വായന ഇന്ന് കുട്ടികളിലില്ല. കൂടാതെ ടി.വി. തുടങ്ങിയ മാധ്യമങ്ങളും കുട്ടികളുടെ വായനാശീലത്തെ നശിപ്പിക്കുന്നതിൽ മോശമല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. ഇങ്ങനെ കുട്ടികളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വായനാശീലത്തെ തിരിച്ചുകൊണ്ടുവരാൻ ബാലവേദികൾക്കു സാധിക്കണം. അതിനുവേണ്ടിയുള്ള പരിപാടികളും ബാലവേദി പ്രവർത്തനത്തിന്റെ ഭാഗമാകണം.

1. കുട്ടികൾക്കായുള്ള കുറെ പുസ്തകങ്ങൾ സംഘടിപ്പിക്കുക.

ഉദാ: സയൻസ് ക്രീം പുസ്തകങ്ങൾ, വിജ്ഞാന പരീക്ഷാ പുസ്തകങ്ങൾ, മറ്റു ബാലസാഹിത്യ കൃതികൾ.

ഈ പുസ്തകങ്ങൾ കൂട്ടുകാർക്ക് വിതരണം ചെയ്യുക. ഓരോ കുട്ടിയും തനിക്കു കിട്ടിയ പുസ്തകം വായിച്ച് കുറിപ്പ് തയ്യാറാക്കട്ടെ. (കുറിപ്പ് തയ്യാറാക്കുന്ന രീതി കുട്ടികളെ പരിചയപ്പെടുത്തുന്നത് നന്നാവും) ആഴ്ചയിൽ ബാലവേദി ചേരുമ്പോൾ ഓരോ പുസ്തകം ചുമതലപ്പെട്ട കൂട്ടുകാർ പരിചയപ്പെടുത്തട്ടെ. തുടക്കത്തിൽ പോരായ്മകൾ കണ്ടേക്കാം. ക്രമേണ ഈ രംഗത്ത് അവരുടെ കഴിവ് വികസിക്കുന്നതു കാണാം. അതുകൊണ്ട് ഈ പരിപാടി തുടർച്ചയായി നടത്തണം.

കൂട്ടത്തിൽ നടത്തേണ്ടുന്ന ഒരു പ്രധാന പരിപാടിയാണ് യുറീക്ക വായിച്ച് വിലയിരുത്തൽ. യുറീക്കയിലെ ഓരോ കഥയും, പാട്ടും മറ്റു പംക്തികളും ഒരു കൂട്ടുകാരൻ ഉച്ചത്തിൽ വായിക്കട്ടെ. കഥ വായിക്കുമ്പോൾ കഥാപാത്രത്തിനനുസരിച്ച് ശബ്ദം മാറ്റി വായിക്കാനും, പാട്ടുകൾ ഈണത്തിൽ പാടി അവതരിപ്പിക്കാനും പ്രോത്സാഹിപ്പിക്കണം.

ഒഴിവുകാല വായനശാല

കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് ഉപയോഗിക്കാവുന്ന മറ്റൊരു പരിപാടിയാണ് ഒഴിവുകാല വായനശാല. എല്ലാ കൂട്ടുകാർക്കും എത്തിച്ചേരാവുന്ന ഒരു സ്ഥലത്തായിരിക്കണം വായനശാല കെട്ടേണ്ടത്. കുട്ടികൾ സംഘമായി വീടുകയറി പുസ്തകങ്ങൾ ശേഖരിക്കട്ടെ. കൂട്ടത്തിൽ ബാല മാസികകൾ, പത്രം, വാരിക തുടങ്ങിയ ആനുകാലികങ്ങളും ശേഖരിക്കണം. കുട്ടികൾക്കിരുന്നു വായിക്കാനുള്ള മിനിമം സൗകര്യം വായനശാലയിൽ ഒരുക്കണം. ചുറ്റുപാടുമുള്ള മരത്തണലുകളും മറ്റും ഉപയോഗപ്പെടുത്താനും ശ്രദ്ധിക്കണം. കുട്ടികളുടെ കമ്മിറ്റിയാണ് വായനശാലയുടെ നടത്തിപ്പിന് നേതൃത്വം കൊടു

ക്കേണ്ടത്. ഓരോ ദിവസവും വായനശാലയിലെത്തുന്ന കുട്ടികളുടെ പേരു വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കണം. ഓണം, ക്രിസ്തുമസ്, മധ്യവേനൽ അവധിക്കാലങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തണം.

കയ്യെഴുത്തുമാസിക

സാഹിത്യ രചന നടത്താനുള്ള കഴിവ് കുട്ടികളിൽ ഏറിയും കുറഞ്ഞുമുണ്ട്. പക്ഷെ, ഇന്ന് അവർക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. ബാലവേദികളിലെങ്കിലും ഇതിനുള്ള അവസരം സൃഷ്ടിക്കാൻ കഴിയണം. കയ്യെഴുത്തു മാസികകൾ പ്രസിദ്ധീകരിക്കൽ പലതരം കഴിവുകൾ വികസിപ്പിക്കാനുതകുന്ന ഒരു നല്ല പ്രവർത്തനമാണ്.

തുടക്കത്തിൽ ചുമർ മാസിക ഒരു പ്രവർത്തനമായി കൊടുക്കാവുന്നതാണ്. ബാലവേദിയിലെ ഓരോ കൂട്ടുകാരനും അവരവരുടെ സൃഷ്ടികൾ തയ്യാറാക്കട്ടെ. കഥ, പാട്ട്, ചിത്രം, കടങ്കഥ, പഴഞ്ചൊല്ലുകൾ, വാർത്തകൾ, വിജ്ഞാന ശകലങ്ങൾ, ശാസ്ത്രക്വിസ് ഇങ്ങനെ എന്തുമാവാം. തുടക്കത്തിൽ സ്വന്തമായ രചന എല്ലാ കൂട്ടുകാർക്കും സാധ്യമായെന്നുവരില്ല. അങ്ങനെയുള്ള കൂട്ടുകാർക്ക് അവരിഷ്ടപ്പെടുന്ന കഥകൾ, കവിതകൾ തുടങ്ങിയവ കൂട്ടുകാർക്ക് പരിചയപ്പെടുത്തുന്ന തരത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകണം. പഴയ കലണ്ടറുകളുടെയും, പോസ്റ്ററുകളുടെയും മറുഭാഗം മാസിക നിർമാണത്തിനു വേണ്ടി ഉപയോഗപ്പെടുത്താം. നന്നായി എഴുതാനും വരയ്ക്കാനും കഴിവുള്ള കൂട്ടുകാരുടെ സഹായത്തോടെ മാസിക പരമാവധി ഭംഗിയാക്കാൻ കഴിയും. ഈ മാസികകൾ ജനങ്ങൾ ഒത്തുകൂടുന്ന സ്ഥലങ്ങളിൽ (വായനശാല, ബസ്‌വെയ്റ്റിംഗ് ഷെഡ്, സ്കൂൾ പരിസരങ്ങൾ) പതിക്കണം. ഈ പ്രവർത്തനം തുടർച്ചയായി കൊണ്ടുപോകാൻ ശ്രദ്ധിക്കണം. ചുമർ മാസിക പോലെതന്നെ ഇൻലാന്റ്, പോസ്റ്റ്കാർഡ് എന്നിവയും ഉപയോഗപ്പെടുത്താം. ക്രമേണ പുസ്തകരൂപത്തിലുള്ള മാസികകളിലേക്ക് ഈ പ്രവർത്തനം വളർത്തിക്കൊണ്ടുവരണം.

കുട്ടികൾ നേതൃത്വം നൽകുന്ന ഒരു പത്രാധിപസമിതിയും മുതിർന്നവർ ഉൾപ്പെടുന്ന ഒരു ഉപദേശക സമിതിയും രൂപീകരിച്ചായിരിക്കണം പ്രവർത്തനം നടത്തേണ്ടത്.

4
പരീക്ഷണങ്ങൾ

നിരീക്ഷിക്കുകയും, പരീക്ഷിക്കുകയും, നിഗമനങ്ങളിലെത്തുകയും, ആ നിഗമനങ്ങളെ പ്രയോഗിച്ചു നോക്കുകയും, വീണ്ടും കൂടുതൽ അറിവുനേടുകയും ചെയ്യുക എന്ന ശാസ്ത്ര സമീപനരീതി ശാസ്ത്രപരീക്ഷണങ്ങൾ വഴി സ്വായത്തമാക്കാൻ അവസരങ്ങൾ സൃഷ്ടിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടായിരിക്കണം പരീക്ഷണങ്ങൾ നടത്തേണ്ടത്. ശാസ്ത്രവും ജീവിതവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടെന്ന് ഈ പരീക്ഷണങ്ങളിലൂടെ കുട്ടി മനസ്സിലാക്കുന്നു. ശാസ്ത്ര തത്വങ്ങൾ അറിയുക മാത്രമല്ല, സ്വജീവിതത്തിൽ അവ സ്വാംശീകരിക്കുകയും ചെയ്യണം. ഇതിനു സഹായകരമായവിധം പരീക്ഷണങ്ങൾ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. മെഴുകുതിരി സീസോ

ഒരു ചെറിയ മെഴുകുതിരി എടുക്കുക. അതിന്റെ ഒരു ഭാഗത്ത് തിരിയുണ്ടാകുമല്ലോ. ഇനി ബ്ലേഡുപയോഗിച്ച് മറുഭാഗത്തെ മെഴുക് അല്പം ചെത്തിക്കളഞ്ഞ് ആ ഭാഗവും കത്തിക്കാൻ പാകത്തിൽ ക്രമീകരിക്കുക. ഇനി അതിന്റെ മധ്യത്തിൽക്കൂടി (ഗുരുത്വ കേന്ദ്രത്തിൽ) ഒരു മൊട്ടുസൂചി തുളച്ചു കയറ്റണം. രണ്ട് ഗ്ലാസ് അടുപ്പിച്ച് വച്ച് അതിന്മേൽ മൊട്ടുസൂചി താങ്ങി നിർത്തി മെഴുകുതിരി ബാലൻസ് ചെയ്ത് നിർത്തുക. മെഴുകുതിരിയുടെ രണ്ടറ്റത്തും തീ കൊളുത്തുക. ക്രമേണ മെഴുകുതിരി ഒരു 'സീസോ' കണക്കെ ഉയരുകയും താഴുകയും ചെയ്തു തുടങ്ങുന്നു.

കാരണം: മെഴുകുതിരിയുടെ ഒരു ഭാഗം കത്തുമ്പോൾ മെഴുക് ഉരുകി ആ ഭാഗത്തിന്റെ ഭാരം കുറയുകയും, പ്രസ്തുത ഭാഗം ഉയരുകയും മറുഭാഗം താഴുകയും ചെയ്യുന്നു. തുടർന്ന് മറു ഭാഗത്തെ മെഴുക് ഉരുകി ഭാരം കുറയുകയും ആ ഭാഗം ഉയരുകയും ചെയ്യുന്നു.

2. കത്താത്ത കടലാസുപാത്രം

ഒരു കടലാസ്, പാത്രത്തിന്റെ രൂപത്തിൽ ഒട്ടിച്ചെടുക്കുക. അല്പം വെള്ളമൊഴിച്ച് മെഴുകുതിരി ജ്വാലയിൽ കാണിച്ച് ചൂടാക്കുക. കടലാസ് കത്തുന്നില്ല. മാത്രമല്ല വെള്ളം ചൂടാവുകയും ചെയ്യുന്നു.

കാരണം: കടലാസ് കത്താനാവശ്യമായ താപം അതിൽ കേന്ദ്രീകരിക്കുന്നതിനു മുമ്പ്, കിട്ടിയ താപം ജലം ചൂടാവുന്നതിന് കൈമാറുന്നു. അങ്ങനെ കടലാസ് കത്താനുള്ള താപം ലഭിക്കാത്തതുകൊണ്ട് കടലാസ് കത്തുന്നില്ല. വെള്ളം തിളച്ചാലും കടലാസ് കത്തുകയില്ല.

3. ഒട്ടിപ്പിടിക്കുന്ന കുപ്പി

ഒരു ഹോർലിക്സ് കുപ്പിയിൽ ചെറിയ കഷ്ണം കടലാസ് കത്തിച്ചിടുക. ഉടനെ തന്നെ കുപ്പിയുടെ വായ്ഭാഗം ഉള്ളം കൈകൊണ്ട് അടച്ചുപിടിക്കുക. കൈ പൊക്കുമ്പോൾ കൂടെ കുപ്പിയും കയ്യിൽ ഒട്ടിപ്പിടിച്ചതുപോലെ ഉയരുന്നതു കാണാം.

കാരണം: കടലാസ് കത്തിച്ചിട്ടാൽ കുപ്പിയിലെ വായു ചൂടായി വികസിച്ച് പുറത്തേക്കു പോകുന്നു. പെട്ടെന്നുതന്നെ കൈകൊണ്ട് വായ് അടയ്ക്കുന്നു. ഓക്സിജൻ തീരുന്നതുവരെ കടലാസ് കത്തുകയും പിന്നീട് അണഞ്ഞുപോകുകയും ചെയ്യുന്നു. അപ്പോൾ കുപ്പിയിലെ വായു മർദം പുറത്തുള്ളതിനേക്കാൾ കുറയുന്നു. പുറത്തെ മർദം കൂടുതലായതിനാൽ കൈ കുപ്പിയിൽ ഒട്ടിപ്പിടിക്കുന്നു.

4. മുങ്ങിക്കളിക്കുന്ന മിഠായി

ഒരു സോഡ പൊട്ടിച്ച് ഗ്ലാസിൽ ഒഴുക്കുക. ഒരു പാറ്റ മിഠായി അതിലിട്ടാൽ വെള്ളത്തിനടിയിലേക്കു പോകുന്നതു കാണാം. ക്രമേണ അത് ദ്രാവകോപരിതലത്തിൽ വരികയും വീണ്ടും അടിയിലേക്കു പോകുകയും ചെയ്യുന്നു. ഈ പ്രവർത്തനം കുറേ നേരം തുടർന്നുകൊണ്ടിരിക്കും.

കാരണം: സോഡാ വെള്ളത്തിലെ കാർബൺഡൈ ഓക്സൈഡ് മിഠായിയിൽ പറ്റിപ്പിടിക്കുകയും അപ്പോൾ അതിന്റെ ശരാശരി സാന്ദ്രത കുറഞ്ഞ് ഉപരിതലത്തിലെത്തുകയും ചെയ്യും. ഉപരിതലത്തിലെത്തുമ്പോൾ വാതക കുമിളകൾ പൊട്ടി അന്തരീക്ഷത്തിൽ ലയിക്കുന്നു. അപ്പോൾ സാന്ദ്രത കൂടുകയും മിഠായി താഴുകയും ചെയ്യുന്നു.

5. ഒരു പുഴുങ്ങിയ മുട്ട മിനുസമുള്ള പ്രതലത്തിൽവച്ച് കറക്കുക. പുഴുങ്ങാത്ത മറ്റൊരു മുട്ടയും അതേ പ്രകാരം ചെയ്യുക. ഏതാണ് കൂടതൽ നേരം കറങ്ങിക്കൊണ്ടിരിക്കുന്നത്?

ഇതിൽ നിന്ന്, പുഴുങ്ങിയതും പുഴുങ്ങാത്തതുമായ മുട്ട ഇടകലർന്നു പോയാൽ തിരിച്ചറിയാനുള്ള ഒരു മാർഗം നിർദേശിക്കാമോ?

ഇതിന്റെ കാരണം സ്വയം കണ്ടുപിടിക്കുക.

6. മേശപ്പുറത്ത് ഒരു പലക വയ്ക്കുക. പലകയുടെ മധ്യഭാഗം മേശവക്കിനു വരത്തക്കവിധം പകുതി ഭാഗം പുറത്തേക്കു തള്ളി വയ്ക്കണം. പലകയുടെ അറ്റത്ത് ഒന്നു തട്ടിയാൽ പലക താഴെ വീഴും. വീണ്ടും അതുപോലെ വച്ച് മേശ മുഴുവൻ മൂടത്തക്ക വിധം ന്യൂസ് പേപ്പർ വിരിക്കുക. പലകയുടെ മേശമേലുള്ള ഭാഗവും കടലാസ്കൊണ്ട് മൂടിയിരിക്കും. ഇനി പലകയുടെ കടലാസ് മൂടാത്ത തള്ളിനിൽക്കുന്ന അറ്റത്ത് അടിച്ചുനോക്കൂ. പലക വീഴുന്നില്ല. ഒരു കടലാസിന് ഇത്രയും ഭാരമോ?

കാരണം: അന്തരീക്ഷം മർദം പ്രയോഗിക്കുന്നുണ്ട്. ഒരു ചതുരശ്ര സെന്റി മീറ്റർ സ്ഥലത്ത് ഏകദേശം ഒരു കി.ഗ്രാം ഭാരമാണ് പ്രയോഗിക്കുന്നത്. നേരത്തെ പലകയിൽ ഒന്നു തട്ടിയപ്പോൾ വീണു. എന്താവും കാരണം? പലകയുടെ മധ്യഭാഗം മേശയുടെ വക്കിൽ വരത്തക്കവിധമല്ലേ വച്ചത്. അന്തരീക്ഷം പലകയുടെ എല്ലാഭാഗത്തും മർദം പ്രയോഗിക്കുന്നുണ്ട്. അടിച്ചപ്പോൾ അല്പം മർദം ആ ഭാഗത്തു കൂടി. പലക താഴെ വീണു. എന്നാൽ കടലാസ് വിരിച്ചപ്പോഴോ? ന്യൂസ് പേപ്പറിന്റെ മുകളിൽ വായു പ്രയോഗിക്കുന്ന മർദത്തെക്കൂടി എതിരിട്ടാലേ പലകയ്ക്ക് വീഴാൻ സാധിക്കൂ. അത് വളരെ വലുതായിരിക്കും.

വെള്ളത്തിൽ കത്തുന്ന മെഴുകുതിരി

ഉയരമുള്ള ഒരു പാത്രത്തിൽ നിറയെ വെള്ളമെടുത്ത് അതിൽ ഒരു മെഴുകുതിരി ഇട്ടു നോക്കുക. എങ്ങനെയാണത് നിൽക്കുന്നത്? കുത്തനെയാണോ? അല്ല. അതിനെ കുത്തനെ നിർത്താനെന്താ ഒരു വഴി? കുറെ ചെറിയ ഇരുമ്പാണിയോ മൊട്ടുസൂചിയോ മെഴുകുതിരിയുടെ അടിഭാഗത്ത് കുത്തിനിർത്തുക. വേണ്ടത്രയായാൽ മെഴുകുതിരി വെള്ളത്തിൽ കുത്തനെ നിൽക്കുന്നത് കാണാം. ഇനി അത് കത്തിക്കുക. ഒരേ ഉയരത്തിൽനിന്നുകൊണ്ടുതന്നെ മെഴുകുതിരി അടിഭാഗംവരെ കത്തുന്നതു കാണാം. മറ്റെന്തൊക്കെയാണ് സംഭവിക്കുന്നത് എന്ന് നല്ലതുപോലെ നിരീക്ഷിച്ചു കുറിച്ചുവയ്ക്കുക.

മെഴുകുതിരി കുത്തനെ നിൽക്കാനെന്താണ് കാരണം? പറയാമോ? മെഴുകുതിരിയുടെ ഏകദേശം മധ്യത്തിലാണ് അതിന്റെ ഗുരുത്വകേന്ദ്രം. ഭാരമുള്ള ഇരുമ്പാണി അടിഭാഗത്തുറപ്പിച്ചാൽ അതിന്റെ ഗുരുത്വകേന്ദ്രം താഴോട്ടു വരികയും സ്ഥിരത കൂടുകയും ചെയ്യും. അങ്ങനെ മെഴുകുതിരി കുത്തനെ നിൽക്കുന്നു. നിങ്ങൾ നിരീക്ഷിച്ച മറ്റ് കാര്യങ്ങൾക്കൊക്കെ കാരണം കണ്ടെത്താൻ ശ്രമിക്കുക.

5

പ്രോജക്ടുകൾ

അധ്യാപകർക്കോ രക്ഷിതാക്കൾക്കോ പുസ്തകങ്ങൾക്കോ വിദഗ്ധർക്കോ ഉത്തരം പറയാൻ കഴിയാത്ത പല പ്രശ്നങ്ങളും നമ്മുടെ കുട്ടികൾ ഉന്നയിക്കാറുണ്ട്. അതിനൊന്നും മറുപടിയില്ലെന്നു പറഞ്ഞ് മിണ്ടാതിരിക്കരുത്. സ്വയം ഉത്തരമന്വേഷിച്ച് കണ്ടെത്താൻ അവരെ പ്രോത്സാഹിപ്പിക്കണം. ഇതിനു വേണ്ടി ശാസ്ത്രജ്ഞന്മാർ ചെയ്യുന്നതുപോലെ നിരീക്ഷണവും പരീക്ഷണവും മാപനവുമൊക്കെ നടത്തേണ്ടി വരും. ഇപ്രകാരം പ്രകൃതിയെക്കുറിച്ച് നമുക്കുണ്ടാകുന്ന സംശയങ്ങൾക്ക് ശാസ്ത്രീയമായ പരിഹാരമന്വേഷിക്കാനുള്ള ആസൂത്രിത പരിപാടികളാണ് ശാസ്ത്രാന്വേഷണ പ്രോജക്ടുകൾ. കുട്ടികളുടെ അന്വേഷണ ശീലം വളർത്താനും ശാസ്ത്രീയ സമീപനത്തിൽ അവർക്ക് പരിശീലനം നൽകാനും പ്രോജക്ടുകൾപോലെ ഫലപ്രദമായ പരിപാടികൾ വേറെയില്ല. ശാസ്ത്രത്തിന്റെ രീതിയിൽ ഒരു പ്രശ്നത്തിന് ഉത്തരം കാണുന്ന ഒരു കുട്ടിക്ക് അതുകൊണ്ടുണ്ടാവുന്ന നേട്ടങ്ങൾ പലതാണ്. ഈ പ്രശ്നത്തിന് ലോകത്തിൽ ആദ്യമായി ഉത്തരം കണ്ടെത്തിയത് താനാണെന്ന അഭിമാന ബോധത്തോടൊപ്പം കണ്ടുപിടുത്തത്തിന്റെ ആനന്ദവും അവൻ അനുഭവിക്കുന്നു. ശാസ്ത്രീയ സമീപനം നൽകുന്ന മാനസികമായ അച്ചടക്കവും ചിട്ടയും ക്രമവും താനറിയാതെ അവന്റെ സ്വഭാവത്തിന്റെ ഭാഗമാകുന്നു. സ്വന്തം പ്രോജക്ട് വിജയിപ്പിക്കാൻ വേണ്ട അറിവ് വായനയിൽക്കൂടിയും, വിദഗ്ധരുമായുള്ള ചർച്ചകളിൽക്കൂടിയും അവൻ നേടുകയും ചെയ്യുന്നു.

എന്താണ് പ്രോജക്ട്? ഒരു പ്രശ്ന പരിഹാരത്തിനുവേണ്ടിയുള്ള ചിട്ടയായ പ്രവർത്തന രീതിയാണ് പ്രോജക്ട്. അപ്പോൾ ഈ പ്രവർത്തനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം പ്രശ്നപരിഹാരമാണ് എന്നർഥം. പക്ഷേ, പ്രശ്നപരിഹാരം നടക്കണമെങ്കിൽ പ്രശ്നം ഉണ്ടാവണം.

നമ്മുടെ നിത്യജീവിതത്തിൽ പ്രശ്നങ്ങൾക്ക് ക്ഷാമമില്ല. പക്ഷേ, പലതിന്റെയും പ്രശ്നപരിഹാരം നിങ്ങളുടെ നിയന്ത്രണങ്ങൾക്കപ്പുറത്തായിരിക്കുകയും ചെയ്യും. അപ്പോൾ അത്തരം പ്രശ്നങ്ങൾ ആദ്യഘട്ടങ്ങളിൽ തെരഞ്ഞെടുക്കാൻ പാടില്ല. മാത്രവുമല്ല, നിങ്ങൾക്ക് പ്രയോജനകരമെന്നു തോന്നുന്ന ചില പ്രോജക്ടുകൾ എടുക്കുന്നതാവും ഏറ്റവും നല്ലത്.

എങ്ങനെ പ്രോജക്ടുകളിൽ പ്രശ്നപരിഹാരം കണ്ടെത്താം

ഏത് പ്രശ്നപരിഹാരത്തേയുംപോലെ പ്രോജക്ടും ഒരു പ്രശ്ന പരിഹാരമാണ്. അതിനാൽ അതിലെ പ്രധാന ഘട്ടങ്ങൾ –

1. പ്രശ്നത്തിന്റെ പ്രസ്താവന:

വ്യക്തമായും സ്പഷ്ടമായും പ്രശ്നം പ്രസ്താവിക്കണം.

2. പ്രശ്നത്തിനെപ്പറ്റിയുള്ള അപഗ്രഥനം:

ഈ അപഗ്രഥനം തന്നെ പലപ്പോഴും പ്രശ്നപരിഹാരത്തിലേക്ക് നീങ്ങും.

3. പ്രശ്നം പരിഹരിക്കാനുള്ള സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക.

4. ഈ സ്ഥിതിവിവരക്കണക്കുകളെ ക്രമീകരിച്ച് ചിട്ടപ്പെടുത്തുക.

5. നിഗമനങ്ങളിലെത്തുക.

6. നിഗമനങ്ങൾ ശരിയാണോ എന്നറിയാൻ കൂടുതൽ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക.

7. മുൻ നിഗമനങ്ങളിൽ തിരുത്തുകൾ ആവശ്യമെങ്കിൽ വരുത്തുക. അങ്ങനെ നിഗമനങ്ങൾ ഒന്നുകൂടി ഉറപ്പിക്കുക.

ചെറിയ ചില പ്രോജക്ടുകളിൽ തുടങ്ങാം:

1. കുട്ടികളുടെ കൈകൾ വൃത്തിയുള്ളതാണെന്ന് തോന്നുമെങ്കിലും അവ അങ്ങനെയായിരിക്കണമെന്നില്ല. അതിനാൽ കുട്ടികളോട് അവരുടെ കൈകളുടെ ഒരു ദിവസത്തെ 'ഡയറി' എഴുതാൻ/വരയ്ക്കാൻ പറയുക. അങ്ങനെ കൈകളിൽ മാലിന്യം ഉണ്ടാവാൻ കൂടുതൽ സാധ്യതയുള്ള കാര്യങ്ങൾ കണ്ടുപിടിക്കുക. ഒരാഴ്ച കുട്ടികൾ എപ്പോഴൊക്കെ കൈകഴുകി എന്നതിന്റെ രേഖ സൂക്ഷിക്കട്ടെ. കൈ എപ്പോഴൊക്കെ മലിനമായി എന്നു കണ്ടുപിടിക്കാൻ അതു സഹായിക്കും.

2. കുട്ടികൾ അവരുടെ ഏതെങ്കിലും ഒരു കൈവിരലിലെ നഖത്തിന്റെ വളച്ചാനിരക്ക് ഓരോ ആഴ്ച വിട്ട് അളന്ന് താരതമ്യപ്പെടുത്തുക. ഒരാളുടെ തന്നെ വിവിധ വിരലുകൾ തമ്മിലും, രണ്ടാളുടെ ഒരേ വിരലുകൾ തമ്മിലും താരതമ്യപ്പെടുത്താവുന്നതാണ്.

3. ഒരു ചെടിയുടെ (ഉദാ: ചെമ്പരുത്തി) ഇലകളുടെ എണ്ണവും പൂവിന്റെ എണ്ണവും തമ്മിൽ വല്ല ബന്ധവുമുണ്ടോ?

4. ഒരു എട്ടുകാലിയുടെ വല, എട്ടുകാലിയെ കൊല്ലാതെ നശിപ്പിക്കുക. വിണ്ടും വല തീർക്കാൻ അത് എത്ര സമയം എടുക്കുന്നു? ഇങ്ങനെ പലപ്രാവശ്യം ആവർത്തിച്ചാൽ എന്തു സംഭവിക്കും. എട്ടുകാലി സ്ഥലം മാറി വല കെട്ടുമോ?

5. ചെടികളുടെ ഇല ഭക്ഷിക്കുന്ന പുഴുക്കളെ നിരീക്ഷിക്കുക. അവ എത്ര ദിവസം കൊണ്ട് പ്യൂപ്പയായി, ശലഭമായി മാറുന്നു? ഏതു ചെടിയിലെ പുഴു ഏതു ശലഭമായാണ് മാറുന്നത് എന്ന് നിരീക്ഷിക്കുക.

6. ഒരു മാവിലയുടെ ശരാശരി ആയുസ്സ് കണ്ടുപിടിക്കുക.

7. ഒരു തലമുടി നാരിന്റെയും നൂലിന്റെയും വലിവുറപ്പു കണ്ടുപിടിക്കുക.

8. വയലിലെ മണ്ണിലും കളിമണ്ണിലും അടങ്ങിയിരിക്കുന്ന മണലിന്റെ ശതമാനം താരതമ്യപ്പെടുത്തുക.

9. തക്കാളി, ആപ്പിൾ, വെള്ളരിക്ക, മത്തങ്ങ, ഉരുളക്കിഴങ്ങ് എന്നിവയിൽ അടങ്ങുന്ന വെള്ളത്തിന്റെ ശതമാനം കണ്ടുപിടിക്കുക.

10. വിത്തു മുളയ്ക്കുന്നതിന് പ്രകാശം ആവശ്യമാണോ?

11. ചെടികളുടെ പച്ചനിറവും സൂര്യപ്രകാശവും തമ്മിൽ വല്ല ബന്ധവുമുണ്ടോ?

12. മാർക്കറ്റിൽ ലഭിക്കുന്ന പലതരം സോപ്പുകൾ പരിശോധിച്ച് പതയുണ്ടാക്കാനും അഴുക്കു കളയാനും ഏറ്റവും പറ്റിയ സോപ്പ് ഏതാണെന്ന് കണ്ടുപിടിക്കുക.

13. ഏത് സാഹചര്യത്തിലാണ് ഇരുമ്പ് വേഗത്തിൽ തുരുമ്പിക്കുക.

14. ബാലവേദി പ്രദേശത്തുള്ള പത്തു കിണറുകളിലെ താപനില കണ്ടുപിടിക്കുക. ഓരോ കിണറിലേയും വെള്ളത്തിന്റെ താപനിലയും കിണറിന്റെ ആഴവും തമ്മിൽ ബന്ധമുണ്ടോ?

15. കാപ്പിപ്പൊടി, ചായ, മുളകുപൊടി, മഞ്ഞൾപ്പൊടി തുടങ്ങിയ നിത്യോപയോഗ സാധനങ്ങളിൽ മായം ചേർത്തിട്ടുണ്ടോ എന്നു പരിശോധിക്കുക.

16. കോഴിമുട്ട വിരിയിക്കാനുള്ള ഒരു ഇൻക്യുബേറ്റർ നിർമിക്കുക. നിങ്ങൾ നിർമിച്ച ഇൻക്യൂബേറ്ററിൽ കോഴിമുട്ട വച്ച് വിരിയിച്ചെടുക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുക. ഇൻക്യൂബേറ്റർ നിർമിച്ച് അതിൽവച്ച് കോഴിമുട്ട വിരിയിച്ചെടുക്കുന്നതിനെക്കുറിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക.

17. മടൽ കത്തിച്ച ചാരത്തിൽ നിന്ന് എന്തെങ്കിലും രാസപദാർഥം വേർതിരിച്ചെടുക്കാമോ? വേർതിരിച്ചെടുത്ത പദാർഥത്തിന്റെ പ്രത്യേകതകളെന്തെല്ലാം?

18. ബാലവേദി പ്രദേശത്ത് വളരുന്ന പ്രധാനപ്പെട്ട സസ്യങ്ങളുടെയും ജന്തുക്കളുടെയും ഓരോ ലിസ്റ്റ് തയ്യാറാക്കുക. അവിടെ ഏറ്റവും കൂടുതൽ വളരുന്ന സസ്യമേത്? (വീട്ടുവളപ്പ് ആയാലും മതി.)

19. ഒരു വാഴ മുളയ്ക്കുന്നതു മുതൽ കുലയ്ക്കുന്നതുവരെ എത്ര ഇലകൾ ഉണ്ടാവുന്നു?

20. ടി.വി.യിൽനിന്ന് ഓരോ ദിവസത്തേയും ഉയർന്ന. താപനിലയും താഴ്ന്ന താപനിലയും രേഖപ്പെടുത്തുക. ഓരോ മാസത്തിലേയും ഏറ്റവും ഉയർന്ന /താഴ്ന്ന താപനില ഏതുദിവസമായിരുന്നു? ഒരു വർഷത്തെ താപനിലയിലെ ഏറ്റക്കുറച്ചിലുകൾ രേഖപ്പെടുത്തുക.

21. മഴമാപിനി നിർമിച്ച് ഒരു പ്രത്യേക കാലത്തെ (മാസം, ആഴ്ച) മഴയുടെ അളവു കണക്കാക്കുക. ഏതു ദിവസമാണ് കൂടുതൽ മഴപെയ്തത്?

22. അടുക്കളയിൽ ഉപയോഗിക്കുന്ന പലവ്യഞ്ജനങ്ങളിൽ കേരളത്തിൽനിന്നു ലഭിക്കുന്നവ, അല്ലാത്തവ ഏവ.

6

പ്രകൃതിപഠനം

ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വളർച്ചയോടെ മനുഷ്യൻ പ്രകൃതിയെ ബോധപൂർവം മാറ്റിമറിച്ചു തുടങ്ങി. മനുഷ്യന്റെ ജീവിതാവശ്യങ്ങൾക്കു വേണ്ടിയായിരുന്നു ഈ വികസന പ്രവർത്തനങ്ങൾ. പക്ഷേ, മുമ്പില്ലാത്ത വിധം അനിയന്ത്രിതമായി ഈ പ്രവർത്തനങ്ങൾ മാറിയപ്പോൾ അത് പ്രകൃതിയിൽ നിലനിന്നിരുന്ന സന്തുലനത്തിനുതന്നെ ഭീഷണിയായിത്തീർന്നിരിക്കുന്നു. ഗുരുതരമായ ഈ അവസ്ഥാവിശേഷത്തെ തരണം ചെയ്താലേ മനുഷ്യരാശിക്കുതന്നെ നിലനില്പുള്ളൂ. വളരുന്ന തലമുറയെയെങ്കിലും പ്രകൃതിയോടടുപ്പിക്കാനും, അവരിൽ പ്രകൃതിസ്നേഹവും പ്രകൃതി സംരക്ഷണ മനോഭാവവും വളർത്തിയെടുക്കാനും ബോധപൂർവം ശ്രമിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ ബാലവേദികളിൽ പ്രകൃതിപഠനത്തിന് അർഹമായ സമയം കൊടുത്തേ പറ്റൂ.

1. പ്രകൃതി നിരീക്ഷണം

എത്രയെത്ര ജീവികളാണ് പ്രകൃതിയിലുള്ളത്. അവയുടെ രൂപങ്ങളും, ശബ്ദങ്ങളും ജീവിതരീതികളുമൊക്കെ വൈവിധ്യമാർന്നതാണ്. വൈവിധ്യങ്ങളുടെ വിളനിലമായ പ്രകൃതിയെ കണ്ണു തുറന്നു കാണാനും, കാതു തുറന്ന് കേൾക്കാനും സഹായിക്കുന്ന മനസ്സ് ബാലവേദി കൂട്ടുകാർക്ക് ഉണ്ടാക്കിയെടുക്കുക എന്നത് ഈ രംഗത്തെ പ്രവർത്തനങ്ങളുടെ ഒരു ലക്ഷ്യമാണ്. പ്രകൃതി ഒരു തുറന്ന പുസ്തകമാണ്. പക്ഷേ, അതിലെ രഹസ്യങ്ങൾ കാണാനും മനസ്സിലാക്കാനും കുട്ടികളെ ചെറുപ്പത്തിലേ പരിശീലിപ്പിക്കണം. എങ്കിലേ ആ പ്രകൃതിപുസ്തകത്തിലെ പാഠങ്ങൾ വായിക്കാനാവൂ. അതിലെ രഹസ്യങ്ങൾ കണ്ട് അത്ഭുതപ്പെടാനും ആവേശം കൊള്ളാനും കഴിയൂ. പ്രകൃതിയെ സംരക്ഷിക്കാനുള്ള ചെറിയ ചെറിയ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കൂ.

A. ഇല നിരീക്ഷണം: ഇതിന് ഇലകൾ പറിച്ചുകളയേണ്ടതില്ല. പ്രകൃതിയിൽ കാണുന്ന നാനാതരം ഇലകളെ നിരീക്ഷിക്കുക. അവയുടെ പേര്, ആകൃതി തുടങ്ങിയവ ബുക്കിൽ രേഖപ്പെടുത്തുക. കഴിയാവുന്നത്ര സാമാന്യവൽക്കരണങ്ങൾ നടത്തുക. ഉദാഹരണം: പരിശോധിച്ച ഇനങ്ങളിൽ കൃത്യം വട്ടത്തിലുള്ള ഇലകൾ എത്ര? അരികുകൾക്കു കാണുന്ന പ്രത്യേകതകൾ എന്തൊ

ക്കെ? എത്രതരം നിറങ്ങൾ? നിറം പല പ്രായത്തിൽ മാറുന്നുണ്ടോ? ഇലകളുടെ വലുപ്പവും എണ്ണവും തമ്മിൽ ബന്ധമുണ്ടോ? വളരെ ചെറിയ ഇലകളുള്ള മരങ്ങൾക്കു താഴെ നിന്നാലും ഒട്ടും വെയിൽ കൊള്ളുന്നില്ല. അതായത് സൂര്യ രശ്മി മുഴുവൻ തടഞ്ഞു നിർത്താൻ മരം എന്തു വിദ്യ ചെയ്യുന്നു? ഉദാ: പുളിമരം. ഇല കൊഴിയുന്ന മരങ്ങളേവ? അല്ലാത്തവയിൽ ഇല കൊഴിയുന്നതിനു പ്രത്യേ കതകളുണ്ടോ? ഇലകളുടെ കനം, ബലം, അവയുടെ മറ്റു പ്രത്യേകതകൾ, ഇല കൾകൊണ്ട് നാട്ടുകാർക്കുള്ള ഉപയോഗങ്ങൾ, ഇലകൾ ഗന്ധംകൊണ്ട് തിരി ച്ചറിയാമോ? ചില വള്ളികൾ പിടിച്ചു കയറാൻ ഇലയുടെ അഗ്രഭാഗം എങ്ങനെ ഉപയോഗപ്പെടുത്തുന്നു?

B. കുളം നിരീക്ഷണം: കുളം ഒരാവാസ വ്യവസ്ഥയാണ്. അത് നിരീക്ഷണം വഴി ഉൾക്കൊള്ളുക. ഒരു ദിവസം കുളത്തെ നിരീക്ഷിച്ച് റിപ്പോർട്ട് തയ്യാറാക്കാം.

C. പക്ഷിനിരീക്ഷണം: പക്ഷി നിരീക്ഷണത്തിനിറങ്ങിത്തിരിക്കുന്നതിനു മുമ്പ് ചില അടിസ്ഥാന വിവരങ്ങൾ കുട്ടികൾക്കു നൽകേണ്ടതുണ്ട്. ഇതിന് താഴെ പറയുന്ന ഗ്രന്ഥങ്ങൾ നമ്മെ സഹായിക്കും–കേരളത്തിലെ പക്ഷികൾ (ഇന്ദുചൂഡൻ), പക്ഷിനിരീക്ഷണം (ജമാൽ ആറ), ബുക്ക് ഓഫ് ഇന്ത്യൻ ബേർ ഡ്സ് (സാലിം അലി). ഒറ്റയ്ക്കും കൂട്ടായും നടത്താവുന്ന ഒരു പ്രവർത്ത നമാണ് പക്ഷിനിരീക്ഷണം. കൂട്ടായി നടത്തുമ്പോൾ ബാലവേദിയുടെ നേതൃ ത്വത്തിൽ ആവശ്യമായ മുന്നൊരുക്കങ്ങൾ ചെയ്തിരിക്കണം. ഈ രംഗത്ത് അനു ഭവജ്ഞാനമുള്ളവരുടെ സഹായം തേടുന്നത് നന്നായിരിക്കും. നിരീക്ഷണ ത്തിന്റെ ഭാഗമായി ഒരു സീസണിൽ ഒരു പ്രദേശത്ത് കാണുന്ന പക്ഷികളുടെ കണക്കെടുപ്പ് നടത്താവുന്നതുമാണ്.

D. മരം നിരീക്ഷണം: മരവും ഒരാവാസ വ്യവസ്ഥയാണ്. ഒരു വലിയമരത്തെആശ്രയിച്ച് എത്രയെത്ര ജീവികളാണ് കഴിയുന്നത്. ഈ നിരീ ക്ഷണം ബാലവേദിയിലെ പ്രകൃതി പഠനത്തിന് ഒരു മുതൽക്കൂട്ടാവും. ബാല വേദി പ്രദേശത്തുള്ള ഒരു മരമുത്തച്ഛനെ നിരീക്ഷിച്ചു പഠിക്കാനുള്ള അവസരം ബാലവേദി കുട്ടികൾക്ക് ഉണ്ടാക്കിക്കൊടുക്കുകയാണ് ചെയ്യേണ്ടത്.

ഇതുപോലെ എട്ടുകാലി, പല്ലി, കുഴിയാന, പൂമ്പാറ്റ, വളർത്തു മൃഗങ്ങൾ, വളർത്തു പക്ഷികൾ, സസ്യഭാഗങ്ങൾ തുടങ്ങിയവ നിരീക്ഷിച്ച് പഠിക്കാനുള്ള പരിപാടികൾ ബാലവേദികളിൽ തയ്യാറാക്കാവുന്നതേയുള്ളൂ.

E. പ്രകൃതിപഠന യാത്രകൾ: പ്രകൃതി പഠനയാത്രകൾ രണ്ട് തര ത്തിലാവാം. ബാലവേദി പ്രദേശത്തെ പ്രകൃതിസുന്ദരവും, വൈവിധ്യവുമാർന്ന സ്ഥലങ്ങൾ, കുറ്റിക്കാടുകൾ, ചതുപ്പു നിലങ്ങൾ, പാടശേഖരങ്ങൾ, തോടുകൾ, പുഴയോരങ്ങൾ, കടലോരങ്ങൾ, കായൽ തീരങ്ങൾ, വനപ്രദേശങ്ങൾ തുട ങ്ങിയവയൊക്കെ പഠനയാത്രയ്ക്ക് വിധേയമാക്കാവുന്നതാണ്. കൂടാതെ പക്ഷി സങ്കേതങ്ങൾ, വന്യമൃഗസങ്കേതങ്ങൾ, ബൊട്ടാണിക്കൽ ഗാർഡൻ, വന പ്രദേശങ്ങൾ എന്നിവയും ബാലവേദിയുടെ സാധ്യതയ്ക്കനുസരിച്ച് പഠന യാത്രയിൽ ഉൾപ്പെടുത്താവുന്നതാണ്. പഠനയാത്രക്കിടയിൽ കാണുന്ന ഓരോ കാര്യവും സൂക്ഷ്മമായി നിരീക്ഷിക്കാനും, നിരീക്ഷിച്ചവ രേഖപ്പെടുത്താനും,

രേഖപ്പെടുത്തിയവ പിന്നീട് വിശകലനം ചെയ്ത് പഠിക്കാനും ഉള്ള സ്വഭാവം കുട്ടികളിൽ വളർത്തിയെടുക്കണം.

F. പ്രകൃതിയെ നോക്കി വരയ്ക്കൽ: മലകൾ, പുഴകൾ, കടൽ, വൃക്ഷങ്ങൾ, പുൽമേടുകൾ, ആകാശം, സൂര്യാസ്തമയം, ഉദയം, വിവിധ ജന്തുക്കൾ തുടങ്ങി പ്രകൃതിയിലെ ഒട്ടേറെ ദൃശ്യങ്ങൾ നോക്കി കടലാസിൽ വരയ്ക്കാനും, നിറം കൊടുക്കാനുമുള്ള അവസരങ്ങൾ ബാലവേദികളിൽ ഉണ്ടാക്കിക്കൊടുക്കണം. വിപുലമായ പൊതുജന പങ്കാളിത്തത്തോടെ ഇത്തരം പരിപാടികൾ കുട്ടികൾ കൂട്ടമായി നടത്തുന്നത് കൂടുതൽ ഗുണകരമായിരിക്കും.

2. ശേഖരണങ്ങൾ

ബാലവേദിയുടെ ആഭിമുഖ്യത്തിൽ ഒരു മ്യൂസിയം ഉണ്ടാക്കാവുന്നതാണ്. സ്കൂളിലോ, മറ്റേതെങ്കിലും പൊതു സ്ഥാപനങ്ങളിലോ, വീട്ടിലോ, ഈ മ്യൂസിയം സജ്ജീകരിക്കാം. പഠനയാത്രകളിലൂടെയും അല്ലാതെ യും കുട്ടികൾ ഒറ്റയ്ക്കും കൂട്ടായും ശേഖരിച്ച പലതരം കല്ലുകൾ, മണ്ണുകൾ, വേരുകൾ, ഇലകൾ, പൂവുകൾ, പക്ഷിത്തൂവലുകൾ, വിത്തുകൾ, കക്ക, ചിപ്പി, ശംഖ്, നാരുകൾ, വളപ്പൊട്ടുകൾ, കളിപ്പാട്ടഭാഗങ്ങൾ, പൂക്കൾ, ജന്തുക്കൾ തുടങ്ങിയവയുടെ ചിത്രങ്ങൾ, പ്രകൃതി സ്റ്റാമ്പുകൾ തുടങ്ങി എല്ലാ വസ്തുക്കളും മ്യൂസിയത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്. ശേഖരണങ്ങൾ തരംതിരിക്കണം. ഇല കൾ, പൂക്കൾ, തൂവലുകൾ, ചിത്രങ്ങൾ തുടങ്ങിയവ ആൽബങ്ങളാക്കി വയ്ക്കുന്ന തും കൊള്ളാം.

3. പഠനങ്ങൾ

a. മണ്ണൊലിപ്പ്: മണ്ണൊലിപ്പുണ്ടാകുന്ന ഭൂവിഭാഗങ്ങൾ സന്ദർശിച്ച് മണ്ണൊലിപ്പ് എങ്ങനെയുണ്ടാകുന്നു എന്ന് മനസ്സിലാക്കുക, നിവാരണ മാർഗങ്ങൾ ചർച്ച ചെയ്യുക, നടപ്പാക്കുക. ഈ വിഷയം മനസ്സിലാക്കാൻ പറ്റുന്ന പ്രവർത്തനങ്ങൾ ചെയ്യിക്കുക.

ഉദാഹരണം: ചെരിഞ്ഞ പ്രതലത്തിൽ മണ്ണു നിരത്തി അതിലൂടെ വെള്ളമൊഴുക്കി നിരീക്ഷിക്കൽ. പുല്ല് വച്ചു പിടിപ്പിച്ച ചരിഞ്ഞ പ്രതലത്തിലൂടെ വെള്ളം ഒഴുക്കി നിരീക്ഷിക്കൽ. കാട്ടിലെ മണ്ണൊലിപ്പില്ലായ്മ പരിശോധിക്കൽ. മണ്ണൊലിപ്പിനെ നേരിടാനുള്ള സംവിധാനങ്ങൾ ശാസ്ത്രീയമായി നടപ്പാക്കിയ സ്ഥലങ്ങൾ സന്ദർശിക്കൽ തുടങ്ങിയവ.

b. ജീവികളുടെ പെരുമാറ്റ വിശേഷങ്ങൾ–പഠനം: കോഴി, പശു തുടങ്ങിയ വീട്ടുമൃഗങ്ങളെയും, ഇണങ്ങാതെ പ്രകൃതിയിൽ കാണുന്ന പക്ഷികളെയും ജന്തുക്കളെയും പഠനത്തിനു വിധേയമാക്കാം.

ഉദാ: കാക്കയുടെ വിവിധ ശബ്ദങ്ങൾ ഉണ്ടാക്കാനുള്ള കഴിവ്, പൊന്മാന്റെ മുട്ടയിടൽ, മണ്ണാത്തിയുടെ ഇരതേടൽ, ശത്രുക്കളിൽനിന്നു രക്ഷപ്പെടാനുള്ള പല്ലിയുടെ സൂത്രം, തൊട്ടാൽ വാടുന്ന തൊട്ടാവാടി തുടങ്ങിയവ.

c. വിത്തു വിതരണം: ഒരു സീസണിൽ നടക്കുന്ന വിത്തുവിതരണം പഠിക്കുക. ഏതൊക്കെ ചെടികളിൽ എങ്ങനെയൊക്കെ നടക്കുന്നു എന്ന് പരിശോധിക്കുക.

ഉദാ: അപ്പൂപ്പൻ താടി-ഏതു സീസണിൽ? ഏതു രീതിയിലാണ് ഏറ്റവുമധികം വിത്തു വിതരണം നടക്കുന്നത് എന്ന് കണ്ടെത്തുക.

d. ഫലങ്ങൾ- ഇലകൾ- ആയുസ്സ് കണ്ടെത്തൽ: നമുക്ക് ഒരു മാവിലയുടെ ആയുസ്സ് കണ്ടുപിടിക്കണമെന്നിരിക്കട്ടെ. പഠനത്തിനായി ഒരു കുട്ടിമാവ് തെരഞ്ഞെടുക്കുക. അതിലെ അഞ്ചോ ആറോ ഇലകൾ നിരീക്ഷണത്തിനു വിധേയമാക്കാം. ഇലകൾ ജനിക്കുന്ന ദിവസം പഠനം ആരംഭിക്കണം. പഠനത്തിനു വിധേയമാക്കുന്ന ഓരോ ഇലയ്ക്കും നമ്പറിട്ട് പുസ്തകത്തിൽ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തണം. പഠനം തുടങ്ങിക്കഴിഞ്ഞാൽ എല്ലാ ദിവസവും നിശ്ചിത സമയത്ത് നിരീക്ഷണം നടത്തി കൃത്യമായി രേഖപ്പെടുത്തണം. ഏത് ഇലകളെയാണ് നിരീക്ഷണവിധേയമാക്കുന്നതെന്ന് തിരിച്ചറിയാൻ നമ്പർ കാർഡുകൾ ഇലകൾക്ക് കോട്ടം തട്ടാത്ത വിധത്തിൽ തൂക്കിയിടുന്നത് സൗകര്യമായിരിക്കും. ഇലകളിൽ പല മാറ്റങ്ങളും നമുക്കു കാണാവുന്നതാണ്. ഇല ജനിക്കുന്നു-തളിരാവുന്നു-മൂക്കുന്നു-പഴുക്കുന്നു-ഒടുവിൽ കൊഴിയുന്നു. കൊഴിയുന്ന തിയ്യതിവരെ നിരീക്ഷണം നടത്തി രേഖപ്പെടുത്തണം. ഓരോ ഇലയും ജനിച്ചതു മുതൽ കൊഴിഞ്ഞതുവരെയുള്ള കാലഘട്ടത്തിന്റെ ശരാശരി കണക്കാക്കിയാൽ മാവിലയുടെ ആയുസ്സായി. ഇതുപോലെ പ്ലാവില, പേരയില, പപ്പായഇല തുടങ്ങിയവയൊക്കെ പഠനവിധേയമാക്കാം. ഒടുവിൽ ഇലകളുടെ ആയുർദൈർഘ്യം തമ്മിലുള്ള വ്യത്യാസങ്ങൾ താരതമ്യപ്പെടുത്താവുന്നതാണ്.

മേലുദ്ധരിച്ചതുപോലെ പ്രകൃതിപഠനവുമായി ബന്ധപ്പെടുത്തി ഒട്ടേറെ പ്രോജക്ടുകളും പഠനപ്രവർത്തനങ്ങളും ബാലവേദികൾക്കു ചെയ്യാവുന്നതാണ്.

ഉദാ: തൊട്ടാവാടി, ചെളിവെള്ളത്തിൽനിന്ന് തെളിഞ്ഞ വെള്ളം ഉണ്ടാക്കൽ, മഴ അളക്കൽ, പട്ടുനൂൽ പുഴു വളർത്തൽ, ചെലവു കുറഞ്ഞ പോഷകാഹാരം തയ്യാറാക്കൽ, കുഴിയാന, മണ്ണിര നിരീക്ഷണവും പഠനവും.

മേൽപറഞ്ഞ പഠന പ്രവർത്തനങ്ങളിൽനിന്നു കിട്ടുന്ന വിവരങ്ങൾവച്ച് ബാലവേദികളിൽ പ്രകൃതി ക്വിസ് സംഘടിപ്പിക്കാവുന്നതാണ്.

e. നിർമാണ പ്രവർത്തനങ്ങൾ: പ്രകൃതി സംരക്ഷണം, പ്രകൃതിയെ മനുഷ്യനുവേണ്ടി ശാസ്ത്രീയമായി ഉപ യോഗപ്പെടുത്തൽ, ക്രിയാത്മകത സർഗാത്മക സ്വഭാവം ഇവ പോഷിപ്പിക്കൽ തുടങ്ങിയവ ലക്ഷ്യംവച്ചുകൊണ്ടാണ് ബാലവേദികളിൽ പ്രകൃതിയുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. വനവൽക്കരണം, ഫലവൃക്ഷവൽക്കരണം, പൂന്തോട്ടം, പച്ചക്കറിത്തോട്ടം, നഴ്സറി, കമ്പോസ്റ്റ്കുഴി നിമാണം തുടങ്ങിയ പ്രവർത്തനങ്ങൾ ബാലവേദി കൂട്ടുകാർക്ക് സംഘമായി ചെയ്യാവുന്ന സാമൂഹ്യ പ്രവർത്തനങ്ങളാണ്. കൂടാതെ പ്രകൃതിയിൽനിന്നു ശേഖരിച്ച വസ്തുക്കൾ ഉപയോഗിച്ച് കുട്ടികൾക്ക് അവരുടെ ഭാവനയ്ക്കനുസരിച്ച് കൗതുക വസ്തുക്കളും പഠനോപകരണങ്ങളും നിർമിക്കാം. ഇതിനുള്ള അവസരങ്ങൾ ബാലവേദിയിൽ ഉണ്ടാക്കണം.

ഉദാ: 1. ഹെർബേറിയം: പ്രകൃതിയിൽനിന്നു ശേഖരിക്കുന്ന ഇലകളും പൂക്കളും പുല്ലുകളുമൊക്കെ ഭാവനയ്ക്കനുസരിച്ച് ക്രമീകരിച്ച് ഉണ്ടാക്കുന്ന രൂപങ്ങളാണ് ഹെർബേറിയം.

ആവശ്യമുള്ള വസ്തുക്കൾ: പൂക്കൾ, ഇലകൾ, പുല്ലുകൾ, കാർഡുകൾ (വിവാഹക്ഷണക്കത്ത്, ബനിയൻ പെട്ടി, കാർഡ് ബോർഡ്), പശ, ബ്ലേഡ് മുതലായവ.

നിർമാണ രീതി: ശേഖരിച്ച വസ്തുക്കൾ ഭാവനയ്ക്കനുസരിച്ച് കാർഡ് ബോർഡിൽവച്ച് പശ ചേർത്ത് ഒട്ടിക്കുന്നു. ബോർഡറുകൾ നൽകി കൂടുതൽ ഭംഗിയാക്കാം. പോളിത്തീൻ പേപ്പർകൊണ്ട് പൊതിയുന്നതും നന്നാവും. ഇത്തരം ഹെർബേറിയങ്ങൾ ബാലവേദി മ്യൂസിയത്തിലും, സ്കൂൾ ശാസ്ത്രപ്രദർശനങ്ങളിലും പ്രദർശിപ്പിക്കാവുന്നതാണ്.

ഇതുപോലെ വിവിധതരം വിത്തുകൾ ശേഖരിച്ച് കാർഡ് ബോർഡിൽ പശ ചേർത്ത് ഒട്ടിച്ച് വിവിധ രൂപങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

2. ഇലമൃഗശാല: പ്രകൃതിയിൽനിന്നു ശേഖരിക്കുന്ന പല രൂപത്തിലുള്ള ഇലകൾ ഭാവനയ്ക്കനുസരിച്ച് സംയോജിപ്പിച്ച് മൃഗങ്ങളുടെയും പക്ഷികളുടെയും മറ്റും രൂപങ്ങൾ കാർഡ് ബോർഡിൽ ഒട്ടിച്ചുണ്ടാക്കുന്ന പ്രവർത്തനമാണിത്. പ്രകൃതിയിലെ ഓരോ ഇലയും ഏതെങ്കിലും ജീവിയുടെ ഏതെങ്കിലും അവയവവുമായെങ്കിലും സാമ്യമുള്ളതായിരിക്കും. അത്തരം ഇലകൾ കണ്ടെത്തി യോജിപ്പിക്കുന്നതിലാണ് ഇതിലെ കൗതുകം.

3. സ്പ്രേ പ്രിന്റിംഗ്: പെയിന്റ് സ്പ്രേ ചെയ്ത് കടലാസിൽ ഇലകളുടെയും മറ്റും രൂപങ്ങൾ രേഖപ്പെടുത്തുന്ന വിദ്യയാണ് സ്പ്രേ പ്രിന്റിംഗ്.

ആവശ്യമായ വസ്തുക്കൾ: വിവിധ ഇലകൾ, കടലാസ്, ചായങ്ങൾ, പഴയ ടൂത്ത് ബ്രഷ്, അരിപ്പ (മാവരിക്കുന്നത്).

നിർമാണ രീതി: കടലാസിൽ ഇലകൾ നിരത്തിവയ്ക്കുക. ടൂത്ത് ബ്രഷ് പെയ്ന്റിൽ മുക്കി അരിപ്പയുടെ മുകളിൽ ഉരസുക. പെയ്ന്റ് സ്പ്രേ ചെയ്യും. കടലാസിൽ ഇലകൾ നിന്ന സ്ഥലം ഒഴിച്ച് ബാക്കി ഭാഗങ്ങളിൽ പെയ്ന്റ് സ്പ്രേ ചെയ്യപ്പെടുന്നു. ഇലകൾ എടുത്തുകളയുന്നത് വളരെ ശ്രദ്ധയോടെ വേണം. ഇലകളുടെ രൂപം കടലാസിൽ വ്യക്തമായി തെളിയുന്നു. കയ്യെഴുത്തു മാസികകൾ ആകർഷകമാക്കാനും മറ്റും ഈ രീതി ഉപയോഗിക്കാം.

f. പരിസരക്കളികൾ: പ്രകൃതിയിൽ ഒന്ന് മറ്റൊന്നിന് ഇരയാണ്. ഇരതേടാതെ ജീവിതം അസാധ്യമാണല്ലോ. ഓരോ ജീവിയും തന്റെ ഇരയെ പിടിക്കാനും, താൻ ഇരയായി മാറുന്ന ജീവിയിൽനിന്ന് രക്ഷപ്പെടാനും നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. പ്രകൃതിയുടെ ഈ തത്വം കുട്ടികൾക്ക് ഒരു കളിയിലൂടെ അനുഭവവേദ്യമാക്കിക്കൊടുക്കാൻ സാധിക്കും.

a. ഇരതേടൽ കളി: ആവശ്യമായ സാധനങ്ങൾ: പോസ്റ്റു കാർഡിന്റെ വലുപ്പത്തിൽ മുറിച്ചെടുത്ത കാർഡുകൾ (കുട്ടികളുടെ എണ്ണമനുസരിച്ച്). കാർഡിൽ ഓരോന്നിലും വിവിധജീവികളുടെ പേരുകൾ വലുതാക്കി എഴുതണം. ജീവികൾ ഓരോന്നും മറ്റൊന്നിന്റെ ഇരയായിരിക്കും.

കളി തുടങ്ങാം – കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. കാർഡുകൾ വിതരണം ചെയ്യുന്നു. ഓരോ കുട്ടിയും മറ്റുള്ളവർക്ക് സ്പഷ്ടമായി കാണത്തക്കവിധത്തിൽ കാർഡുകൾ കുത്തുന്നു. തുടർന്ന് നിർദേശങ്ങൾ നൽകാം. ഓരോ

ഇലമൃഗശാല

കുട്ടിയും അവർക്കു കിട്ടിയ കാർഡിലെ ജീവിയാണെന്നു സങ്കല്പിക്കണം. തുടർന്ന് തന്റെ ഇര ഏതാണെന്നും താൻ ഏത് ജീവിയുടെ ഇരയാണെന്നും വ്യക്തമായി മനസ്സിലാക്കണം. വിസിൽ വിളിച്ചാൽ കളി തുടങ്ങാം. ഇരയെ കിട്ടിക്കഴിഞ്ഞാൽ ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ സ്ഥലത്തേക്ക് എത്തുന്നു. ഈ സ്ഥലത്ത് എത്തിയ ഇരയെ പിടിക്കാനുള്ള അനുവാദം മറ്റു ജീവികക്കില്ല. ഇരയെ കിട്ടാത്ത ജീവികൾ കളിക്കളത്തിൽ തളർന്നു വീഴുന്നു.

b. പൂപ്പേരു കളി: കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കുക. ഒരു ഗ്രൂപ്പ് ഒരു പൂവിന്റെ പേർ പറയട്ടെ. അടുത്ത ഗ്രൂപ്പ് മറ്റൊരു പൂവിന്റെ പേർ പറയണം. ഇങ്ങനെ കളി തുടരാം. ഒരാൾ പറയുന്ന പൂക്കളുടെ പേർ എഴുതിക്കൊണ്ടിരിക്കണം. ഒരിക്കൽ പറഞ്ഞ പേർ പിന്നീടു പറയരുത്.

ഈ കളിതന്നെ നിറത്തിന്റെ അടിസ്ഥാനത്തിൽ, കുലയായ പൂക്കൾ, ഒറ്റയ്ക്കുള്ള പൂക്കൾ എന്നിവയുടെ അടിസ്ഥാനത്തിൽ പറഞ്ഞും കളിക്കാം.

c. നിരീക്ഷണക്കളി: കുട്ടികൾ രണ്ടു ഗ്രൂപ്പായി വട്ടത്തിലിരിക്കുന്നു. ഒന്നാം ഗ്രൂപ്പിലെ ഒരു കുട്ടി തന്റെ കണ്ണിന്റെ മുമ്പിലുള്ള ഒരു വസ്തു മനസ്സിൽ വിചാരിച്ച് അതിന്റെ ആദ്യത്തെ അക്ഷരം മാത്രം പുറത്തു പറയുന്നു.

"എന്റെ കണ്ണിന്റെ മുമ്പിലുണ്ടൊരു ണ്ടൊരു ണ്ടൊരു.....പ്"

രണ്ടാം ഗ്രൂപ്പിലെ കുട്ടികൾ ചുറ്റുപാടും നിരീക്ഷിച്ച് "പ്"യിൽ തുടങ്ങുന്ന വസ്തുക്കളുടെ പേരു പറയുന്നു. മൂന്ന് അവസരങ്ങൾ നല്കാം. അതിനിടയിൽ കുട്ടി മനസ്സിൽ വിചാരിച്ച പേരുതന്നെ പറഞ്ഞാൽ ആ ഗ്രൂപ്പിന് ഒരു പോയന്റ്.

ഇങ്ങനെ ഗ്രൂപ്പുകൾ മാറിമാറി കളി തുടരാം.

ഇതുപോലെ പരിസരപഠനവുമായി ബന്ധപ്പെട്ട് ധാരാളം കളികൾ ആലോചിച്ചുണ്ടാക്കാവുന്നതേയുള്ളൂ.

g. കലാപരിപാടികൾ

a. മിമിക്രി: പ്രകൃതിയിലെ വിവിധ ജീവികളെ നിരീക്ഷിച്ച് അവയുടെ ശബ്ദം അനുകരിച്ച് ബാലവേദിയിൽ അവതരിപ്പിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. കുയിലിന്റെ കൂവൽ, മണ്ണാത്തിയുടെ രാഗവിസ്താരം, ചെമ്പോത്തിന്റെ ഗും ഗും പാട്ട്, തേൻകിളിയുടെ സ്വീറ്റീ–സ്വീ നാദം.. ഇങ്ങനെ എത്രയെത്ര പക്ഷിപ്പാട്ടുകൾ. നായ്ക്കളുടെ കുരകൾ തന്നെ പലവിധം. കണ്ടൻ പൂച്ചയുടെ പാട്ട് വേറെ. കാക്ക മുതൽ ആനവരെ നാനാതരം ജീവികൾ പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ അനുകരിക്കുക. അനുകരിച്ചു പഠിച്ചു വയ്ക്കുക. ബാലവേദിയിൽ എന്നി ട്ടൊരു മിമിക്രി മത്സരം നടത്തുക. സിനിമാ നടന്റെയും മന്ത്രിയുടെയും ശബ്ദമല്ല, പ്രകൃതിയുടെ ശബ്ദങ്ങൾ മാത്രം അവതരിപ്പിക്കുന്ന മിമിക്രി.

കൂടാതെ പൂക്കളമത്സരം, ഇലകൾ ഈർക്കിൽകൊണ്ട് തുന്നിച്ചേർത്ത് തൊപ്പി, ബെൽറ്റ് തുടങ്ങിയ വേഷങ്ങൾ നിർമിച്ച് അതും അണിഞ്ഞുകൊണ്ടുള്ള ഘോഷയാത്ര, നാടകം തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ■

7

ഗണിതവിദ്യകൾ

ആധുനിക മാനവ ജീവിതത്തിൽ ഗണിത ശാസ്ത്രത്തിന്റെ സ്വാധീനം ബഹുമുഖമാണല്ലോ. ശാസ്ത്ര സാങ്കേതിക രംഗത്താവട്ടെ അതിന്റെ പ്രഭാവം അനുദിനം വർധിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ മുതൽ ഭരണ നായകന്മാർ വരെ കണക്കിലെ വസ്തുതകളും യുക്തികളുമാണ് പ്രയോഗിക്കുന്നത്. സാർവ ത്രികവും, സാർവ ജനീനവുമാണ് ഗണിതത്തിന്റെ മേഖല.

പക്ഷേ, ഇത്രയും പ്രാധാന്യമർഹിക്കുന്ന ഗണിതമാവട്ടെ ക്ലാസ് മുറികളിൽ കുട്ടികളുടെ പേടിസ്വപ്നമായി മാറുന്നു. ഗണിതം ആകർഷകമായി അവതരിപ്പി ച്ചാൽ, കുട്ടികളെ ആവേശഭരിതരാക്കാൻ കഴിയും. ഒട്ടേറെ പ്രവർത്തനങ്ങൾ, ബാലോത്സവങ്ങളിലും, ബാലവേദി ക്യാമ്പുകളിലും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. അവയൊക്കെ ക്രോഡീകരിക്കാനും, ബാലവേദികളിൽ പ്രയോഗിച്ചുനോക്കാ നും ശ്രമിക്കണം. കൂടാതെ, പുതിയവ കണ്ടെത്താൻ ശ്രമിക്കുകയും വേണം. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ഗണിത പൂക്കളം

ഒരു കുട്ടി വേദിയിൽ ഒരു വശത്ത് കാണികൾക്ക് അഭിമുഖമായി നിൽക്കു ന്നു. വലതുകൈ ഉയർത്തി ഈണത്തിൽ പറയുന്നു: "ഞാനൊരു ബിന്ദു". അടുത്ത കുട്ടിയും വേദിയിലെത്തി ആദ്യത്തെ കുട്ടിയോട് തോളുരുമ്മി നിന്ന് ഇതേ രീതിയിൽ ആവർത്തിക്കുന്നു– "ഞാനൊരു ബിന്ദു." തുടർന്ന് മറ്റുള്ള കുട്ടികളും ഇതേ രീതിയിൽ ആവർത്തിക്കുന്നു. പത്തോ പതിനഞ്ചോ കുട്ടികൾ ക്രമത്തിൽ ഒരു വരിയായിത്തീർന്നാൽ എല്ലാവരും ഒരുമിച്ച് കോറസ്സായി പറയുന്നു: "ഞങ്ങളെല്ലാം ചേർന്ന് ഒരു രേഖാഖണ്ഡം." ഇത് രണ്ടോ മൂന്നോ തവണ ആവർ ത്തിക്കുന്നു. വീണ്ടും കോറസ്സ്– "രേഖ രണ്ടു വശത്തേക്കും അന ന്തമായി നീളു ന്നു. എന്നാൽ രേഖാഖണ്ഡത്തിന് നിശ്ചിതമായ അഗ്രബിന്ദുക്കൾ ഉണ്ട്."

ഒരറ്റത്തെ കുട്ടി– "ഞാൻ A"

മറ്റേ അറ്റത്തെ കുട്ടി– "ഞാൻ B"

കോറസ്സ്- ഞങ്ങൾ AB എന്ന രേഖാഖണ്ഡമാണ്. തുടർന്ന് കുട്ടികളെല്ലാം കൈകൾ ചലിപ്പിച്ച് നൃത്തത്തിന്റെ ചുവടുവെപ്പുകളോടെ ഒരു ത്രികോണത്തിന്റെ രൂപത്തിൽ അണിനിരക്കുന്നു. കോറസ്സ്- "ഞങ്ങൾ ഒരു ത്രികോണമായി. ത്രികോണത്തിന് മൂന്നു വശങ്ങളുണ്ട്. മൂന്നു കോണുകളുണ്ട്. കോണുകളുടെ തു 180°."

തുടർന്ന് കുട്ടികൾ വിവിധ ത്രികോണങ്ങൾ സൃഷ്ടിക്കുന്നു. സമഭുജത്രികോണം, മട്ടത്രികോണം എന്നിങ്ങനെ. പ്രത്യേകതകൾ കോറസ്സായി പറയുന്നു.

ഈ കുട്ടികൾ തന്നെയോ, അല്ലെങ്കിൽ മറ്റൊരു ഗ്രൂപ്പിനെക്കൊണ്ടോ ചതുരം തുടങ്ങി മറ്റു ബഹുഭുജങ്ങളുടെ രൂപങ്ങളും, വൃത്തം തുടങ്ങിയവയും സൃഷ്ടിക്കുകയും അവയുടെ പ്രത്യേകതകൾ കോറസ്സായി പാടുകയും ചെയ്യുന്നു. കുട്ടികൾ വിവിധ രൂപങ്ങൾ സൃഷ്ടിക്കുമ്പോൾ ഭംഗിയായി, വായ്ത്താരികളോടെ ചുവടു വച്ച് ചലിക്കുന്നത് ആകർഷകമാവുകയും ചെയ്യും. ഒരു കലാപരിപാടിയെന്ന നിലയിലും ഇത് അവതരിപ്പിക്കാവുന്നതാണ്.

2. വിചാരിച്ച സംഖ്യ കണ്ടുപിടിക്കൽ

കുട്ടികളോട് മനസ്സിൽ ഒരു സംഖ്യ വിചാരിക്കാൻ ആവശ്യപ്പെടുക. കുട്ടികളുടെ നിലവാരമനുസരിച്ച് ഒരക്ക സംഖ്യയോ, രണ്ടക്ക സംഖ്യയോ ആവാമെന്നു നിർദേശിക്കാം. തുടർന്നു ചില ക്രിയകൾ – ചില സംഖ്യകൾ കൂട്ടൽ, കുറയ്ക്കൽ ഇത്യാദി-മനക്കണക്കായി ചെയ്യാൻ നിർദേശിക്കുക. ഓർഗനൈസറും ഈ ക്രിയകൾ മനസ്സിൽ ചെയ്യണം. ഓരോ കുട്ടിയോടും കിട്ടിയ ഉത്തരം ചോദിക്കുക. കുട്ടി പറയുന്ന ഉത്തരവും ഓർഗനൈസറുടെ ഉത്തരവും തമ്മിലുള്ള വ്യത്യാസം കുട്ടി വിചാരിച്ച സംഖ്യയായിരിക്കണമല്ലോ. ഇത് പ്രഖ്യാപിച്ചാൽ ശരിയാണെന്ന് കുട്ടികൾ സമ്മതിക്കുന്നു. ഇതിന്റെ രഹസ്യം കുട്ടികൾതന്നെ ചർച്ചചെയ്തു കണ്ടെത്തട്ടെ. ക്രമേണ കുട്ടികൾ തമ്മിൽ കളിക്കട്ടെ.

ഇത് മറ്റൊരു വിധത്തിലുമാവാം. കുട്ടികൾ മനസ്സിൽ ഒരു സംഖ്യ വിചാരിക്കണം. വിചാരിച്ച സംഖ്യയോട് ഓർഗനൈസറുടെ നിർദേശാനുസരണം ചെറിയ മനക്കണക്കുകൾ ചെയ്യുന്നു. ഒടുവിൽ കുട്ടികൾക്ക് മനസ്സിൽ ക്രിയ ചെയ്തു ലഭിച്ച ഉത്തരം ഓർഗനൈസർ അങ്ങോട്ടു പറയുമ്പോൾ അവർ അത്ഭുതപ്പെടുന്നു. (ക്രിയ ചെയ്യുന്നതിനിടയിൽ ഓരോ കുട്ടിയും വിചാരിച്ച സംഖ്യ കുറയ്ക്കുവാൻ നിർദേശിച്ചാൽ കുട്ടികൾക്കു ലഭിക്കുന്ന ഉത്തരവും ഓർഗനൈസറുടെ ഉത്തരവും ഒന്നുതന്നെയായിരിക്കും). ആവശ്യമായ ഭേദഗതികൾ വരുത്തി കുട്ടികളുടെ പ്രായത്തിനനുസരിച്ച് വിവിധ രൂപത്തിൽ ഈ കളികൾ അവതരിപ്പിക്കാം.

3. അങ്ങാടിക്കളി

പാഠപുസ്തകങ്ങളിലെ ഗണിതവും കളിയിലൂടെ കുട്ടികളെ മനസ്സിലാക്കി കൊടുക്കാവുന്നതാണ്. ഉദാ: വിവിധ പരസ്യവിലയും ഡിസ്കൗണ്ടും മനസ്സിലാക്കാനുള്ള ഒരു കളി.

ആവശ്യമായ വസ്തുക്കൾ: പോസ്റ്റ് കാർഡ് വലുപ്പത്തിൽ മുറിച്ചെടുത്ത ഫ്ലാഷ് കാർഡ്/കാർഡ് ബോർഡ്- കുട്ടികളുടെ എണ്ണത്തിനനുസരിച്ച്. അവ

യിൽ ഓരോന്നിലും പരസ്യവില എത്ര രൂപയെന്നും ഡിസ്കൗണ്ട് എത്ര ശതമാനമെന്നും എഴുതിയിരിക്കണം. വ്യത്യസ്ത നിരക്കുകൾ.

പര: വി: 160 ഡിസ് : 16%	പര: വി: 100 ഡിസ് : 10%	പര: വി: 120 ഡിസ് : 11%	ഈ രീതിയിൽ

കളിക്കുന്ന വിധം: മേൽ സൂചിപ്പിച്ച വിശദാംശങ്ങൾ ഉള്ള കാർഡുകൾ കളിസ്ഥലത്തിന്റെ ഒരു വശത്ത് (ഉദ്ദേശം 10-15 അടി അകലെ) ഇട കലർത്തി ഇടുക. ഇതാണ് അങ്ങാടി. ഒരു കെട്ട് നോട്ടു ബുക്കിന്റെ വിലയാണ് കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വിവിധ കാർഡുകളിൽ പരസ്യവിലയും ഡിസ്കൗണ്ടും വ്യത്യസ്തമാണ്. ഇതിൽനിന്നും ആദായകരമായത് തെരഞ്ഞെടുക്കുകയാണ് വേണ്ടത്. സമയം അധികമില്ല. ഒറ്റനോട്ടത്തിൽ മനസ്സിലാക്കി എടുക്കണം. കുട്ടികളെ രണ്ടു ഗ്രൂപ്പുകളായി തിരിക്കുക. ഒരാൾക്കു പിന്നിൽ മറ്റൊരാളെന്ന നിലയിൽ 2 വരിയായി നിർത്തുക. രണ്ടു വരിയുടെയും മുന്നിൽ നിൽക്കുന്നയാൾ നേർരേഖയിൽ വരണം. അങ്ങാടിയിൽ നിന്ന് തുല്യ അകലത്തിലാവണം. അതാണ് ഉദ്ദേശ്യം.

വിസിൽ ഊതുമ്പോൾ (കൈകൊട്ടുമ്പോൾ) രണ്ടു വരിയിൽനിന്നും മുന്നിലെ ഓരോ കുട്ടികൾ ഓടിച്ചെന്ന് അങ്ങാടിയിൽ നിന്ന്, പെട്ടെന്ന് ഒരു കാർഡെടുത്ത് തിരിഞ്ഞോടി തന്റെ വരിയുടെ ഏറ്റവും പുറകിൽ സ്ഥാനം പിടിക്കുന്നു. അപ്പോഴേക്കും രണ്ടാമത്തെ കുട്ടി അങ്ങാടിയിലെത്തിയിരിക്കും. എല്ലാവരും ഒരുതവണ പൂർത്തിയായാൽ കളി അവസാനിക്കുന്നു. ഇനി ഓരോ ഗ്രൂപ്പും ചെലവാക്കിയ തുക കണക്കാക്കുന്നു. [ഓരോ കുട്ടിക്കും ലഭിച്ച കാർഡിൽ രേഖപ്പെടുത്തിയ തുകയാണ് (പരസ്യവില-ഡിസ്കൗണ്ട്) ആ കുട്ടി ചെലവാക്കിയ തുക.] ഒരു ഗ്രൂപ്പിലെ മൊത്തം കാർഡുകളുടെ ആകെ തുകയാണ് ആ ഗ്രൂപ്പിന് ചെലവായ ആകെ തുക. ഏറ്റവും കുറഞ്ഞ തുക ചെലവാക്കിയ ഗ്രൂപ്പ് വിജയിക്കുന്നു. മേൽ സൂചിപ്പിച്ച രീതിയിൽ ഓരോ തത്വങ്ങളും കളിയിൽക്കൂടി കുട്ടികൾക്ക് ബോധ്യപ്പെടുത്തി കൊടുക്കുവാൻ ശ്രമിക്കാവുന്നതാണ്.

4. പ്രശ്നങ്ങൾ

വിവിധ പ്രായത്തിലുള്ളവരാണല്ലോ ബാലവേദി കൂട്ടു കാർ. ഹൈസ്കൂൾ നിലവാരത്തിലുള്ളവർക്ക് പ്രശ്നങ്ങൾ (Puzzles) കൊടു ക്കാവുന്നതാണ്.

(1) 8 കൂട്ടുകാർ, അവർ പതിവായി ആഹാരം കഴിക്കുന്ന ഹോട്ടൽ മാനേജരോട് ഒരു ദിവസം പറഞ്ഞു: "എത്ര ദിവസമായി ഞങ്ങൾ ഈ ഹോട്ടലിൽ നിന്നുതന്നെ ആഹാരം കഴിക്കുന്നു. ഒരു ദിവസമെങ്കിലും സൗജന്യമായി ഭക്ഷണം തന്നുകൂടെ?

മാനേജർ: "തീർച്ചയായും; എന്നാൽ ഒരു നിബന്ധന. നിങ്ങൾ ഇരുന്ന ക്രമത്തിൽ നിന്ന് വ്യത്യസ്തമായി നാളെ ഇരിക്കണം. അതിൽനിന്നും വ്യത്യസ്തമായി അടുത്ത ദിവസം. അങ്ങനെ സാധ്യമാകുന്ന മുഴുവൻ തരത്തിലും ഇരുന്നു കഴിയുമ്പോൾ ഒരു ദിവസം വീണ്ടും ഇതേ തരത്തിൽ വരുമല്ലോ. അന്നു ഞാൻ

ഭക്ഷണം സൗജന്യമായി തരാം. എത്ര നാൾ കഴിഞ്ഞായിരിക്കും കൂട്ടുകാർക്ക് സൗജന്യഭക്ഷണം ലഭിക്കുക?

(ഉത്തരം കണ്ടുപിടിക്കാൻ കൂട്ടായ ശ്രമം നടത്തട്ടെ)

ഉത്തരം: 40320 ദിവസം കഴിഞ്ഞ്.

സൂത്രവാക്യം– 'm' വസ്തുക്കൾ ക്രമീകരിക്കപ്പെടാവുന്ന എണ്ണം: m(m-1) (m-2) (m-3) (m-4) (m-5) ഈ സൂത്രവാക്യം വിശദമായി പറഞ്ഞു കൊടുക്കാം.

8 കുട്ടികളെ മാറ്റി മാറ്റി ഇരുത്തി കളിച്ചുനോക്കാം. 40320 പ്രാവശ്യം ഇരിക്കാൻ കഴിഞ്ഞില്ലെങ്കിലും അനന്തമായ സാധ്യതകൾ പരിചയപ്പെടുത്താം.

(2) 101 പടികളുള്ള ഒരങ്ങാടി. 101–ാമത്തെ പടിയിൽ തേങ്ങയ്ക്ക് വില വളരെ കൂടുതലാണ്. അതുകൊണ്ട് എല്ലാവരും 101–ാമത്തെ പടിയിൽ തേങ്ങ വിൽക്കുവാനാണല്ലോ ഇഷ്ടപ്പെടുക. എന്നാൽ ചില നിബന്ധനകൾ ക്കു വിധേയമായേ ഇത് സാധിക്കൂ. നിബന്ധനകൾ ഇവയാണ്: ഓരോ ചാക്കാ യിട്ടാണ് തേങ്ങ കൊണ്ടുപോകേണ്ടത്. ഓരോ ചാക്കിലും 100 വീതം തേങ്ങയേ പാടുള്ളൂ (100–ൽ അധികമായാൽ 2 ചാക്കാവും). ഓരോ പടി കയറുമ്പോഴും ചാക്കിന് ഒന്നു വീതം തേങ്ങ പടിയിൽ കൊടുക്കണം. ഇങ്ങനെ 100 പടികളി ലും കൊടുത്ത ശേഷമേ 101–ാമത്തെ പടിയിൽ തേങ്ങ വിൽക്കാൻ അവകാശ മുള്ളൂ. സ്വാഭാവികമായും 100 പടിയോടെ തേങ്ങ തീരുകയാണല്ലോ ചെയ്യുക.

ഉദാ: 1. 100 തേങ്ങ – (1 ചാക്ക്) 1 വീതം കൊടുക്കുന്നു. 100–ാമത്തെ പടിയി ലെത്തുമ്പോൾ എല്ലാം തീരുന്നു.

2. 200 തേങ്ങ – (2 ചാക്ക്) 2 വീതം കൊടുക്കുന്നു. 100–ാമത്തെ പടിയി ലെത്തുമ്പോൾ എല്ലാം തീരുന്നു.

3. 300 തേങ്ങ – (3 ചാക്ക്) 3 വീതം കൊടുക്കുന്നു. 100 –മത്തെ പടിയിലെത്തുമ്പോൾ എല്ലാം തീരുന്നു.

ഈ നിബന്ധനകൾക്കു വിധേയമായി 101–ാമത്തെ പടിയിൽ തേങ്ങയെ ത്താൻ വല്ല വഴിയും നിർദേശിക്കാമോ?

ഉത്തരം: രണ്ടു ചാക്കു തേങ്ങ (100 വീതം) കൊണ്ടു പോകണം. ഓരോ പടിയും കയറുമ്പോൾ രണ്ടുവീതം ഒരേ ചാക്കിൽ നിന്നു നൽകണം. 50 പടിയാ കുമ്പോൾ ഒരു ചാക്കു തീരുന്നു. പിന്നെ ഒരു ചാക്കല്ലേയുള്ളൂ. അതിനാൽ 51–ാമത്തെ പടി മുതൽ ഓരോന്ന് മതിയല്ലോ. മിച്ചം 50 തേങ്ങ 101–ാമത്തെ പടി യിൽ വിൽക്കാൻ കഴിയുന്നു.

(3) പത്തു നാണയങ്ങൾ അഗ്രം കീഴോട്ടായ ഒരു ത്രികോണത്തിന്റെ രീതി യിൽ ക്രമീകരിച്ചിരിക്കുന്നു. ഏതെങ്കിലും 3 നാണയങ്ങൾക്ക് സ്ഥാനമാറ്റം വരു ത്തിക്കൊണ്ട് ത്രികോണത്തിന്റെ അഗ്രം മുകളിലേക്കാക്കാമോ?

(4) ചൈനീസ് താൻഗ്രാം: കട്ടിയുള്ള കാർഡ് ബോർഡ് ചിത്രത്തിൽ കാണിച്ച രീതിയിൽ 7 കഷ്ണങ്ങളായി വെട്ടിയെടുക്കുക. ഈ 7 തുണ്ടുകളും ചേർത്തു വച്ച് മൃഗങ്ങളുടെയും മറ്റും രൂപങ്ങൾ ഉണ്ടാക്കാം.

7 രൂപങ്ങളും ഉപയോഗിച്ചിരിക്കണം. ഏതാണ്ട് 2000 രൂപങ്ങൾ നിർമിക്കാ മത്രേ! നല്ലൊരു ബുദ്ധി വ്യായാമമാണ് ഈ കളി. പോസ്റ്റുകാർഡ് സൈസി



ലുള്ള കാർഡ് ബോർഡുകൾ ഉപയോഗിച്ച് പല രൂപങ്ങൾ വെട്ടി തുണ്ടുകളാക്കി വീണ്ടും കൂട്ടിച്ചേർക്കാൻ ആവശ്യപ്പെടുക.

5. അരവിന്ദ് ഗുപ്ത രീതിയിലുള്ള ഗണിത മാതൃകകൾ

ഉപയോഗിച്ചുകഴിഞ്ഞ തീപ്പെട്ടിക്കൊള്ളികൾ, ഈർക്കിലുകൾ, സൈക്കിളിന്റെ വാൾവ് ട്യൂബ് ഇവ യോജിപ്പിച്ച് നിരവധി ജ്യാമിതീയ രൂപങ്ങൾ ഉണ്ടാക്കാവുന്നതാണ്.

വാൾവ് ട്യൂബ് 1/2"/1cm നീളത്തിൽ മുറിച്ച് ഇവയിൽ തീപ്പെട്ടിക്കൊള്ളിയുടെ/ഈർക്കിലിന്റെ അഗ്രങ്ങൾ തിരുകിക്കയറ്റിയാണ് രൂപങ്ങൾ നിർമിക്കുന്നത്. സൂചി ഉപയോഗിച്ച് ഒന്ന് മറ്റൊന്നിലേക്ക് തിരുകിക്കയറ്റി "+, *" ആകൃതിയിലും ഉണ്ടാക്കുവാൻ കഴിയും. ഈ ട്യൂബുകൾ ഉപയോഗിച്ച് ഗണിതത്തിലെ മിക്ക രൂപങ്ങളും ഉണ്ടാക്കുവാൻ കഴിയും. ഇതിനായി കൂട്ടുകാരുടെ ഒരു ക്യാമ്പുതന്നെ ബാലവേദിയിൽ സംഘടിപ്പിക്കാവുന്നതാണ്. പരിഷത്ത് പ്രസിദ്ധീകരിച്ച "കളിക്കാം പഠിക്കാം" പുസ്തകം വായിക്കുക.


5
6
8
7
പിരമിഡ്
ഒക്ടാഹെഡ്രൺ

6. മാന്ത്രിക ചതുരങ്ങൾ

വലത്തോട്ടും താഴോട്ടും കോണോടു കോണും സംഖ്യകളെ കൂട്ടിയാൽ തുക ഒരുപോലെ വരത്തക്കവണ്ണം നിർമിച്ചിട്ടുള്ള സംഖ്യാ സമചതുരങ്ങളെ മാന്ത്രിക സമചതുരങ്ങൾ എന്നു പറയുന്നു. ഇത്തരം സംഖ്യാ ചതുരങ്ങൾക്ക് വളരെയേറെ സവിശേഷതകൾ ഉണ്ട്. ക്ഷേത്രഗണിത രൂപങ്ങളിൽ (സമചതുരം, സമാന്തരികം തുടങ്ങിയവ) വിന്യസിക്കപ്പെടുന്ന സംഖ്യകൾ പ്രദർശിപ്പിക്കുന്ന സവിശേഷതകൾ കൗതുകമുണർത്തുന്നവയാണ്. സംഖ്യകളുടെ ക്രമീകരണം, കേന്ദ്രീകരണം, പ്രതിസാമ്യത, സംഖ്യാദ്വയങ്ങളുടെ തുകയിലുള്ള തുല്യത, വ്യത്യാസത്തിലുള്ള തുല്യത മുതലായ കാരണങ്ങളാൽ ക്രിയാഫലങ്ങളിൽ തുല്യത ഉണ്ടാകുന്നു. അതിന്റെ കാരണമറിയുന്നതിന് ജിജ്ഞാസയുള്ളവരാകുന്നു. വിജ്ഞാനത്തിനും ബുദ്ധി വ്യായാമത്തിനും വിനോദത്തിനും ഒന്നുപോലെ പ്രാധാന്യമുള്ള ഒരു വിഷയമാണ് മാന്ത്രിക സമചതുരങ്ങൾ. കൂടുതൽ മാന്ത്രിക സമചതുരങ്ങൾ നിർമിക്കാനും, സംഖ്യകളുടെ വ്യത്യാസങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

7. മറ്റു ചില മാതൃകകൾ (കുസൃതി ചോദ്യങ്ങൾ)

1. A-യിൽ നിന്ന് B-യിലേക്ക് വടക്കോട്ടു പോകുന്ന ഒരു വൈദ്യുതി തീവണ്ടിയുടെ വേഗത മണിക്കൂറിൽ 125 കി.മീ ആണ്. കിഴക്കുനിന്ന് പടിഞ്ഞാറോട്ട് 40 കി.മീ. വേഗതയിൽ കാറ്റുണ്ടെങ്കിൽ തീവണ്ടിയുടെ പുക ഏതു ദിശയിലായിരിക്കും?

ഉ: വൈദ്യുതി തീവണ്ടിക്ക് പുകയില്ല.

2. A-യിൽ നിന്ന് B-യിലേക്കുള്ള ദൂരം 200 കി.മീ. ഒരു കാർ A-യിൽ നിന്ന് B-യിലേക്ക് 80 കി.മീ. വേഗതയിൽ, സഞ്ചരിച്ചപ്പോൾ $2\frac{1}{2}$ മണിക്കൂർ വേണ്ടിവന്നു. അതേ വേഗതയിൽ B-യിൽ നിന്ന് A-യിലേക്ക് സഞ്ചരിച്ചപ്പോൾ 150 മിനിട്ടേ വേണ്ടി വന്നുള്ളൂ. എന്തുകൊണ്ട്?

ഉ: രണ്ടും ഒന്നു തന്നെ.

8

നിർമാണം

ശാസ്ത്രം പ്രവർത്തനമാണ് എന്നു പറയുകയല്ല, മറിച്ച് പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് അനുഭവവേദ്യമാക്കുകയാണ് ബാലവേദികളിലൂടെ ചെയ്യേണ്ടത്.

ഉപയോഗശൂന്യമെന്ന് കരുതി വലിച്ചെറിയുന്ന പല വസ്തുക്കളും ശേഖരിച്ച് അവയെക്കൊണ്ട് പ്രയോജനകരമായ പലതും നിർമിക്കാൻ പഠിക്കയാണ് നിർമാണത്തിലൂടെ. ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളിൽ ക്രമേണ നശീകരണ സ്വഭാവത്തിനു പകരം സൃഷ്ടിപരമായ കഴിവുകൾ വളർന്നു വരുന്നതു കാണാം. അവരിൽ നിരീക്ഷണ പാടവം, കൂട്ടായ പ്രവർത്തനം, ഭാവന, പരിസരശുചിത്വബോധം, കലാപരമായ കഴിവുകൾ തുടങ്ങിയവ പോഷിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമാകും.

ഇന്ന്, കുട്ടികൾക്ക് കളിക്കാനും രസിക്കാനുമായി കടകളിൽനിന്നു വാങ്ങുന്ന കളിപ്പാട്ടങ്ങളും, മറ്റു പലതരം കൗതുക വസ്തുക്കളും കുട്ടികളെ സമൂഹത്തിൽ നിന്ന് അകറ്റി അവരെ അക്രമവാസനയിലേക്ക് നയിക്കുന്നതായി കാണാം. കളിത്തോക്ക് വാങ്ങിക്കൊടുക്കുന്ന രക്ഷിതാക്കൾ അതിൽ പതിയിരിക്കുന്ന അപകടത്തെക്കുറിച്ച് ഒട്ടും ചിന്തിക്കാറില്ല. തനിക്കു കിട്ടിയ കളിത്തോക്ക് പ്രിയപ്പെട്ട അച്ഛന്റേയും അമ്മയുടേയും സുഹൃത്തുക്കളുടേയും നെഞ്ചിനു നേരെ നീട്ടി വെടിവെച്ചു കൊല്ലുന്നതായി അവർ അഭിനയിക്കുന്നു. ഈ ക്രൂരവിനോദം അവന്റെ കൊച്ചുമനസ്സിൽ പതിയുന്നു. പിന്നീട് വളർന്നുവലുതായാലും അവന്റെ മനസ്സിൽ ഇതിന്റെ സ്വാധീനമുണ്ടാകുമെന്ന് മന:ശാസ്ത്ര ജ്ഞന്മാർ പറയുന്നു. അങ്ങനെ ക്രൂരതയുടെ ഒരു സംസ്കാരം അറിയാതെ അവനിൽ വളർന്നുവരുന്നു. അതുകൊണ്ട് പുതിയ ഒരു കളിപ്പാട്ട സംസ്കാരം തന്നെ വളർത്തുന്ന തരത്തിൽ ബാലവേദികളിലെ നിർമാണ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ നമുക്കു കഴിയണം.

നിർമാണത്തിന്റെ മുന്നൊരുക്കങ്ങൾ

ബാലവേദി യോഗങ്ങളിൽ നാം നൽകുന്ന നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ കുറെ പാഴ്‌വസ്തുക്കൾ ശേഖരിക്കട്ടെ. വസ്തുക്കളുടെ ലിസ്റ്റ്

എഴുതി തൂക്കിയിടുന്നത് നല്ലതാണ്. അവരുടെ പരിസരങ്ങളിൽ കിട്ടുന്ന വസ്തുക്കൾ വൈവിധ്യമുള്ളവയായിരിക്കും. അവ കേടുപറ്റാതെ എത്തിക്കാനുള്ള രീതികൾ പ്രത്യേകം പറയണം. കുറെ മുട്ടത്തോടുകൾ ശേഖരിച്ച് അവ കാർഡ് ബോർഡ് പെട്ടിയിൽ നിരത്തി ഇടയിൽ കടലാസ് കഷ്ണങ്ങളൊക്കെ നിറച്ച് അടുക്കിയാൽ പൊട്ടിപ്പോകാതെ എത്തിക്കാം. തൂവലുകൾ കടലാസിൽ പൊതിഞ്ഞ് എടുക്കണം.

നിർമാണത്തിനു പറ്റുമെന്നു തോന്നുന്ന ഏതു വസ്തുവും അവർക്ക് ശേഖരിക്കാവുന്നതാണ്. കുറെ വസ്തുക്കളുടെ പേര് താഴെ ചേർക്കുന്നു.

1. വിത്തുകൾ പലതരം – മഞ്ചാടിക്കുരു, കുന്നിക്കുരു, എരഞ്ഞിക്കുരു, പുളിങ്കുരു, റബ്ബർക്കുരു, പനംകുരു മുതലായവ.
2. ചിപ്പികൾ, തോടുകൾ – ശംഖ്, കക്ക, ഇളമ്പക്കത്തോട്, കല്ലുമ്മക്കായത്തോട് മുതലായവ.
3. കായ്കളുടെ തോട് – കൊട്ടക്ക, അടയ്ക്ക, മാങ്ങയണ്ടി.
4. തൂവലുകൾ – കാക്ക, കോഴി തുടങ്ങി പലതരം പക്ഷികളുടെ.
5. കല്ലുകൾ – പല നിറത്തിലും മനോഹര രൂപത്തിലുമുള്ളവ.
6. അടപ്പുകൾ പലതരം – സോഡാമൂടി, കുപ്പികളുടെ മൂടികൾ, പെയിന്റ് പാത്രം, അടപ്പുകൾ മുതലായവ.
7. പഴയ ബാറ്ററികൾ – പല വലുപ്പത്തിൽ ഉള്ള ബാറ്ററികൾ, ഫ്യൂസായ പലതരം ഇലക്ട്രിക് ബൾബുകൾ.
8. പലതരം കുപ്പികൾ – കുപ്പികൾ, ഡപ്പികൾ, പൗഡർ ടിന്നുകൾ.
9. തെങ്ങിൽ നിന്ന് ശേഖരിക്കാവുന്നവ – കോഞ്ഞാട്ട, ചിരട്ട, കൊതുമ്പൽ, ഓലകൾ, തേങ്ങാമൊത്തി (ഞെട്ടി)

ശേഖരിച്ചുകൊണ്ടു വരുന്ന വസ്തുക്കൾ തരംതിരിച്ച് പ്രത്യേകം പ്രത്യേകം പെട്ടികളിലോ കൂടകളിലോ സൂക്ഷിക്കണം.

നിർമാണം:

പക്ഷികളുടെ രൂപങ്ങൾ, പൂമ്പാറ്റകൾ, പലവിധം മൃഗങ്ങൾ, പൂവുകൾ തുടങ്ങിയവയ്ക്കാണ് നിർമാണത്തിൽ മുൻതൂക്കം കൊടുക്കേണ്ടത്. നിർമാണവേളകളിൽ സന്ദർഭത്തിനൊത്ത് പല കാര്യങ്ങളും രസകരമായി ചർച്ച ചെയ്യാവുന്നതാണ്. ഒരു തവളയെ നിർമിക്കുന്ന അവസരത്തിൽ തവളയുടെ ജീവിതരീതികൾ, അവ കീടങ്ങളെ തിന്നു നശിപ്പിക്കുന്നതും, കൃഷിയെ രക്ഷിക്കുന്നതും അങ്ങനെ തവള മനുഷ്യന് ഉപകാരം ചെയ്യുന്ന ജീവിയാണെന്നും അവയെ നശിപ്പിക്കുന്നത് ദോഷമാണെന്നും പഠിപ്പിക്കാൻ വിഷമമില്ല. ഇങ്ങനെയുള്ള പഠനം കുട്ടികളിൽ വിരസതയുണ്ടാക്കില്ല. അതുകൊണ്ടുതന്നെ ആശയങ്ങൾ അവരുടെ മനസ്സിൽ പതിയുകയും ചെയ്യും. കുട്ടികൾക്കു നൽകേണ്ടുന്ന നല്ല ആശയങ്ങൾക്ക് യോജിച്ച നിർമാണമാതൃകകൾ കണ്ടെത്താൻ ശ്രമം നടത്തണം.

ഓരോ വസ്തുവിന്റെയും നിർമാണ രീതികൾ പ്രത്യേകം പ്രത്യേകം പരിശീലിപ്പിക്കുന്നതിനു പകരം, നിർമാണത്തിന്റെ ശാസ്ത്രം കുട്ടികളെ പഠിപ്പിക്കുകയാണ് വേണ്ടത്. തുടർന്ന് അവർ ഭാവനയ്ക്കനുസരിച്ച് പുതിയ രൂപങ്ങൾ നിർമിക്കട്ടെ. അങ്ങനെ സ്വതന്ത്രമായി ചിന്തിക്കാനും രൂപങ്ങൾ സൃഷ്ടിക്കാനുമുള്ള ഒരു വേദി ബാലവേദിയിൽ രൂപപ്പെടണം.

ശേഖരിച്ച വസ്തുക്കൾ നിരീക്ഷിച്ച് അവയുടെ പൊതു ആകൃതിയും സ്വഭാവവും അനുസരിച്ച് വർഗീകരിച്ച് പ്രത്യേകം പ്രത്യേകം പെട്ടികളിലാക്കി വയ്ക്കുന്നത് നല്ലതാണ്. തുടർന്ന്, നിർമിക്കാൻ ഉദ്ദേശിക്കുന്ന രൂപത്തിന്റെ പൊതു ആകൃതികൾ കണ്ടെത്തണം. ചില പൊതു ആകൃതികൾ ഇവയാണ് – ഗോളം, അണ്ഡം, സിലിണ്ടർ, സ്തൂപിക, ചതുരം.

മനുഷ്യന്റെ രൂപമാണ് നിർമിക്കുന്നതെങ്കിൽ തലയുടെ രൂപം ശ്രദ്ധിച്ചു നോക്കിയാൽ അത് അണ്ഡാകൃതി (കോഴിമുട്ട) യിലാണെന്നു കാണാൻ കഴിയും. ആകൃതി മനസ്സിലാക്കിയാൽ പിന്നെ ശേഖരിച്ച വസ്തുക്കളിൽ പറ്റിയവ തെരഞ്ഞെടുത്തു വയ്ക്കുക. ഓരോ ഭാഗങ്ങളും കിട്ടിക്കഴിഞ്ഞാൽ അവയെ തമ്മിൽ പശ, ആണി, മൊട്ടുസൂചി എന്നിവകൊണ്ട് യോജിപ്പിച്ച് ഉദ്ദേശിച്ച രൂപം പൂർത്തിയാക്കുക. ചില രൂപങ്ങൾ സൂചിയും നൂലും ഉപയോഗിച്ച് തുന്നിച്ചേർക്കാവുന്നതാണ്. ഭംഗി കൂട്ടുവാൻ പേനാക്കത്തി, ഉളികൾ തുടങ്ങിയവ ഉപയോഗിച്ച് ചെത്തിമിനുക്കി ഉരക്കടലാസുകൊണ്ട് ഉരസിയാൽ മതി. ദീർഘകാലം കേടുകൂടാതെയിരിക്കാൻ മോഡലിന് ക്ലിയർ വാർണിഷ് അടിക്കാവുന്നതാണ്. ആവശ്യമെങ്കിൽ യോജിച്ച നിറവും നൽകാം.

താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും ഒരു തരം പെയിന്റ് ഉപയോഗിക്കാം.

1. ഇനാമൽ പെയിന്റ് – ഇത് പ്രത്യേകം ഓയിലിൽ മിക്സ് ചെയ്ത കളറാണ്. ഇവയ്ക്ക് വില കൂടുതലാണ്. എങ്കിലും നല്ല തിളക്കത്തിനും, കേടു വരാതിരിക്കുന്നതിനും സഹായിക്കും. വെള്ളം തട്ടിയാൽ പെയിന്റ് ഇളകിപ്പോവുകയുമില്ല.

2. വാട്ടർ കളർ – വെള്ളത്തിൽ ലയിപ്പിച്ചാണ് കളർ ഉണ്ടാക്കുന്നത്. വില കുറവാണ്. പെയ്ന്റ് ചെയ്യുമ്പോൾ ആവശ്യത്തിന് വെള്ളം ചേർത്ത് നേർപ്പിക്കുന്നു. എളുപ്പത്തിൽ നിറം മങ്ങിപ്പോകാനും വെള്ളം തട്ടിയാൽ ഇളകിപ്പോകാനും സാധ്യതയുണ്ട്.

3. വാട്ടർ മീഡിയാ കളർ – ഇത് നമുക്കു നിർമിക്കാൻ കഴിയും.

ആവശ്യമുള്ള വസ്തുക്കൾ – ടെമ്പറാകളർ പൗഡർ (പല നിറത്തിൽ വാങ്ങാൻ കിട്ടും), അവയെ ലയിപ്പിക്കുന്നതിനുള്ള പശ (ഗുന്ത്പശ, കശുമാവിന്റെ പശ)

പശയുണ്ടാക്കി അതിനെ അരിച്ച് ടെമ്പറാകളർ ചേർത്ത് ശക്തിയായി ഇളക്കിയാൽ നല്ല പെയിന്റ് കിട്ടും. പെയിന്റ് ചെയ്യുമ്പോൾ ആവശ്യത്തിന് വെള്ളം ചേർത്താൽ മതി.

ചില നിർമാണ മാതൃകകൾ
പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് നിർമിച്ചത്

അണ്ണാരക്കണ്ണൻ

ആവശ്യമായ വസ്തുക്കൾ:

* തെങ്ങിൻ ചുവട്ടിൽ വീണു കിടക്കുന്ന മച്ചിങ്ങ രണ്ടെണ്ണം (ഒന്ന് കുറച്ച് നീണ്ടതും വലുതുമായിരിക്കണം).
* ചകിരിത്തൊണ്ടിൽ നിന്ന് കത്തികൊണ്ട് വെട്ടിയെടുത്ത പുറന്തൊലി കഷ്ണങ്ങൾ. നാല് കാലുകൾ, ഒരു വാല് (വലുത്) നിർമിക്കുന്നതിന്.
* മഞ്ചാടിക്കുരു - 2
* മൊട്ടു സൂചികൾ - 8
* കുറച്ച് പശ
* കൊതുമ്പ് – ഒരു കഷണം

നിർമാണ രീതി

ശേഖരിച്ച മച്ചിങ്ങകളുടെ തൊപ്പി അടർത്തിക്കളഞ്ഞ് വൃത്തിയാക്കുക. ചെറിയ മച്ചിങ്ങ അണ്ണാരക്കണ്ണന്റെ തലയാണെന്ന് സങ്കല്പിച്ച് ചെവിയുടെ സ്ഥാനത്ത് പേനാക്കത്തികൊണ്ട് തൊലി ഒരറ്റം ചെത്തി സാവധാനം വലിച്ച് ഉയർത്തുക. കണ്ണിന്റെ സ്ഥാനങ്ങളിൽ ചെറിയ കുഴികളുണ്ടാക്കി പശതേച്ച് മഞ്ചാടിക്കുരു ഒട്ടിക്കുക. പേനാക്കത്തികൊണ്ട് ചെത്തി മൂക്കും നിർമിക്കുക. മീശരോമങ്ങൾക്ക്, മച്ചിങ്ങയിൽ മൊട്ടുസൂചികൊണ്ട് ദ്വാരമുണ്ടാക്കി അതിൽ ചകിരി നാര് കുത്തി നിറുത്തി പശതേച്ച് ഒട്ടിച്ചാൽ മതി. ഉടലിന്റെ ഭാഗം നീണ്ട മച്ചിങ്ങയാണ്. പിൻഭാഗത്ത് ദ്വാരമുണ്ടാക്കി, വാലിന്റെ ആകൃതിയിൽ മുറിച്ചെടുത്ത ചകിരി കൂർപ്പിച്ച് ഉറപ്പിക്കുക. കാലുകൾ യഥാസ്ഥാനത്ത് ഉറപ്പിക്കാൻ മൊട്ടുസൂചി ഉപയോഗിക്കാം.

അണ്ണാരക്കണ്ണന്റെ നിറം അറിയാമല്ലോ. ഇല്ലെങ്കിൽ വീട്ടിന്റെ പരിസരത്ത് ഒളിച്ചിരുന്ന് അണ്ണാരക്കണ്ണനെ നിരീക്ഷിച്ച് നിറം മനസ്സിലാക്കി പെയിന്റ് ചെയ്താൽ മതി.

അണ്ണാനെ എവിടെ ഇരുത്തും? കൊതുമ്പ് മുറിച്ച് ശരിപ്പെടുത്തിയ കഷ്ണത്തിന്റെ മുകളിൽത്തന്നെയാവട്ടെ. തമ്മിൽ യോജിപ്പിക്കാൻ ചെറിയ ഇരുമ്പാണി ഉപയോഗിക്കാം.

വർണക്കുടുക്ക

ആവശ്യമായ വസ്തുക്കൾ:

* മഷിതീർന്ന റീഫില്ലർ.

* മെഴുകുതിരി

നിർമാണ രീതി

മെഴുകുതിരി കത്തിച്ചുവയ്ക്കുക. റീഫില്ലറിന്റെ ബോൾഭാഗം ലോഹ ക്കുഴൽ ചൂടാക്കി വലിച്ചെടുക്കുക. ഫില്ലർ നല്ലവണ്ണം ചൂടാക്കി അറ്റം അമർത്തി പിടിച്ചാൽ ദ്വാരം അടയും. അടച്ച ഭാഗത്തു നിന്ന് ഒരിഞ്ച് വിട്ട് മെഴുകുതിരിയുടെ അടുത്തു പിടിച്ച് ഒരു ഭാഗം മാത്രം ചൂടാക്കുക. ഉടനെ മറ്റേ അറ്റം വായിൽ വച്ച് ഊതുക. ചൂടായ ഭാഗം ബലൂൺ വീർക്കുന്നതുപോലെ ഉരുണ്ടുവരുന്നതു കാണാം. ഉടനെ ഊതുന്നത് നിർത്തി വായിൽ വെള്ളമെടുത്ത് റീഫില്ലറിൽ ഊതി നിറയ്ക്കുക. തൂങ്ങി നില്ക്കുന്ന വെള്ളത്തെ സൂര്യ പ്രകാശത്തിനഭിമുഖമായി പിടിച്ചാൽ ഏഴു നിറങ്ങളുള്ള പ്രകാശം എതിർ ഭാഗത്തു പതിക്കുന്നതായി കാണാം. കണ്ണാടി ഉപയോഗിച്ച് പ്രകാശം വീഴ്ത്തിയാൽ ചുമരിൽ പതിയുന്ന മഴവില്ലിന്റെ ഭംഗി വർധിക്കുന്നതു കാണാം.

ചെലവു കുറഞ്ഞ പൂ പാത്രം

നിർമാണത്തിനുവേണ്ട വസ്തുക്കൾ:

* എക്സ്-റേ ഫിലിം ഷീറ്റ് - 1
* പഴയ ടോർച്ച് ബാറ്ററി - 1
* ഒട്ടിക്കുന്നതിനുള്ള പശ
* പച്ചക്കറിയൊക്കെ വാങ്ങിക്കൊണ്ടുവന്ന് ഉപേക്ഷിക്കുന്ന നേരിയ പ്ലാസ്റ്റിക്ക് സഞ്ചികൾ – പല നിറത്തിലുള്ളത്.
* കുലച്ച പുല്ലിന്റെ പൂതണ്ടുകൾ

നിർമിക്കുന്ന വിധം:

പ്ലാസ്റ്റിക്ക് സഞ്ചിയിൽ നിന്ന് വിവിധ നിറത്തിലുള്ള കഷ്ണങ്ങൾ വെട്ടിയെടുത്ത്, അവ 2,4,8 മടക്കുകളാക്കി, കോൺഭാഗം കേന്ദ്ര മാക്കി അർധവൃത്തത്തിൽ മുറിക്കുക.

നിവർത്തിയാൽ ദളങ്ങളോടു കൂടിയ പൂവ് കിട്ടും. പൂവിന്റെ നടുവിൽ സൂചികൊണ്ട് ദ്വാരമിട്ട് പുൽതണ്ടിൽ കോർത്തുവയ്ക്കുക. പല നിറങ്ങളിലുള്ള പൂക്കൾ നിർമിക്കാം.

പൂ പാത്ര നിർമാണം:

എക്സ്റേ ഫിലിം ഷീറ്റ് / കട്ടിയുള്ള കടലാസ് നെടുകെ രണ്ടായി മടക്കുക. ശേഷം മടക്കു സ്ഥലത്തുകൂടി ഒരേ ദൂരത്തിൽ അടുത്തടുത്തായി കത്രിക ഉപയോഗിച്ച് മുറിക്കുക.

മുറിച്ച കടലാസ് മടക്ക് നിവർത്തിയതിനു ശേഷം രണ്ടറ്റവും ചേർത്ത് കുഴലുപോലെ ഒട്ടിക്കുക. മേശമേൽ വച്ചാൽ വീഴാതിരിക്കുന്നതിനുവേണ്ടി കുഴലിന്റെ ഒരറ്റം ടോർച്ച് ബാറ്ററി കടത്തി അവിടെ ഒട്ടിക്കുക.

മുറിച്ചെടുത്ത ഫിലിം ഷീറ്റ് ചുറ്റി പശതേച്ച് ഒട്ടിക്കുക. റബർ ബാന്റ് ഇട്ടും ഉറപ്പിക്കാം. താഴോട്ട് ഷീറ്റിനെ അമർത്തിയാൽ പൂ പാത്രത്തിന്റെ ആകൃതിയിൽ മാറ്റം വരുന്നതു കാണാം. നിർമിച്ച പൂക്കൾ പൂപാത്രത്തിൽ കലാപരമായി ക്രമീകരിക്കുക.

മുട്ടത്തോട് മുത്തശ്ശി

നല്ലവണ്ണം കഴുകി ഉണക്കി നേരിയ പൂഴിക്കടലാസുകൊണ്ട് ഉരസി തയ്യാറാക്കിയ മുട്ടത്തോടുകൾ ഉപയോഗിച്ച് നമുക്ക് പല വിധത്തിലുള്ള കൗതുക വസ്തുക്കളും ഉണ്ടാക്കാം. നിർമാണം ലളിതവും ചെലവ് കുറഞ്ഞതുമാണ്.

ചിത്രത്തിൽ കാണുന്ന വിധം, മുട്ടത്തോടിന്റെ മുകളിൽ മനുഷ്യന്റെ മുഖം വരയ്ക്കുക. സ്കെച്ച് പെൻകൊണ്ടോ, പെയിന്റു കൊണ്ടോ വരയ്ക്കാവുന്നതാണ്. മുട്ടത്തോടിന്റെ ദ്വാരത്തിലൂടെ ഉരുകിയ മെഴുക് ഒഴിക്കുക. തോടിൽ മെഴുക് ഒരു വൃത്തത്തിൽ നിറഞ്ഞാൽ ഉടനെ അതിൽ ഉണങ്ങിയ മണൽ കുറേശ്ശെയായി ഇട്ടുകൊടുക്കുക. മുട്ടത്തോട് തറയിൽ കുത്തനെ നില്ക്കുന്ന ഘട്ടം വരെ മണൽ ഇടണം. വീണ്ടും മെഴുക് ഒഴിക്കുക. മണൽ ഉരുകിയ മെഴുകിൽ ഉറച്ചുനിൽക്കും. ദ്വാരം ഉള്ള മുകൾ ഭാഗത്ത് നേരിയ കടലാസുകൊണ്ട് നിർമിച്ച തൊപ്പി ഒട്ടിക്കുക. മിനുസമുള്ള പരന്ന പ്രതലത്തിൽ വച്ച് തല ചരിച്ച് കൈ വിട്ടാൽ ഉടനെ നിവർന്ന് ഇരുവശത്തും തലയാട്ടിക്കളിക്കുന്ന സുന്ദരമായ കളിപ്പാട്ടമായി. ഇതിന്റെ പ്രവർത്തനവും അതുമായി ബന്ധപ്പെട്ട ശാസ്ത്രവും കൂട്ടുകാരുമായി ചർച്ച ചെയ്യണം.

കൊതുമ്പിലുമുണ്ട് കൗതുകം

ഒരുക്കേണ്ടവ:

* തെങ്ങിന്റെ മണ്ടയിലുള്ള പുതിയ കൊതുമ്പ് അധികം വിടർന്നു നിൽക്കാത്തത്- ഒന്ന്.
* നേരിയ നൂൽക്കമ്പി 5 ഇഞ്ച് നീളത്തിൽ.
* ഇനാമൽ പെയിന്റ് പല നിറത്തിലുള്ളത്. അല്ലെങ്കിൽ വാട്ടർ കളർ.
* ഹാക്സോ ബ്ലേഡ്-1.

നിർമിണ രീതി:

കൊതുമ്പിന്റെ കൂർത്ത ഭാഗത്തുനിന്ന് ഒരടി നീളത്തിൽ ബ്ലേഡുകൊണ്ട് മുറിച്ചെടുക്കുക. മുറിച്ച അറ്റത്തുനിന്ന് താഴെ കൊതുമ്പിന്റെ വിരിഞ്ഞ അറ്റങ്ങൾ തമ്മിൽ കമ്പി കോർത്ത് കെട്ടി ചുമരിൽ ആണിയിൽ തൂക്കിയിടാൻ പാകത്തിലാക്കുക. കൊതുമ്പിനു കറുപ്പുപോലുള്ള കടും നിറം നൽകുക. അത് ഉണങ്ങിയതിനുശേഷം മറ്റു നിറങ്ങൾകൊണ്ട് ലളിതമായ ഡിസൈനുകൾ വരയ്ക്കാം. നന്നായി ഉണക്കണം. ഫ്ലവർ വാസിൽ ശരിയായി. ഇനി പൂക്കൾ വേണം. ഉണങ്ങിയ അടക്കാതോടുകൾ, തേങ്ങാമൊത്തി ഇവകൊണ്ട് സുന്ദരമായ പൂക്കൾ നിർമിക്കാം. അടയ്ക്കാതോട് അഴുക്കുകൾ വൃത്തിയാക്കി പുറകോട്ടു വിടർത്തിയാൽ പൂവ് പോലെയാകും. കമ്പി, ഈർക്കിൽ എന്നിവയിൽ ഉറപ്പിച്ച് ഫ്ലവർ വാസിലിൽ വയ്ക്കാം. തേങ്ങാ മൊത്തി പൂവിനോട് സാദൃശ്യമുള്ള വസ്തുവാണ്. യോജിച്ച പെയിന്റ് പൂശി ഭംഗിയാക്കാം. വീട് അലങ്കരിക്കാൻ വിലകൊടുത്ത് സാധനങ്ങൾ വാങ്ങുന്നതിനുപകരം കുട്ടികളിൽ ഇത്തരം രീതികളിൽ താൽപര്യം ഉണ്ടാക്കണം.

സുന്ദരി പൂമ്പാറ്റ



ആവശ്യമായ വസ്തുക്കൾ:

1. എക്സ്-റേ ഫിലിം ഷീറ്റ്.
2. മരച്ചീനിതണ്ടിൽ നിന്നെടുക്കുന്ന പൊങ്ങ്.
3. നേരിയ കമ്പി- 6 ഇഞ്ച് നീളം.
4. പശ.
5. പലനിറത്തിലുള്ള പോളിത്തീൻ ബാഗ്.

നിർമാണ രീതി:

എക്സ്റേ ഫിലിം ഷീറ്റ് രണ്ടായി മടക്കുക. ചിത്രത്തിൽ കാണിച്ച പ്രകാരം മടക്കുഭാഗത്തുനിന്ന് ചിത്രശലഭത്തിന്റെ പകുതി ഭാഗം വരയുക.

മുറിച്ചെടുത്ത് നിവർത്തിയാൽ തുല്യമായ രണ്ട് ചിറകുകൾ ഭംഗിയായി നിവർന്നു നിൽക്കുന്ന ചിത്രശലഭം കിട്ടും. അവയുടെ ചിറകിൽ വേണ്ടുന്ന നിറ



ത്തിൽ വൃത്തം, വരകൾ എന്നിവ പോളിത്തീൻബാഗുകളിൽനിന്നു വെട്ടിയെടുത്ത് രണ്ടു ചിറകിലും ഒരുപോലെ ഒട്ടിക്കുക. ചിത്രശലഭത്തിന്റെ ഉദരഭാഗം മരച്ചീനി പൊങ്ങ് മുറിച്ച് ഒട്ടിച്ച് നിർമിക്കാം. കാലുകൾ നിർമിക്കാൻ കമ്പി ഉപയോഗിക്കാം. കാറ്റടിക്കുമ്പോൾ ചിത്രശലഭം ചിറകു വിടർത്തി പറക്കുന്നതായി തോന്നും.

തൊണ്ടൻ പൂച്ച

ശേഖരിക്കേണ്ട വസ്തുക്കൾ:

* തേങ്ങാതൊണ്ട് ഉണങ്ങിയത് ഒന്ന്.
* തേങ്ങാ മടൽ ഒന്ന്.
* കണ്ണൻ ചിരട്ടകൾ-2.
* അടിച്ചാറ (കോഞ്ഞാട്ട).
* ചകിരി.
* ഗോലികൾ–2.
* കാർഡ്ബോർഡ് ചട്ട -1.
* മൊട്ടുസൂചി -6.
* $2\frac{1}{2}$ ഇഞ്ച് ആണി.



നിർമാണ രീതി:

ൎതൊണ്ട് ചിത്രത്തിൽ കാണുന്നതുപോലെ കമഴ്ത്തിവയ്ക്കുക. അതിന്റെ മുകളിൽ കണ്ണൻ ചിരട്ടയുടെ കണ്ണ് തുരന്ന് കമഴ്ത്തി വയ്ക്കണം. രണ്ടാമത്തെ കണ്ണൻ ചിരട്ടയുടെ നെറ്റിയിൽ ആണികയറാൻ മാത്രം ഒരു ദ്വാരമിടുക. മുകളിലത്തെ രണ്ടു കണ്ണുകളിലും ദ്വാരമിട്ട് അതിൽ ഗോലികൾ പശ തേച്ച് ഒട്ടിക്കുക. പൂച്ചയുടെ തിളങ്ങുന്ന കണ്ണുകൾ ഉണ്ടാക്കിക്കഴിഞ്ഞു. പൂച്ചയുടെ തല ആണിയടിച്ച് ഉടലിനോട് യോജിപ്പിക്കാം. പഴയ ഷർട്ടിന്റെ കോളർ, കാർഡ് ബോർഡ് കഷ്ണങ്ങൾ ഇവ ഉപയോഗിച്ച് ചെവി നിർമിക്കാം. ചകിരിനാരുകൊണ്ട് മീശയുണ്ടാക്കാം. മടൽകൊണ്ട് കാലുകൾ നിർമിക്കാം. കോഞ്ഞാട്ട ഉപയോഗിച്ച് വാലും നിർമിക്കാം. പൂച്ചയുടെ ശരീരഭാഗത്തിനു യോജിച്ച നിറം നൽകാം. നിറം കൊടുക്കുന്നില്ലെങ്കിൽ പഴയ ബനിയൻ തുണി ഒട്ടിച്ചാൽ വെളുത്ത രോമമുള്ള പൂച്ചയായി തോന്നും.

ഒറിഗാമി

കടലാസുകൊണ്ട് കൗതുകകരമായ പല രൂപങ്ങളും നാം നിർമിക്കാറുണ്ട്. കടലാസ്പൂക്കൾ, ചെടികൾ, മാലകൾ തുടങ്ങിയവ അത്തരത്തിൽ ഉള്ളവയാണ്. പേപ്പർ മുറിക്കാനുള്ള ഉപകരണങ്ങളും ഒട്ടിക്കാനുള്ള പശയും കമ്പിയും മറ്റും ഇതിന് ആവശ്യമാണ്. എന്നാൽ ഒറിഗാമി സമ്പ്രദായത്തിൽ കടലാസുകൊണ്ട് രൂപങ്ങൾ നിർമിക്കുമ്പോൾ ഉപകരണങ്ങളോ പശയോ ആവശ്യമില്ല.

എന്താണ് ഒറിഗാമി?

ഇത് ഒരു ജപ്പാൻ വാക്കാണ്. പല തരത്തിലുള്ള കടലാസ് ആവശ്യമായ രീതിയിൽ മടക്കിയും നിവർത്തിയും പല രൂപങ്ങൾ സൃഷ്ടിക്കുന്ന സമ്പ്രദായമാണ് ഒറിഗാമി. ഇതിന്റെ നിർമാണ രീതിയിലൂടെ കണക്ക്, സയൻസ് എന്നിവ രസകരമായി പഠിക്കാൻ അവസരം ലഭിക്കുന്നു. പ്രകൃതിനിരീക്ഷണത്തിന് പ്രോത്സാഹനം ലഭിക്കുന്നു.

നിർമാണത്തിനാവശ്യമായ കടലാസുകൾ കുട്ടികൾ തന്നെ ശേഖരിക്കട്ടെ. നല്ല മിനുസവും ഭംഗിയും ഉറപ്പുമുള്ള പഴയ മാസികകൾ പ്രയോജനപ്പെടുത്താം. (ഇല്ലസ്ട്രേറ്റഡ് വീക്ക്‌ലി, വനിത, ഇന്ത്യാ ടുഡേ).

കൂട്ടുകാർക്ക് ഇരുന്ന് കടലാസുകൾ മടക്കുവാനുള്ള സൗകര്യം ബാലവേദിയിൽ ഉണ്ടാക്കണം. പരിശീലകനെ എല്ലാ കൂട്ടുകാരും വ്യക്തമായി കാണത്തക്ക തരത്തിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കുന്നതു നന്നാവും.

ഒറിഗാമി നിർമാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ, നിർമാണരീതികളുടെ പുതുമകൾ എന്നിവ രസകരമായി കുട്ടികൾക്കു മുമ്പിൽ അവതരിപ്പിക്കണം. ആദ്യമാദ്യം നിർമിക്കുന്ന രൂപങ്ങൾ വളരെ എളുപ്പമുള്ളതാവണം. ഓരോ മടക്കുകളും ആവശ്യമായത്ര സമയമെടുത്ത് കാണിച്ചു കൊടുക്കണം. ഗ്രഹിക്കാൻ വിഷമമുള്ള കുട്ടികളുടെ അടുത്ത് ചെന്ന് അവരെ സഹായിക്കണം. ഓരോ രൂപവും നിർമിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് അറിയാവുന്ന എല്ലാ വിവരങ്ങളും കുട്ടികൾക്കു നൽകണം.

തിമിംഗലത്തെ നിർമിക്കാം:

കുട്ടികൾ അവർക്കു കിട്ടിയ കടലാസിന്റെ ആകൃതി ചതുരമാണെന്നു തിരിച്ചറിയുന്നു. അതിനെ സമചതുരമാക്കി മുറിക്കട്ടെ. സമചതുരമാക്കാനുള്ള എളുപ്പ വിദ്യ പറഞ്ഞുകൊടുക്കണം. സമചതുരവും ചതുരവും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്യാൻ ഈ അവസരം പ്രയോജനപ്പെടുത്താം. സന്ദർഭോചിതമായി കണക്കിലെ ജ്യാമിതീയ രൂപങ്ങളെ പരിചയപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

ചിത്രം 1

BD വശവും BA വശവും BC വികർണത്തിൽ ചേർന്നു വരത്തക്കവിധം മടക്കുക.

ചിത്രത്തിൽ കുത്തുകളിട്ട ഭാഗം മടക്കി പാട് വീഴ്ത്തുക. പാടുണ്ടാക്കിയതിനുശേഷം പൂർവസ്ഥിതിയിൽ വിടർത്തുക.

3 ഘട്ടങ്ങളിലൂടെ സൃഷ്ടിച്ച മടക്കുപാടുകളിലൂടെ മടക്കിയാൽ ചിത്രം 4-ലെ രൂപം കിട്ടും.

EF ചേർന്നു വരത്തക്ക വിധം BC-യിലൂടെ പിന്നോട്ടു മടക്കണം.

EG_1, FG_2 ചിത്രത്തിൽ കാണുന്നതുപോലെ താഴോട്ട് മടക്കുക. ഇവയായിരിക്കും തിമിംഗലത്തിന്റെ ചിറകുകൾ.



B മൂല തിമിംഗലത്തിന്റെ തലയായി വരത്തക്കവിധവും, C മൂല വാലായി വരത്തക്കവിധം പുറകോട്ട് രണ്ട് പാളികളുടെയിടയിൽ വരത്തക്ക വിധം മടക്കുക.

പൂവൻ കോഴി

തിമിംഗലത്തെ നിർമിക്കാൻ വേണ്ടി സൂചിപ്പിച്ച 6 ഘട്ടം മടക്കുകൾ അതേപടി തുടരുക.

കോഴിയുടെ തലയും വാലും ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ മടക്കുക.

പന്നിക്കുട്ടൻ



പാവ നിർമാണം

മനുഷ്യന്റെ കൈകൊണ്ട് നിയന്ത്രിച്ച് ചലിപ്പിക്കാവുന്ന പാവകളെ കണ്ടിരിക്കുമല്ലോ. നന്നായി പാവ നിർമിച്ച് പാവകളി നടത്തുമ്പോൾ ജീവനുള്ള കഥാപാത്രങ്ങളാണെന്നേ തോന്നൂ. കുട്ടികളെ സംബന്ധിച്ചേടത്തോളം പാവ നിർമാണവും, പാവകളിയും വലിയ ഹരമുളവാക്കുന്ന പ്രവർത്തനങ്ങളാണ്.

അച്ചിലിട്ട് രൂപപ്പെടുത്തുന്ന പാവകളുടെ രൂപങ്ങൾക്ക് ഉപരിയായി ഓരോ പാവയ്ക്കും അത് സൃഷ്ടിക്കുന്നയാളിന്റെ വ്യക്തിത്വത്തിന്റെ ഒരംശം ലഭിച്ചെന്നു വരും. ഇവയെക്കൊണ്ട് നാടകം കളിക്കുമ്പോൾ അവയുടെ സംവിധാനക്രമം പ്രത്യേക രീതിയിൽ പരിശീലിക്കണം. മറ്റ് സ്റ്റേജ് നാടകങ്ങൾക്കില്ലാത്ത ചില ഗുണങ്ങൾ ഇവയ്ക്കുണ്ടെന്നു കാണാവുന്നതാണ്. ചെറുപ്രായത്തിലുള്ള കുട്ടികൾ മുതൽ വൃദ്ധൻമാർവരെ സകലരും ഒരുപോലെ ആസ്വദിക്കുന്ന നാടകങ്ങളാണ് പാവനാടകങ്ങൾ. ചുരുങ്ങിയ സമയംകൊണ്ട്, മണിക്കൂറുകൾ കളിക്കുന്ന നാടകത്തിന്റെ ആശയം ആസ്വാദകരിൽ എത്തിക്കാൻ പാവനാടകംവഴി കഴിയുന്നു.

പാഠഭാഗങ്ങൾ പാവനാടകത്തിലൂടെ അവതരിപ്പിച്ചാൽ ഏതു കുട്ടികൾക്കും രസകരമായി പഠിക്കാൻ കഴിയുമെന്ന് ബാലോത്സവ ജാഥയിലൂടെ നാം തെളിയിച്ചിട്ടുണ്ട്.

പാവകൾ പല വിധത്തിൽ നിർമിക്കാൻ കഴിയും. നിർമാണ രീതിയനുസരിച്ച് അവയെ പലതായി തിരിക്കാം.

1. കയ്യുറപ്പാവ. 2. കോൽപ്പാവ. 3. ചരടുപാവ. 4. നിഴൽപ്പാവ.

കൂട്ടുകാർക്ക് എളുപ്പത്തിൽ നിർമിക്കാവുന്നത് കയ്യുറപ്പാവയാണ്.

<u>ആവശ്യമായ വസ്തുക്കൾ:</u>

1. ഉപയോഗിച്ചു കഴിഞ്ഞ കടലാസ്. 2. ഉലുവ. 3. ചാക്കുനൂൽ നേരിയത്. 4. കഴുത്ത് നീണ്ട വലിയ കുപ്പി. 5. കോപ്പർ സൾഫേറ്റ്. 6. ഹാക്സോ ബ്ലേഡ്.

നിർമാണ രീതി

പേപ്പർ പൾപ്പ് നിർമാണം

കടലാസ് ചെറിയ തുണ്ടുകളാക്കി മുറിച്ച് വെള്ളത്തിൽ രണ്ടോ മൂന്നോ ദിവസം ഇട്ടുവയ്ക്കുക. വെള്ളത്തിൽനിന്ന് ഊറ്റിയെടുത്ത് ഉരലിലിട്ട് ഇടിച്ചോ, ആട്ടമ്മിയിൽ ആട്ടിയെടുത്തോ, പൾപ്പ് രൂപമാക്കുക. അരച്ചെടുത്ത കടലാസിൽ 1 കിലോ കടലാസിന് 300 ഗ്രാം ഉലുവ അരച്ചതോ അല്ലെങ്കിൽ ഉണക്കി പൊടിച്ചതോ ചേർത്ത് കുഴയ്ക്കുക. ഇതിൽ 10 ഗ്രാം തുരിശ് ഇട്ടു കൊടുത്താൽ പൾപ്പ് മറ്റു ജീവികളോ പൂപ്പലുകളോ തിന്നാതെ ഉണക്കുവാൻ കഴിയും. ഇവ മൂന്നും അധികം വെള്ളം ചേർക്കാതെ കട്ടിയുള്ള കളിമൺ പാകത്തിലെടുക്കുക.

പാവ നിർമാണം:

ഏകദേശം 3 അടി നീളത്തിലുള്ള ഒരു കമ്പ് കുപ്പിയിൽ താഴ്ത്തി വക്കക. അതിനു ശേഷം കുപ്പിയിൽ മണൽ നിറയ്ക്കുക. വടിയുടെ അറ്റത്ത് നിർമിക്കുന്ന രൂപത്തിന്റെ ഏകദേശ രൂപം വരത്തക്കവിധം കടലാസ് പൊതിഞ്ഞ്, ചാക്കുനൂൽകൊണ്ട് വരിഞ്ഞു കെട്ടുക.



തയ്യാറാക്കിയ പൾപ്പ് പലകയിൽ വച്ച് ചപ്പാത്തി പരത്തുന്നതുപോലെ പരത്തി രൂപത്തിൽ ഒരേ ഘനത്തിൽ വച്ചു പിടിപ്പിക്കുക. കഴുത്തിന്റെ അറ്റത്ത് കുറച്ചു കട്ടിയിൽ നിർമിക്കണം. കണ്ണ്, മൂക്ക്, ചെവി തുടങ്ങിയ അവയവങ്ങൾ ശരിപ്പെടുത്തി മിനുക്കി വൃത്തിയാക്കുക. നിർമിക്കുന്ന രൂപങ്ങൾക്ക് കാർട്ടൂൺ സ്റ്റൈൽ നൽകുന്നത് രസകരമായിരിക്കും. കുപ്പിയോടുകൂടെ വെയിലത്ത് രണ്ടു മൂന്നു ദിവസം വച്ചാൽ ഉണങ്ങിക്കിട്ടും.

ഉണങ്ങിയ പാവകളെ മരക്കമ്പിൽനിന്ന് സാവധാനം ഇളക്കിയെടുക്കുക.

തലയുടെ പിൻഭാഗം ഹാക്സോബ്ലേഡു കൊണ്ട് ചതുരത്തിൽ അറുത്തെടുത്ത് ഉള്ളിലുള്ള കടലാസുകൾ വലിച്ചു പുറത്തു കളയണം. ശേഷം മുറിച്ചെടുത്ത ചതുരകഷ്ണം ചേർത്തു വച്ച് ഫെവിക്കോൾ ഉപയോഗിച്ച് ഒട്ടിക്കണം.

അങ്ങനെ ഉള്ളു പൊള്ളയായ ഭാരം കുറഞ്ഞ പാവ കിട്ടും. മുഖത്തിന്റെ ഭാഗങ്ങളൊക്കെ പൂഴിക്കടലാസുകൊണ്ട് ഉരസി മിനുസപ്പെടുത്തുക.

നിറം കൊടുക്കൽ: രണ്ടുതരം പെയിന്റുകൾ ഉപയോഗിക്കാം.

1. ടെമ്പറാ കളർ: ടെമ്പറാ കളർ പൗഡർ പശയിൽ ചേർത്ത് നിർമിക്കാം. വില കുറവാണ്. വെള്ളം തട്ടിയാൽ ഇളകിപ്പോകാൻ സാധ്യതയുണ്ട്.

2. ഇനാമൽ പെയ്ന്റ്: വെള്ളത്തിൽ ലയിക്കില്ല. കൂടുതൽ കാലം നില നിൽക്കും. പെയ്ന്റടിച്ച് വെയിലത്ത് ഉണക്കിയെടുക്കണം.

ഉടുപ്പ് തയ്യാറാക്കൽ:ചിത്രത്തിൽ കാണിച്ച പ്രകാരം തുണി രണ്ടായി മടക്കി അതിൽ ഡ്രസ്സിന്റെ ആകൃതി വര്യുക. കൈ തുന്നിച്ചേർക്കുക. കൈയുടെ വിരൽ ഭാഗത്ത് അൽപം പഞ്ഞി നിറയ്ക്കുന്നത് നല്ലതാണ്. പാവയുടെ കഴുത്തിൽ ഡ്രസ് വച്ച് കെട്ടുക. ഇപ്പോൾ പാവ അടിയുടുപ്പ് ധരിച്ചു കഴിഞ്ഞു. അടിയുടുപ്പിനു മുകളിൽ, കഥാപാത്രത്തിന്റെ സ്വഭാവമനുസരിച്ച് മറ്റു വസ്ത്ര ങ്ങൾ ധരിപ്പിക്കാവുന്നതാണ്.

പാവ ചലിപ്പിക്കുന്ന വിധം: ചൂണ്ടു വിരൽ പാവയുടെ കഴുത്തിന്റെ ദ്വാര ത്തിൽ കടത്തി ഉറപ്പിക്കുക. പെരുവിരലും ചൂണ്ടുവിരലിനു തൊട്ടടുത്ത വിര ലും പാവയുടെ രണ്ട് കൈകളുടെ സ്ഥാനത്ത് കടത്തി റബർ ബാന്റ് ഇട്ട് മുറു ക്കുക. ചൂണ്ടുവിരൽ ചലിപ്പിക്കുമ്പോൾ പാവയുടെ തല ചലിക്കും. മറ്റു രണ്ടു വിരലുകൾ ചലിപ്പിച്ചാൽ പാവയുടെ കൈകളും ചലിക്കും. നാടകങ്ങൾക്ക് ആവ ശ്യമായ കഥാപാത്രങ്ങളെ നിർമിച്ചാൽ പാവനാടകം കളിക്കാം. ഒരു സ്ക്രീനിന്റെ പുറകിൽ നിന്ന് പാവകളെ മാത്രം ഉയർത്തിക്കാട്ടിയാണ് അഭിനയിക്കേണ്ടത്. അഭിനയത്തിനനുസരിച്ച് സംസാരിക്കുകയും വേണം. പാവകൾ സ്വയം കളിക്കുന്നതായി തോന്നും. പശ്ചാത്തല സംഗീതം കൂടിയായാൽ നാടകം കുറേക്കൂടി നന്നാവും. ■

9

അഭിനയം

മറ്റുള്ളവരുടെ ചേഷ്ടകളും ഭാവങ്ങളും അനുകരിക്കാൻ കുട്ടികൾക്ക് വലിയ മിടുക്കാണ്. ഏതൊരു കുട്ടിക്കും അഭിനയത്തിനുള്ള കഴിവുണ്ട്. ഏറ്റക്കുറച്ചിൽ ഉണ്ടെന്നു മാത്രം. മിടുക്കന്മാരായ ചില കുട്ടികൾക്ക് തന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ സ്കൂൾ യുവജനോത്സവം പോലുള്ള വേദികൾ ലഭിക്കാറുണ്ടെങ്കിലും, ഭൂരിപക്ഷം കുട്ടികളിലും അവസരം ലഭിക്കാതെ ഈ കഴിവുകൾ മുളയിലേ നശിച്ചുപോകുന്നു. ഈ ഭൂരിപക്ഷത്തിന് യാതൊരു മടിയും കൂടാതെ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കാൻ ബാലവേദികൾക്കു കഴിയും.

അഭിനയരംഗത്ത് പ്രവർത്തിക്കുന്നതു നിമിത്തം കുട്ടികളുടെ സർഗ ശേഷി, വ്യക്തിത്വ വികാസം, ഭാവാത്മകത, സാമൂഹ്യാവബോധം, സംഘ ബോധം എന്നിവകൂടി വികസിപ്പിച്ചെടുക്കാൻ കഴിയുന്നു. മാത്രമല്ല, അവരുടെ വായനയുടെ ലോകവും വികസിക്കുന്നു. ഇതിനു സഹായകമായ ഏതാനും പ്രവർത്തനങ്ങളാണ് താഴെ നിർദേശിക്കുന്നത്.

A) അനുകരണം

കുട്ടികൾ വളരെയേറെ രസിക്കുന്ന ഒരു പാഠമാണിത്. സംഘത്തിലെ ഒരാൾ നേതാവാകട്ടെ. നേതാവ് വിവിധതരം ചേഷ്ടകൾ കാണിക്കുന്നു. ഈ ചേഷ്ടകൾ മറ്റുള്ളവർ അനുകരിക്കുന്നു. കരച്ചിൽ, ചിരി, ഓട്ടം, വിവിധതരത്തിലുള്ള നടത്തം, വിവിധ പ്രവൃത്തികൾ എന്നിവ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. നേതാവിന്റെ ഭാവനയ്ക്കനുസരിച്ച് ഇത് രസകരമാവും. നേതാവിനെ മാറ്റിക്കൊണ്ട് ഇത് ആവർത്തിക്കാവുന്നതാണ്.

B) വസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള മനോധർമ പ്രകടനം

ഭാവന, ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനുള്ള കഴിവ്, ചെയ്യുന്നതിലെ കൃത്യത എന്നിവ വർധിപ്പിക്കുന്നതിനുള്ള ഒരു പാഠമായി ഇതിനെ കാണാം.

കുട്ടികൾ വട്ടത്തിൽ ഇരിക്കട്ടെ. ഒരു വടി അല്ലെങ്കിൽ തുണി നടുവിൽ ഇടുന്നു. ആ വസ്തുവിന് എന്തെങ്കിലും രൂപം മനസ്സിൽകണ്ട് ഉപയോഗിക്കുക

എന്നതാണ് ഓരോ കുട്ടിയും ചെയ്യേണ്ടത്. വടി-ചൂല്, കൈക്കോട്ട്, പാരക്കോൽ, മൈക്ക്സ്റ്റാന്റ്, കാവടി, പേന, മഴു, തോക്ക് ഇങ്ങനെ ഭാവനയ്ക്കനുസരിച്ച് എന്തുമായി സങ്കല്പിക്കാം. വസ്തു ഉപയോഗിച്ചുചെയ്യുന്ന പ്രവർത്തനം മറ്റുള്ളവർ കാണട്ടെ. പ്രവൃത്തിക്കുശേഷം എന്തായിട്ടാണ് വസ്തു ഉപയോഗിച്ചതെന്ന് മറ്റുള്ളവർ പറയട്ടെ.

C) ചിത്ര നിർമാണം

കുട്ടികളുടെ ഭാവനയെ പോഷിപ്പിക്കുന്നതിനു ചെയ്യാവുന്ന മറ്റൊരു പ്രവർത്തനമാണിത്. ഒന്നിൽ കൂടുതലും പത്തിൽ കുറവുമായ ഒരു സംഘത്തെക്കൊണ്ട് ഇത് ചെയ്യിക്കാവുന്നതാണ്. '

ആദ്യം ഒരു കുട്ടി വന്ന് ഒരു നിശ്ചല പോസിൽ നിൽക്കുന്നു. മറ്റുള്ളവരും ഓരോരുത്തരായി വന്ന് ആദ്യം വന്ന വ്യക്തിയുടെ നിശ്ചലതയോട് ബന്ധപ്പെടുത്തി ഒരു അർഥം വരത്തക്കവണ്ണം നിശ്ചലമായി നിൽക്കണം. അവതരിപ്പിച്ച ദൃശ്യങ്ങൾ, ആശയങ്ങൾ, പോരായ്മകൾ എന്നിവ പരസ്പരം ചർച്ചചെയ്യാനുള്ള അവസരവും നൽകണം.

D) ക്രിയ-തുടർക്രിയ

മുമ്പു പറഞ്ഞ ചിത്രനിർമാണത്തിന്റെ ചലനാത്മക രൂപമാണ് ഇത്. ഒരു രംഗം സങ്കല്പിക്കുക. ഒരു കുട്ടി രംഗത്തു വന്ന് ഒന്നോ രണ്ടോ മിനുട്ടിനുള്ളിൽ ഒരു പ്രവൃത്തി ചെയ്തു പോകുന്നു. തുടർന്ന് മറ്റൊരു കുട്ടി രംഗത്തുവന്ന് അതിന്റെ തുടർച്ചയും അർഥപൂർണവുമായ മറ്റൊരു പ്രവൃത്തി ചെയ്യുന്നു. ഇങ്ങനെ എട്ടോ പത്തോ പേർ തുടർച്ചയായി ചെയ്യുമ്പോൾ ഒരു പൂർണ നാടകരൂപം കിട്ടിയെന്നുവരാം. അല്ലെങ്കിൽ ഒരു കഥാതന്തുവെങ്കിലും ലഭിച്ചേക്കാം. ഇനി താഴെ പറയുന്ന കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കാം.

1. ഓരോ കൂട്ടുകാരനും ചെയ്തതിലെ പാകപ്പിഴകൾ.

2. ഓരോരുത്തരും ഉദ്ദേശിച്ചതിൽനിന്ന് എങ്ങനെയെല്ലാം അവതരണം മാറിപ്പോയി.

3. മറ്റെന്തെല്ലാം സാധ്യതകൾ ഈ ക്രിയകൾക്ക് ഉണ്ടായിരുന്നു.

അവസ്ഥയുടെ മനോധർമ പ്രകടനം

1. കുട്ടികൾക്ക് അവരുടെ അഭിനയശേഷി നന്നായി പ്രകടിപ്പിക്കാൻ കഴിയുന്ന ഒരു പരിപാടിയാണിത്. ഒരു പ്രത്യേക വിഷയം (വസ്തുത/ അവസ്ഥ) നാം നൽകുന്നു. അതിനോടുള്ള പ്രതികരണമാണ് നാം ശ്രദ്ധിക്കേണ്ടതും വളർത്തിയെടുക്കേണ്ടതും.

ഉദാ: 6 മാസം പ്രായമുള്ള ഒരു കുഞ്ഞ് തൊട്ടിലിൽ കിടക്കുന്നു. അതിനോട് ഓരോരുത്തരായി വന്ന് പ്രതികരിക്കുന്നു. ഇത്രമാത്രം പറയുകയും അവർ ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ചെയ്യുമ്പോൾ കുഞ്ഞിൽനിന്ന് (വിഷയത്തിൽ നിന്ന്) വഴുതിപ്പോകാതിരിക്കാൻ ശ്രദ്ധിക്കണം.

2. വളരെ ശ്രദ്ധാപൂർവം ചെയ്യിക്കേണ്ട മറ്റൊരു പ്രവർത്തനം.നാലോ അഞ്ചോ ഘട്ടങ്ങളിലായിട്ടാണ് ഇത് ചെയ്യിക്കേണ്ടത്. ഓരോ ഘട്ടവും ഉദാഹരണത്തോടെ വിശദീകരിക്കാം.

"അമ്മയോട് യാത്ര പറയുന്ന ഒരു മകൻ" ഇതാണ് നമ്മുടെ വിഷയം.

ഒന്നാം ഘട്ടം

ശൂന്യമായ ഒരു സ്ഥലത്തിനോട് മകൻ യാത്ര പറഞ്ഞ് പിരിയുന്നു. ഇവിടെ അമ്മ ആ സ്ഥലത്ത് ഉണ്ട് എന്ന് സങ്കല്പിക്കുകയാണ് മകൻ ചെയ്യുന്നത്.

രണ്ടാം ഘട്ടം

ആദ്യം ശൂന്യമായിരുന്ന സ്ഥലത്ത് ഒരു കസേരയിടുക. മകൻ കസേരയോട് യാത്ര പറഞ്ഞ് പിരിയുന്നു. ഇവിടെ കസേരയിൽ അമ്മയുണ്ടെന്ന് സങ്കല്പിച്ച് അഭിനയിക്കുന്നു.

മൂന്നാംഘട്ടം

കസേരയിൽ ഒരു പെൺകുട്ടിയെ ഇരുത്തുക (അമ്മ). അമ്മ യാതൊന്നും മിണ്ടുന്നില്ല. മകൻ അമ്മയോട് യാത്ര പറയുന്നു.

നാലാം ഘട്ടം

അമ്മ മകനോട് പ്രതികരിക്കുന്നു.മകൻ യാത്ര പറയുന്നു. ഇങ്ങനെ ഓരോ ഘട്ടവും ശ്രദ്ധാപൂർവം പഠനവിധേയമാക്കുകയും ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന വ്യത്യാസം ചർച്ച ചെയ്യുകയും വേണം.

അഭിനയത്തിന്റെ ബാലപാഠങ്ങൾ എന്ന നിലയ്ക്ക് ഈ കാര്യങ്ങളെല്ലാം കൂട്ടുകാരെക്കൊണ്ട് ചെയ്യിക്കാവുന്നതാണ്. തുടർന്ന് ചെറിയ കഥകളുടെയോ പാട്ടുകളുടെയോ നാടകാവിഷ്കരണത്തിലേക്കും അവതരണത്തിലേക്കും ചുവടുവയ്ക്കാം.

ബാലോത്സവജാഥയിലൂടെയും മറ്റും കുട്ടികൾക്കവതരിപ്പിക്കാവുന്ന നിരവധി നാടകങ്ങൾ നാം പ്രചരിപ്പിച്ചിട്ടുണ്ട്. ഗലീലിയോ, ബ്രൂണോ, ആർക്കിമിഡീസ്, ശാസ്ത്രബോധം, അധ്വാനം സമ്പത്ത്, ആൾരൂപങ്ങൾ, അലമാരയിലെ സ്വപ്നങ്ങൾ, പഞ്ചതന്ത്രത്തിലെ 'വലയിൽ കുടുങ്ങിയ പക്ഷി' തുടങ്ങിയവയൊക്കെ കുട്ടികൾക്കവതരിപ്പിക്കാവുന്ന നാടകങ്ങളാണ്.

കുട്ടികളുടെ പാഠപുസ്തകങ്ങളിൽ നാടകങ്ങളാക്കാനുതകുന്ന നിരവധി പാഠങ്ങളുണ്ട്. അവ തെരഞ്ഞുപിടിച്ചു നാടകമാക്കാം.

കവിതകൾ, പാട്ടുകൾ എന്നിവ ദൃശ്യാവിഷ്കാരം നടത്താം.

ചരിത്ര സംഭവങ്ങൾ, കഥകൾ എന്നിവ കുട്ടികളോടു വിശദീകരിച്ചു കൊടുക്കാം. അതിനുശേഷം അവർ കൂട്ടായി ചർച്ച ചെയ്ത് വ്യത്യസ്ത കഥാപാത്രങ്ങളായി ആ സംഭവമോ കഥയോ ചിത്രീകരിക്കട്ടെ.

മാവേലി, ഏകലവ്യന്റെ കഥ, ശാസ്ത്രജ്ഞരുടെ ജീവിതം, സ്വാതന്ത്ര്യസമരത്തിൽ നിന്നുള്ള ഭാഗങ്ങൾ എന്നിവയൊക്കെ ഇത്തരത്തിൽ ആവിഷ്കരിക്കാവുന്നതാണ്. ■

10

കളികൾ

കുട്ടികളാണോ, കളിക്കണം. കളിയിലൂടെയാണ് അവരുടെ കയ്യും മനസ്സും ഒക്കെ ഉറയ്ക്കുന്നത്.കൂട്ടിനാരേയും കിട്ടിയില്ലെങ്കിലും ഒറ്റക്കിരുന്നായാലും കുട്ടി കളിക്കുന്നത് നാം കാണാറുണ്ടല്ലോ. എന്നാൽ മറ്റുള്ളവരോടൊപ്പം കളിക്കുമ്പോഴാണ് കുട്ടികളിൽ സാമൂഹ്യബോധം വേരുറയ്ക്കുന്നത്. കളിയിലൂടെ അവർ നിയമങ്ങൾ അനുസരിക്കാൻ പഠിക്കുന്നു. മറ്റുള്ളവർക്കും അവസരം നൽകാൻ തയ്യാറാകുന്നു, സംഘബോധമുണ്ടാകുന്നു.കണ്ടും ചെയ്തും സ്വയം ശീലിക്കാൻ തയ്യാറാകുന്നു. അതുകൊണ്ടാണ് കളിക്കളം കുട്ടികൾക്ക് ജീവിത വിജയത്തിനുള്ള പരീക്ഷണശാലയും, പരിശീലന ശാലയുമാണെന്ന് പറയുന്നത്.

കളിക്കുമ്പോൾ കളിക്കണം, പഠിക്കുമ്പോൾ പഠിക്കണം എന്നുപറയുന്നത് കളിയുടെയും പഠനത്തിന്റെയും പരസ്പരബന്ധം മനസ്സിലാക്കാഞ്ഞിട്ടാണ്. കളിയിലൂടെയും പഠിക്കാം. പഠനത്തിൽ കളിയുമാകാം. അങ്ങനെ പഠിക്കുമ്പോൾ കുട്ടിയുടെ പൂർണ ശ്രദ്ധ പാഠ്യവിഷയത്തിൽ പതിയുന്നു. കുട്ടിയുടെ സർവേന്ദ്രിയങ്ങളും അതിൽ പങ്കാളിയാവുന്നു. അങ്ങനെ പഠിക്കുന്ന കാര്യങ്ങൾ കുട്ടിയുടെ മനസ്സിൽ ആഴത്തിൽ പതിയുന്നു. അതിനാൽ കുട്ടികൾക്ക് രസകരവും, പഠനത്തിന് സഹായകരവുമായ കളികൾ തെരഞ്ഞെടുത്തും മെനഞ്ഞെടുത്തും അവർക്കായി നൽകുക എന്നത് ഒരു നല്ല വിദ്യാഭ്യാസപ്രവർത്തനമാണ്.

പലതരം കളികൾ: കളികൾ പലതരമുണ്ട്. ബുദ്ധിക്കും ചിന്തയ്ക്കും, ഓർമയ്ക്കും ഭാവനയ്ക്കും, കായിക വികാസത്തിനും ചടുലതയ്ക്കും, സർഗാത്മകതയ്ക്കും ഒക്കെ സഹായകമായ കളികളുണ്ട്. ഒറ്റയ്ക്കും കൂട്ടായും കളിക്കാവുന്നവയുണ്ട്. സംഘങ്ങളായി മത്സരിച്ച് കളിക്കാവുന്നവയുണ്ട്. മുറിക്കകത്തും പുറത്തും കളിക്കാവുന്നവയുണ്ട്. ചില കളികൾ പലതരത്തിൽ മാറ്റിക്കളിക്കാവുന്നവയാണ്. ഉപകരണങ്ങൾ വേണ്ടുന്നവയും വേണ്ടാത്തവയുമായ കളികളുണ്ട്.

കേരളത്തിലെ ഗ്രാമാന്തരങ്ങളിൽ ഇത്തരം എത്രയോ കളികൾ ഉണ്ടായിരുന്നു. എന്നാൽ ഇന്നവ മിക്കതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് കൂട്ടായി കളിക്കാൻ ഇന്നു സൗകര്യം കിട്ടുന്നില്ല. പലതരം ചട്ടവട്ടങ്ങളും സജ്ജീകരണങ്ങളുമുള്ള വലിയ കളികൾക്ക് നാടൻ കളികൾ വഴിമാറികൊടുത്തിരിക്കുന്നു. എന്നാൽ ഈ വമ്പൻകളികൾ സാധാരണക്കാരുടെ കുട്ടികൾക്ക് അപ്രാപ്യമാണുതാനും. അതിനാൽ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ നാടൻ കളികൾ കിട്ടാവുന്നത്ര ശേഖരിച്ച് ചിട്ടപ്പെടുത്തി കുട്ടികൾക്കു നൽകണം.

കളികൾ തെരഞ്ഞെടുക്കുമ്പോൾ: കുട്ടികളുടെ സംഘബോധവും ക്രിയാത്മകതയും വളർത്തുന്ന കളികളാണ് നമുക്കേറെ വേണ്ടത്. അധികം ഉപകരണങ്ങളോ ചട്ടവട്ടങ്ങളോ ഉള്ള കളികളല്ല വേണ്ടത്. അഥവാ ഉപകരണ ങ്ങളും മറ്റും വേണമെങ്കിൽത്തന്നെ അവ ചുറ്റുവട്ടത്തുനിന്നും എളുപ്പം സംഘ ടിപ്പിക്കാവുന്നവയായിരിക്കണം. പരമാവധി പേരെ ഏതെങ്കിലും രീതിയിൽ പങ്കാളികളാക്കാവുന്ന കളികൾക്കാവണം മുൻഗണന. സഹകരണ മനോഭാ വവും ആരോഗ്യകരമായ മത്സരവും ഉറപ്പുവരുത്താവുന്ന കളികളാണ് ബാല വേദിക്കുവേണ്ടത്. സമയം, കളിക്കാരുടെ എണ്ണം, നിയമങ്ങൾ ഇവയൊന്നും കർക്കശമല്ലാത്തതും, സന്ദർഭാനുസരണം വ്യത്യാസപ്പെടുത്താവുന്നവയുമായ കളികളാണെങ്കിൽ കൂടുതൽ സൗകര്യമായി.

അത്തരം ചില ലഘു കളികളാണ് പിന്നാലെ നൽകിയിരിക്കുന്നത്. അവ യുടെ മാതൃക മനസ്സിലാക്കി പ്രവർത്തകർക്ക് ധാരാളം കളികൾ രൂപപ്പെടുത്താ വുന്നതാണ്. അങ്ങനെ രൂപപ്പെടുത്തിയിട്ടുള്ള നൂറുകണക്കിനു കളികൾ വിവിധ ബാലവേദി ക്യാമ്പുകളിലൂടെ ഇതിനകംതന്നെ പ്രവർത്തകരിൽ എത്തി യിട്ടുണ്ട്. അവ ശേഖരിക്കാനും പ്രയോഗിച്ചുനോക്കാനും പുതിയവ രൂപപ്പെ ടുത്താനും ഓരോ ബാലവേദി സംഘാടകനും ശ്രദ്ധിച്ചാൽ നമുക്ക് നല്ല കളിക ളുടെ ബൃഹത്തായ ഒരുശേഖരമുണ്ടാവും.

സംഘാടകൻ അഥവാ നേതാവ്: കളികൾ പൂർണമായും കുട്ടികൾ മനസ്സിലാക്കുന്നതുവരെ അവരെ കളിപ്പിച്ചു പരിശീലിപ്പിക്കാൻ ഒരാൾ വേണം. കൊച്ചു കൊച്ചു തർക്കങ്ങൾ തീരാനും ചിട്ടവരാനും നല്ല നേതൃത്വം ആവശ്യമാണ്. അത് സംഘാടകനു നൽകാൻ കഴിയും. സൗകര്യത്തിനുവേണ്ടി കളിയിൽ നമുക്ക് സംഘാടകനെ നേതാവെന്നു വിളിക്കാം. കളി പരിചയിച്ചു കഴിഞ്ഞാൽ പിന്നെ കുട്ടികളിൽ ഓരോരുത്തരെ നേതാവാക്കി കളി തുടരാം. എങ്കിലും ബാലവേദിയിൽ സംഘാടകന്റെ സാന്നിധ്യം എപ്പോഴും ഉണ്ടാവു ന്നത് നന്ന്.

നേതാവിന്റെ ചുമതല

കളിയുടെ വിജയം അതുനടത്തുന്ന നേതാവിനെക്കൂടി ആശ്രയിച്ചിരി ക്കുന്നു. സന്ദർഭത്തിനൊത്ത കളി തെരഞ്ഞെടുക്കുന്നതിലും അത് വേണ്ട വിധം പ്രയോഗിക്കുന്നതിലും നേതാവ് അല്പം ആസൂത്രണം നടത്തേണ്ട തുണ്ട്. ഒരു പുതിയ കളി അവതരിപ്പിക്കുന്നതിനു മുന്നോടിയായി കളിയുടെ പേര്, സമ്പ്രദായം, നിയമങ്ങൾ, സാധാരണ സംഭവിക്കാവുന്ന പിഴവുകൾ ഇവ യെല്ലാം വ്യക്തമാക്കണം. കുട്ടികൾക്ക് സംശയം ചോദിക്കാനവസരവും നൽക ണം. പിന്നെ പരിശീലനാർഥമുള്ള ഒരു കളി.അതിൽ പിശകുകൾ വരുത്തുന്നവ ചൂണ്ടിക്കാണിച്ച് തുടർന്നുള്ള കളിയിൽ ശരിയായി പങ്കെടുക്കാൻ അവരെ സജ്ജരാക്കണം. കുട്ടികളിലാർക്കും പ്രത്യേകിച്ച് വിഷമം തോന്നാത്ത വിധത്തി ലാകണം തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാട്ടേണ്ടത്. പൊതുവായി പറഞ്ഞു മനസ്സി ലാക്കാൻ കഴിയാതെ വന്നാലേ പ്രത്യേകം വിളിച്ചു പറയേണ്ടൂ. സംഘാടകൻ വാത്സല്യമുള്ള ഒരു വല്യേട്ടനാണെന്നു കുട്ടികൾക്കു തോന്നണം.

കുട്ടികളുടെ പ്രായം, ലഭ്യമായ സമയം, മുൻപരിശീലനം,അവസ്ഥ തുട ങ്ങിയവ കണക്കിലെടുത്ത് കളി ഏതു നിലവാരത്തിൽ എത്ര സമയം നടത്ത

ണമെന്ന കാര്യം തീരുമാനിക്കണം. ഒരു കളി എത്ര രസമുള്ളതായാലും കുട്ടികൾ ക്ഷീണിക്കുന്നതുവരെ തുടരരുത്. കളിച്ചു രസം പോകുംമുമ്പെ ഏതു കളിയും നിർത്തണം. മത്സരക്കളികളും അല്ലാത്തതും ഇടകലർത്തിയേ കളിപ്പിക്കാവു. മത്സരത്തിന് പ്രത്യേകം മധ്യസ്ഥരെ നിർത്തണം. മത്സരം ടീമുകളായി നടത്തുമ്പോൾ ഒരു ടീം ആദ്യം ലക്ഷ്യം നേടുന്നതോടെ മറ്റുള്ളവർ കളി നിർത്തിക്കളയരുത്, തുടർന്ന് പൂർത്തിയാക്കണം. കാരണം ആദ്യം തീർത്തവർ നിയമം തെറ്റിച്ചതായി നിരീക്ഷകർ കണ്ടുപിടിച്ചാൽ ആ ടീം തോൽക്കുമല്ലോ.

ചിട്ട: കളി തുടങ്ങാനും നിർത്താനും ഇടയ്ക്ക് ശബ്ദം നിർത്തി കളിക്കാർ ശ്രദ്ധിക്കാനും ഒക്കെ സൂചിപ്പിക്കുന്ന തരത്തിൽ വിസിലോ മറ്റെന്തെങ്കിലുമോ ഉപയോഗിച്ച് വിവിധ ശബ്ദമുണ്ടാക്കാം. അതു കേട്ടാലുടൻ അർഥം മനസ്സിലാക്കി കളിക്കാരെ അനുസരിക്കാൻ പരിശീലിപ്പിക്കണം. അതുപോലെ കളിക്കു വേണ്ട രീതിയിൽ അണിനിരക്കാൻ നിർദേശം ലഭിച്ചാലുടൻതന്നെ കുട്ടികൾ നിരയായോ വൃത്തമായോ ടീമായോ ഇടകലർന്നോ വേണ്ടവിധം നിൽക്കാൻ പരിശീലനം നൽകണം.

കളി ആരോഗ്യകരവും രസകരവും നിയമാനുസൃതവും ആകാൻ ഇത്തരം ചിട്ടകൾ ആവശ്യമാണ്. എന്നുകരുതി പട്ടാളച്ചിട്ടകളൊന്നും ഇറക്കി കുട്ടികളുടെ സർഗാത്മകതയും പ്രത്യേക കഴിവുകളും പ്രകടനശേഷിയും ഇല്ലാതാക്കരുത്.

കുട്ടികളെ കളിക്ക് തയ്യാറാക്കി നിർത്താനുള്ള ചില രീതികളിതാ:

1. ടീം ആയി തിരിക്കൽ

ആദ്യം പൊക്കമനുസരിച്ച് കുട്ടികൾ നിരന്നു നിൽക്കട്ടെ. എത്ര ടീമായി വിഭജിക്കണമോ അത്ര വരെ വീതം നമ്പരെടുക്കുക. രണ്ടായി വിഭജിക്കാൻ ഒന്ന്, രണ്ട്, ഒന്ന്, രണ്ട്, എന്നിങ്ങനെ നമ്പരെടുത്താൽ മതി. നാലാക്കിത്തിരിക്കാൻ നാലുവരെ നമ്പർ പറഞ്ഞുപോകണം. എന്നിട്ട് ഒന്ന് എന്നെണ്ണിയവർ അവിടെ



ത്തന്നെ നിൽക്കട്ടെ. രണ്ട് എന്നെണ്ണിയവർ ഒരു ചുവട് മുന്നോട്ടും മൂന്ന് എന്നെണ്ണിയവർ രണ്ടു ചുവട് മുന്നോട്ടും നാല് എന്നെണ്ണിയവർ മൂന്നു ചുവട് മുന്നോട്ടും മാറിനിന്നാൽ അത്രയും ടീമുകളായി. എന്നിട്ട് വരി ഒപ്പമാക്കണമെങ്കിൽ 'രണ്ട്' എന്നെണ്ണിയവർ ഒരു ചുവട് ഇടത്തോട്ടും മൂന്ന് എന്നെണ്ണിയവർ രണ്ടു ചുവടും, നാല് എന്നെണ്ണിയവർ മൂന്നു ചുവടും ഇടത്തോട്ടു നീങ്ങിനിന്നാൽ മതി.

2. പല ടീമുകളാക്കാൻ

ഒരു വലിയ സംഘം കുട്ടികളെ എട്ടോ പതിനാറോ മുപ്പത്തിരണ്ടോ ടീമുകളാക്കിത്തിരിക്കാൻ പെട്ടെന്ന് സാധിക്കും. ഉയരക്രമമനുസരിച്ച് കുട്ടികളെ മുഴുവൻ നിർത്തിയിട്ട് ഏതെങ്കിലും ഒരു വശത്തേക്ക് മാർച്ച് ചെയ്യിക്കുക. അല്പം ദൂരം പോയാൽ ഒന്നിടവിട്ടുള്ളവർ ഇടത്തോട്ടും വലത്തോട്ടുമായി തിരിഞ്ഞുപോയാൽ രണ്ടു ടീമാകും. ഈ ടീമുകളെ വീണ്ടും വീണ്ടും ഇങ്ങനെ ആവശ്യാനുസരണം വിഭജിക്കാം.

ടീമുകളുടെ എണ്ണം ഇഷ്ടമുള്ള രീതിയിൽ നിജപ്പെടുത്താൻ ആദ്യം പറഞ്ഞ രീതിയും ഒപ്പം ഉപയോഗപ്പെടുത്താം.

3. ടീമിന്റെ നില

A. **ഫയൽ രീതി:** എല്ലാ ടീമിലെയും ഒന്നാമൻമാരെ തുല്യ അകലത്തിൽ നിർത്തിയിട്ട് അതത് ടീമിലുള്ളവർ അവരുടെ ഒന്നാമന്റെ പിന്നിൽ നമ്പർ പ്രകാരം അണിനിരന്നു നിൽക്കാൻ പറയുക. ഇങ്ങനെ 'ക്യൂ' ആയി ടീം നിൽക്കുന്നതിനെയാണ് ഫയൽ രീതി എന്നു പറയുന്നത്. കളിയുടെ ആവശ്യ ത്തിനനുസരിച്ച് ഇങ്ങനെ നിൽക്കുന്നവരെ ഒരു കൈ അകലത്തിൽ വിട്ടുനിർ ത്തിയിട്ട് എല്ലാ ടീമുകളോടും വലത്തോട്ട് തിരിഞ്ഞു നിൽക്കാൻ പറയുക. ഇപ്പോൾ എല്ലാ ടീമിലെയും ഒരേ നമ്പരുകാർ ഒരേ നേർരേഖയിൽ വരുന്നതായി കാണാം.

1	1	1
2	2	2
3	3	3
4	4	4
5	5	5

ഫയൽ രീതി

B. **ക്രമമല്ലാത്ത വിധത്തിൽ ഉള്ള നില:** വളരെ പേർ ഇടകലർന്നു കളിക്കേണ്ട കളികൾക്ക് ഫയൽ രീതിയിൽത്തന്നെ ആദ്യം നിർത്തുക. എന്നിട്ട് സ്ഥലസൗകര്യമനുസരിച്ച് ആവശ്യാനുസരണം ഒന്നോ, രണ്ടോ, നാലോ കൈ അകലത്തിൽ വിട്ടു നിൽക്കട്ടെ. അതിനുശേഷം രണ്ട്,നാല്, ആറ് എന്നിങ്ങനെയുള്ള വരികൾ മൊത്തത്തിൽ മുന്നോട്ടോ പുറകോട്ടോ ഏതാനും ചുവട് മാറി നിന്നാൽ മതി. എല്ലാവരും വലത്തോട്ടുതിരിഞ്ഞുനിൽക്കുമ്പോൾ നേർക്കുനേരെ തുല്യനമ്പരുകൾ വരില്ല.

C. **വൃത്തമായി നിൽക്കൽ:** എല്ലാവരും കൈകോർത്തു പിടിച്ചാൽ വൃത്തമായി. കുട്ടികൾ തന്നെ അതു മനസ്സിലാക്കി വൃത്തത്തിന്റെ ആകൃതി ശരിയാക്കി നിൽക്കട്ടെ.

1		
2	1	
3	2	1
4	3	2
5	4	3
	5	4
		5

ക്രമമല്ലാത്ത വിധത്തിലുള്ള നില

വൃത്തമാകുന്നതിനുമുമ്പ് രണ്ടു വരിയായിട്ടാണ് നിൽക്കുന്നത് എങ്കിൽ ഓരോ ടീമിന്റെയും ഒന്നാമൻ മറ്റേ ടീമിന്റെ അവസാനത്തെ ആളുമായി കൈ കോർത്തു പിടിച്ചാൽ മതി.

D. **വൃത്തം ചെറുതാക്കാനും വലുതാക്കാനും:** വൃത്തമായി നിൽക്കുന്ന വർ കൈവിട്ട് നിന്ന നില്പിൽനിന്നും രണ്ടോമൂന്നോ ചുവട് പുറകോട്ട് ഇറങ്ങി നിന്നാൽ വൃത്തം വലുതായി. അതുപോലെ എല്ലാവരും മുന്നിലേക്ക് ഏതാനും ചുവട് കയറിനിന്നാൽ വൃത്തം ചെറുതായി.

E. **രണ്ടു വൃത്തമായി മാറാൻ:** വൃത്തത്തിൽനിൽക്കുന്നവരിൽപകുതിപേർ ഒരു വൃത്തമായും ബാക്കിയുള്ളവർ അതിനകത്തുതന്നെയുള്ള മറ്റൊരു വൃത്തമായും നിൽക്കാൻ ഒന്നിടവിട്ടുള്ളവർ ഒന്നുരണ്ടു ചുവട് അകത്തേക്കു കയറി നിന്ന് പരസ്പരം അകലം ക്രമീകരിച്ചാൽ മതി. ഇതിങ്ങനെ ചെയ്യാം: വൃത്തമായി നിൽക്കുന്നവർ നമ്പരെടുത്തിട്ട് രണ്ട്, നാല്, ആറ്, എട്ട് എന്നിങ്ങനെ നമ്പരുള്ളവർ തൊട്ടിടത്തുള്ളവരുടെ മുമ്പിൽ കയറി നിന്നാൽ തുല്യ അംഗബലമുള്ള രണ്ടു വൃത്തം അകത്തും പുറത്തുമായി കിട്ടും. വേണമെങ്കിൽ രണ്ടാംവൃത്തത്തിനുള്ളിൽ മൂന്നാമതൊരു വൃത്തവും ഇങ്ങനെയുണ്ടാക്കാം. അതിന് മറ്റൊരു മാർഗവും ഉപയോഗിക്കാം. മൂന്ന്, ആറ്, ഒൻപത്, പന്ത്രണ്ട് എന്നിങ്ങനെ നമ്പരുള്ളവർ മുമ്പിലേക്കു കയറി ഉള്ളിലുള്ള മൂന്നാം വൃത്തമായി നിൽക്കാവുന്നതാണ്.

F. **ഒരു വൃത്തത്തിൽത്തന്നെ രണ്ടു ടീം:** രണ്ടു ടീമിലെയും ഒന്നാമൻമാർ എതിർ ടീമിന്റെ അവസാനക്കാരുമായി കൈ പിടിച്ചു നിന്നാൽ മതി. അപ്പോൾ രണ്ടു ടീമുകളിലുമുള്ള ഒരേ നമ്പരുകാർ എതിർഭാഗത്തായി വരും. ഈ വൃത്തത്തിന്റെ എതിർഭാഗങ്ങളിൽ എവിടേയും ഏകദേശം തുല്യ ബലമായിരിക്കും.

4. കളികൾക്കു തയ്യാറാകൽ

കായിക ചലനം കൂടുതലുള്ള കളികളാണെങ്കിൽ കളി തുടങ്ങും മുമ്പ് കുട്ടികൾ നിവർന്നു നിന്ന് ദീർഘമായി ശ്വാസോച്ഛ്വാസം ചെയ്യുകയും കൈകാ

ലുകൾ വഴങ്ങിക്കിട്ടാൻവേണ്ടി ചലിപ്പിക്കുകയും കൈകാലിളക്കി പതുക്കെ ഓടുകയും ചെയ്യുന്നത് നല്ലതാണ്.

മുറിവോ, ചതവോ, ശാരീരിക പ്രശ്നങ്ങളോ ഉള്ള കുട്ടികൾ കളിയുടെ സഹായികളായി നിൽക്കട്ടെ. അവർക്കു പറ്റാവുന്നതരം കളികളിൽ മാത്രം അവർ പങ്കെടുത്താൽ മതി. കളി തുടങ്ങും മുമ്പ് കളിക്കാർ വ്യാപരിക്കുന്ന സ്ഥലത്തെങ്ങും കുപ്പിച്ചില്ലോ, മുള്ളോ, വൃത്തികേടുകളോ ഇല്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. അതിന് കുട്ടികളെത്തന്നെ നിയോഗിക്കാം.

5. ആസൂത്രണം

കളികൾ പലതരത്തിലുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ. കുട്ടികൾക്കു നൽകുന്ന ഓരോ കളിയുടേയും പേര്, ആ കളിയിലൂടെ കുട്ടികളാർജിക്കുന്ന കഴിവ് അഥവാ കളിയുടെ ഉദ്ദേശ്യം, ആ കളിക്കുവേണ്ട സ്ഥലസൗകര്യം, കളിസ്ഥലത്തിന്റെ സ്വഭാവം (അകത്തിരുന്നു കളിക്കേണ്ടതോ, പുറത്തിരുന്ന് കളിക്കേണ്ടതോ, എവിടെയും പറ്റുന്നതോ എന്നത്), പങ്കെടുക്കാവുന്ന കളിക്കാർ, പ്രായം, ഉപകരണങ്ങൾ, മുന്നൊരുക്കങ്ങൾ, സഹായികൾ എന്നിവയെപ്പറ്റി മുൻകൂട്ടി ആലോചിച്ചിരിക്കണം. എന്നാലേ ഓരോ ബാലവേദിയിലേയും കുട്ടികൾക്ക് ഏതൊക്കെ കളികൾ എപ്പോഴൊക്കെ നൽകണമെന്ന ഒരു ആസൂത്രണം നടത്താൻ കഴിയൂ. അതിനായി കളികളുടെ ഒരു ലിസ്റ്റ് മേല്പറഞ്ഞ സൂചനകൾ സഹിതം ഉണ്ടായിരിക്കുന്നത് നല്ലതാണ്. അത് മറിച്ചു നോക്കിയാൽ അനുയോജ്യമായ കളികൾ പെട്ടെന്നുതന്നെ തെരഞ്ഞെടുക്കുവാൻ കഴിയും.

6. കളിക്കൂട

ഓരോ കളിയും എങ്ങനെ നടത്തണമെന്നുള്ള വിവരണവും അതിനുവേണ്ട പ്രത്യേക സാധനങ്ങളും കൂടി അടുക്കി പെട്ടികളിലോ, കവറുകളിലോ ആക്കി ഫയൽപോലെ വയ്ക്കുന്ന സമ്പ്രദായമുണ്ട്. അതാണ് കളിക്കൂട. കളിക്കൂടയുടെ പുറത്ത് കളിയെപ്പറ്റിയുള്ള എല്ലാ സൂചനകളുമുണ്ടാകും. അതെടുത്തു വായിച്ചുനോക്കിയാൽ കുട്ടികൾക്കുതന്നെ ആ കളിയിൽ ഏർപ്പെടാൻ കഴിയും. ബാലവേദിയിൽ ഇത്തരം ചില കളിക്കൂടകളുണ്ടെങ്കിൽ വ്യത്യസ്തമായ പ്രായപരിധിയിലുള്ളവർക്ക് ഒരേ സമയം വ്യത്യസ്തമായ കളികളിലേർപ്പെടാൻ കഴിയും. കളിയുടെ സ്വഭാവത്തെപ്പറ്റിയുള്ള സൂചന നൽകാൻ ചില പൊതു സൂചനാ ചിത്രങ്ങളും കളിക്കൂടയുടെ പുറത്ത് വരച്ചിട്ടുണ്ടാകും.

ഏതാനും കളികൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. ■

11

പാട്ടുകൾ

കളികൾപോലെ തന്നെ പാട്ടുകളും കുട്ടികളെ അത്യധികം ആകർഷിക്കുന്ന ഒന്നാണ്. പാട്ട് കേൾക്കാനും ആസ്വദിക്കാനും പാടാനും താല്പര്യം എല്ലാവരിലുമുണ്ട്. മനുഷ്യൻ മാത്രമല്ല മൃഗങ്ങളും സസ്യങ്ങൾപോലും സംഗീതം ആസ്വദിക്കുന്നു എന്ന് അഭിപ്രായമുണ്ട്. എന്നാൽ സംഗീതം ആസ്വദിക്കാനും പാട്ടുകൾ പാടാനുമുള്ള അവസരങ്ങൾ ചെറിയ വിഭാഗം കുട്ടികൾക്കുമാത്രമെ ഇന്ന് ലഭിക്കുന്നുള്ളൂ. ഇതേ അവസരത്തിൽ സംഗീതം എല്ലാവർക്കും പ്രാപ്യമായ ഒന്നല്ലെന്നും, വലിയ പരിശീലനങ്ങളും ചട്ടവട്ടങ്ങളും ആവശ്യമാണെന്നുമുള്ള വിശ്വാസം ഇന്ന് വ്യാപകമായുണ്ട്. അതുകൊണ്ടു തന്നെ കുട്ടികളുടെ മനസ്സിൽ സ്വാഭാവികമായും ഉള്ള കഴിവുകൾപോലും പ്രകടിപ്പിക്കാനാവാതെ മുരടിച്ചുപോകുന്നു.

കുട്ടികളെ സംഗീതജ്ഞരാക്കുക എന്നതല്ല, മറിച്ച് പാട്ടുകൾ ആസ്വദിക്കാനും മനസ്സിലുള്ള പാട്ട് യാതൊരു മടിയുമില്ലാതെ ഉച്ചത്തിൽ പാടാനുമുള്ള സാഹചര്യം ഒരുക്കുകയാണ് ബാലവേദികളിലൂടെ ചെയ്യേണ്ടത്. ഒറ്റയ്ക്കു പാട്ടു പാടാൻ മടിക്കുന്ന കുട്ടികൾപോലും കൂട്ടത്തിൽ പാടാൻ യാതൊരു മടിയും കാണിക്കാറില്ല. അതുകൊണ്ട് കൂട്ടപ്പാട്ടുകൾക്കാണ് നാം മുൻഗണന നൽകേണ്ടത്. ഇതേസമയം ഒരു കാര്യം നാം മറന്നു പോകരുത്. "അധികമായാൽ അമൃതും വിഷം" എന്ന ചൊല്ലുപോലെ സർവ സമയങ്ങളിലും പാട്ട് മാത്രം എന്ന രീതി സ്വീകരിക്കരുത്. നിരവധി വർഷക്കാലത്തെ ബാലവേദി പ്രവർത്തനങ്ങളിലൂടെയും, ബാലോത്സവ ജാഥ, ബാലോത്സവങ്ങൾ, കളിക്കൂട്ടം, ഓണോത്സവം തുടങ്ങിയ പരിപാടികളിലൂടെയും ഒട്ടേറെ കുട്ടിപാട്ടുകൾ ഇതിനകം പരിഷത്ത് പ്രചരിപ്പിച്ചിട്ടുണ്ട്(അനുബന്ധം നോക്കുക). അവ സമാഹരിച്ച് ബാലവേദി കൂട്ടുകാർക്ക് പാടിക്കൊടുക്കുക, അവരെക്കൊണ്ട് പാടിക്കുക. അതോടൊപ്പം പുതിയവ കണ്ടെത്താനുള്ള ഒരു ശ്രമവും തുടങ്ങണം. ഇത് എളുപ്പം സാധിക്കാവുന്നതേയുള്ളൂ. ബാലവേദി യോഗങ്ങളിൽ കുറെ കുട്ടിക്കവിതകൾ പാടി അവതരിപ്പിക്കുക.

"മേടം നേടീ പുതിയ മഴ
പുതുവർഷത്തിൻ ഹർഷമഴ
ഇടിപൊടി ഇടിപൊടി ഇടവമഴ
ധിമി ധിമി തദ്ധിമി മിഥുനമഴ

തക്കിട തരികിട കർക്കിടകം
തിരിമുറിയാത്തൊരു വികൃതിമഴ
ചിന്നിച്ചിന്നിച്ചിങ്ങമഴ
മിന്നിമിനുങ്ങിക്കന്നിമഴ
തൂക്കം നോക്കി തുലാവമഴ
വൃശ്ചികമായാൽ കുളിരുമഴ
ധനുമകരത്തിൽ മഞ്ഞുമഴ
കുംഭം മീനം ആവിമഴ
മേടം നേടും പുതിയ മഴ
നവവർഷാഗമ ഹർഷമഴ
മഴ മഴ മഴ മഴ വിത്തുമഴ
മണ്ണിനു വിണ്ണിൻ മുത്തുമഴ"

* * *

"കുരുമുളകൊരുമുളകുരുളുരുള്
പെരുമുളകൊരുമുളകുരുളുരുള്
കുരുമുളകിരുമുളകുരുളുരുള്
കുരുമുളകിരുളിലുമുരുളുരുള്"

* * *

"ഇത്തിരി മാത്രം ഞാനെന്നാൽ
ഒത്തിരിയുണ്ടെൻ സാമർത്ഥ്യം
ഉണ്ണികളെന്നെത്തിന്നാലോ
കണ്ണീർ തൂകും ചിരികോട്ടും
തണ്ണീരൊത്തിരി മോന്തിക്കും
എന്നുടെ പേരു പറഞ്ഞാട്ടെ."

ഈ കവിതകൾ കുട്ടികൾക്കായി എഴുതപ്പെട്ടവയാണ്. ഇത്തരം നൂറുകണക്കിനു പാട്ടുകൾ പല പല പുസ്തകങ്ങളിലായും, വാരിക, മാസിക തുടങ്ങിയവയിലും, അധ്യാപകരുടെയും, മുത്തശ്ശി മുത്തച്ഛന്മാരുടെയും നാവിൻ തുമ്പിലും കുട്ടികളുടെ മനസ്സിലുമായി കുടുങ്ങിക്കിടക്കുകയാണ്. ഇവ സമാഹരിക്കുന്ന ഒരു പ്രവർത്തനം കുട്ടികളും പ്രവർത്തകരും ഒരുമിച്ചു ചേർന്നു നടത്താനുള്ള ഒരു പരിപാടി ബാലവേദികളിൽ തയ്യാറാക്കണം. കിട്ടുന്ന പാട്ടുകൾ ഈണം നൽകി കൂട്ടുകാർ പാടി പഠിക്കട്ടെ. അവ ബാലവേദി ഫയലിൽ നഷ്ടപ്പെടാതെ സൂക്ഷിക്കുകയുംകൂടി ചെയ്താൽ ഭാവിയിലേക്കും ഉപയോഗപ്പെടുത്താൻ സാധിക്കും.

പാഠപുസ്തകത്തിലെ പാട്ടുകൾ: മനോഹരമായ ഒട്ടേറെ പാട്ടുകളും കവിതകളും കുട്ടികളുടെ പാഠപുസ്തകങ്ങളിലുണ്ട്. പക്ഷേ, ക്ലാസ് മുറികളിൽ അവ പലപ്പോഴും വിരസമായാണ് കുട്ടികളിലേക്കു പകരുന്നത്. ആകർഷകമായ രീതിയോ, ആസ്വാദനത്തിന്റെ അംശമോ ലഭിക്കാൻ ഇത്തരം സന്ദർഭങ്ങളിലൂടെ സാധിക്കുന്നില്ല. ഇവിടെ ബാലവേദികൾക്ക് ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. പാഠപുസ്തകങ്ങളിലെ കവിതകൾക്കും, പാട്ടുകൾക്കും അർഹിക്കുന്ന ഈണം

നൽകി കുട്ടികളെ കൂട്ടായി പാടി പഠിപ്പിക്കുക എന്നതാവണം നാം ചെയ്യുന്ന പ്രവർത്തനം. ഏതാനും മാതൃക ബാലോത്സവ ജാഥയിലൂടെ പ്രചരിപ്പിച്ചിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ.

- **കാവ്യകേളി:** ഒട്ടനവധി പാട്ടുകളും കവിതകളും പാടി പഠിച്ചുകഴിഞ്ഞാൽ ബാലവേദികളിൽ സംഘടിപ്പിക്കാവുന്ന മനോഹരമായ കളിയാണ് കാവ്യകേളി.

  കുട്ടികൾ വട്ടത്തിലിരിക്കുന്നു. ഒരു കുട്ടി ഏതെങ്കിലും കവിതയുടെ / പാട്ടിന്റെ 8 വരികൾ ഈണത്തിൽ പാടുന്നു. ആ പാട്ടിലെ അഞ്ചാമത്തെ വരിയുടെ ആദ്യത്തെ അക്ഷരത്തിൽ ആരംഭിക്കുന്ന ഒരു കവിതയുടെ 8 വരിയാവണം അടുത്ത കുട്ടി പാടേണ്ടത്. ഇങ്ങനെ തുടർച്ചയായി കവിതകൾ പാടി കളിക്കാവുന്നതാണ്. മത്സരവും സംഘടിപ്പിക്കാം. എത്ര വരി പാടണം, ഏതുവരിയുടെ അക്ഷരത്തിൽ തുടങ്ങണമെന്നൊക്കെ ബാലവേദികൾക്ക് തീരുമാനിക്കാം.

- **നാടൻ പാട്ടുകൾ:** നമ്മുടെ നാട്ടിൻപുറങ്ങളിൽ കർത്താവാരെന്നുപോലുമറിയാത്ത ഒട്ടനവധി സുന്ദരമായ പാട്ടുകൾ തലമുറകളിലൂടെ കൈമാറി വന്നിട്ടുണ്ട്. മലയാളത്തിന്റെ തനിമയും, മണ്ണിന്റെ മണവുമലിഞ്ഞു ചേർന്നിട്ടുള്ള ഇത്തരം പാട്ടുകൾ കേരളത്തിന്റെ തനിസമ്പത്താണ്. ഇത്തരംപാട്ടുകൾശേഖരിച്ച് ബാലവേദികളിൽ പാടി പഠിക്കാവുന്നതാണ്. ചെഞ്ചീരപ്പാട്ട്, കുമ്പളപ്പാട്ട് മുതലായവ ഉദാഹരണങ്ങളാണ്. കൃഷിപ്പണി ചെയ്യുന്ന കർഷകത്തൊഴിലാളികളും മറ്റുമായി ബന്ധപ്പെട്ടാൽ ധാരാളം നാടൻ പാട്ടുകൾ സമാഹരിക്കാൻ കഴിയും.

- **വായ്ത്താരി:** അധ്വാനഭാരം കുറയ്ക്കാനും ആഹ്ലാദ നൃത്തത്തിനു താളമാകാനും മനുഷ്യൻ പണ്ട് നെയ്തവയാണ് വായ്ത്താരികൾ. പാട്ടിന്റെയും കവിതകളുടെയുമൊക്കെ ആദ്യരൂപം വായ്ത്താരികളാണ്. കുട്ടികളിൽ താളബോധം സൃഷ്ടിക്കാൻ വായ്ത്താരികൾക്കു സാധിക്കും. ഈ താളബോധം അവരുടെ കവിതാ രചനാ ഘട്ടത്തിലും മറ്റും വളരെയേറെ സഹായകമാകും. നാട്ടിൽ പ്രചാരത്തിലുള്ള വായ്ത്താരികൾ ശേഖരിച്ച് ബാലവേദികളിൽ പാടി പഠിച്ച് ചുവടുകൾ വയ്ക്കാവുന്നതാണ്.

  (ചില വായ്ത്താരികളും പാട്ടുകളും അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.) ■

12

ചിത്രം വര

ചിത്രം വരയ്ക്കാൻ താല്പര്യമില്ലാത്ത കുട്ടികൾ ഉണ്ടാവില്ല. കൊച്ചുകുട്ടികൾ കരികൊണ്ടും ചോക്കുകൊണ്ടും എല്ലാം കുത്തിവരച്ച് പല രൂപങ്ങളും വരയ്ക്കുന്നതും അവ അവന്റെ ഭാവനയിലെ വിവിധ രൂപങ്ങളാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നത് നാം കാണാറുണ്ട്.

കുട്ടികൾക്ക് തന്റെ ചുറ്റുപാടിനെ വരകളിലുടെ അനുകരിക്കാനുള്ള ഈ വാസനയെ പുഷ്ടിപ്പെടുത്താൻ താഴെ കൊടുത്ത പ്രവർത്തനങ്ങൾ സഹായകരമാവും.

1. കൂട്ട ചിത്രരചന

ഒരു ചുമരോ, തറയോ ചിത്രം വരയ്ക്കാൻ പാകപ്പെടുത്തുക. അവിടെ കുട്ടികൾ ഒന്നിച്ച് അവരവർക്കു ലഭിച്ച സ്ഥലത്ത് ഇഷ്ടമുള്ള ചിത്രങ്ങൾ വരയ്ക്കട്ടെ. ചുവടെ അവരുടെ പേരും എഴുതട്ടെ. എത്ര മോശമായാലും ഈ കൂട്ടചിത്രത്തിനു മൊത്തത്തിൽ നല്ല ഭംഗി ഉണ്ടാവും. ചിത്രരചന ആരംഭിക്കുന്നതിനു മുമ്പെ ഒരാൾ വേണ്ട നിർദേശങ്ങൾ നൽകണം.

ചിത്രരചനയ്ക്കു ശേഷം കഴിവുള്ള ഒരാൾ ചിത്രങ്ങൾ വിലയിരുത്തട്ടെ. കുട്ടികളോട് അവർ വരച്ച ചിത്രങ്ങളെക്കുറിച്ച് സംസാരിക്കട്ടെ. കരി, കളർ ചോക്ക്, ഇല, ചായം, മഷി, കല്ല് ഇവകൊണ്ടൊക്കെ ചിത്രം വരയ്ക്കാം. ബ്രഷിനു ക്ഷാമമുണ്ടെങ്കിൽ ചിലതരം വേരുകൾ, തെങ്ങിൻ കുലയുടെ തണ്ട് എന്നിവ ഉപയോഗിച്ച് ബ്രഷുണ്ടാക്കാം.

2. പ്രകൃതിസുന്ദരമായ സ്ഥലങ്ങളിൽ പോയി താല്പര്യമുള്ള ദൃശ്യങ്ങൾ നോക്കി വരയ്ക്കൽ.
3. വസ്തു നോക്കി വരയ്ക്കൽ– പെൻസിൽ ഉപയോഗിച്ചും ചായം ഉപയോഗിച്ചും.
4. ആശയം ചിത്രമാക്കൽ.
5. പോസ്റ്റർ നിർമാണം.
6. നിറമുള്ള കടലാസുകൾ, തുണിക്കഷണങ്ങൾ എന്നിവ മുറിച്ച് ഒട്ടിച്ചു ചിത്രമാക്കൽ.

7. അക്ഷരച്ചിത്രങ്ങൾ വരയ്ക്കൽ (അനുബന്ധം നോക്കുക).

8. സംഖ്യകൾകൊണ്ട് ചിത്രമുണ്ടാക്കൽ.

9. കാർട്ടൂൺ വര.

ഇങ്ങനെ പലതരം ചിത്രരചനകൾ ബാലവേദികളിൽ സംഘടിപ്പിക്കാവുന്നതാണ്. വരച്ച ചിത്രങ്ങളുടെയും, ലഭ്യമായ മറ്റു ചിത്രങ്ങളുടെയും പ്രദർശനങ്ങൾ സംഘടിപ്പിച്ചും ചിത്രരചനയെ പ്രോത്സാഹിപ്പിക്കാം. ■

13

സാമൂഹ്യസേവന പ്രവർത്തനങ്ങൾ

ബാലവേദികളുടെ സാമൂഹ്യ പ്രവർത്തനങ്ങൾ സാമ്പത്തികമായ സന്നാഹങ്ങളും മറ്റും ആവശ്യമുള്ളതാവരുത്. കൂട്ടായ ശ്രമങ്ങൾകൊണ്ടും, ചുറ്റുപാടുകളിൽനിന്ന് ശേഖരിക്കാൻ കഴിയുന്ന വസ്തുക്കൾകൊണ്ടും നടത്താവുന്ന ലളിതമായ പ്രവർത്തനങ്ങളാവണം. ചില പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. **വൃക്ഷവൽക്കരണം:** ബാലവേദിയിൽ കുട്ടികൾക്ക് ഒറ്റയായും കൂട്ടായും ചെയ്യാവുന്ന പ്രവർത്തനമാണിത്. പ്രകൃതി സംരക്ഷണ മനോഭാവം വളർത്തിയെടുക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിക്കും. ഫലവൃക്ഷങ്ങൾ നടാനാണ് പ്രേരിപ്പിക്കേണ്ടത്. സ്വന്തം വീട്ടിലും, ബാലവേദിയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുസ്ഥലത്തും ഫലവൃക്ഷങ്ങളുടെ വിത്തുകൾ ശേഖരിച്ചു നടട്ടെ. അതിന്റെ സംരക്ഷണവും ഈ പ്രവർത്തനത്തിന്റെ ഭാഗമാണ്. ബാലവേദിയുടെ ആഭിമുഖ്യത്തിൽ ഫലവൃക്ഷ നഴ്സറികൾ ഉണ്ടാക്കി നാട്ടുകാർക്ക് വിതരണം ചെയ്യുന്ന പ്രവർത്തനമായി ഇതിനെ വളർത്തിക്കൊണ്ടുവരാൻ സാധിക്കണം. പരിസര ദിനാചരണ പ്രവർത്തനവുമായി ഇതിനെ ബന്ധിപ്പിക്കുന്നത് നല്ലതാണ്.

2 **പച്ചക്കറിത്തോട്ടം:** ഇതും ബാലവേദി കൂട്ടുകാർക്ക് ഒറ്റയായും കൂട്ടായും ചെയ്യാവുന്ന പ്രവർത്തനമാണ്. കൃഷിഭവനുമായി ബന്ധപ്പെട്ടും വീടുകളിൽനിന്നും ആവശ്യമുള്ള വിത്തുകൾ ശേഖരിക്കാം. ബാലവേദിയുടെ നേതൃത്വത്തിൽ ഒരു സ്ഥലത്തോ, ഓരോ കൂട്ടുകാരന്റെയും വീട്ടു പറമ്പിലോ പച്ചക്കറിത്തോട്ടം നിർമിക്കാം. ഗ്രൂപ്പായി പരസ്പരം സഹായിച്ച് എല്ലാ പ്രവർത്തനങ്ങളും നടത്താൻ ശ്രദ്ധിക്കണം. വിത്തുനടൽ, പറിച്ചുനടൽ, വളം ചേർക്കൽ തുടങ്ങിയവയെപ്പറ്റി വിദഗ്ധരുമായി ചർച്ചചെയ്ത് മനസ്സിലാക്കി ശാസ്ത്രീയമായ രീതിയിൽ ശുശ്രൂഷിക്കാൻ ശ്രദ്ധിക്കണം. കൂട്ടുകാർ പരസ്പരം വീടുകൾ സന്ദർശിച്ച് പുരോഗതികൾ വിലയിരുത്തണം. വിളവെടുപ്പ് ആവേശകരമായ പ്രവർത്തനപരിപാടിയാക്കി മാറ്റണം. വിളവെടുപ്പ് ഉദ്ഘാടനമൊക്കെ ആസൂത്രണംചെയ്യാം.

ഇതോടൊപ്പം കേരളത്തിലെ തനതായ പൂച്ചെടികൾ നട്ടുവളർത്താനും, സംരക്ഷിക്കാനുമുള്ള പരിപാടികളും ആവിഷ്കരിക്കാൻ കഴിയും. ഇന്ന്,

പേരറിയാത്ത, പലപ്പോഴും വിഷസസ്യങ്ങൾ പോലും, നമ്മുടെ ഗൃഹപരിസരങ്ങളിൽ പരിഷ്കാരത്തിന്റെ ഭാഗമായി നട്ടു വളർത്തുന്ന പ്രവണത സമൂഹത്തിൽ വർധിച്ചു വരികയാണല്ലോ. പിച്ചി, മുല്ല, തുളസി, ശംഖുപുഷ്പം തുടങ്ങിയ സസ്യങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ബാലവേദി കൂട്ടുകാർ, തങ്ങളുടെ വീടുകളിൽ ഇത്തരം സസ്യങ്ങൾ നട്ടുവളർത്താനും സംരക്ഷിക്കാനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. ബാലവേദിയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുസ്ഥലത്ത് ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനം സമൂഹത്തിനു ഏറെ ഗുണകരമായ ഒന്നാണ്.

3. **ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ** രക്തദാനം, പ്രഥമശുശ്രൂഷ, പരിസര ശുചിത്വം, ക്ലോറിനേഷൻ, പുനർജലീകരണ ചികിത്സ (Rehydration) തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരായവരുടെ ക്ലാസുകൾ ബാലവേദിയിൽ സംഘടിപ്പിക്കണം. തുടർന്ന് ഗൃഹസന്ദർശനത്തിലൂടെ കിട്ടിയ അറിവ് നാട്ടുകാരുമായി പങ്കുവയ്ക്കണം.

നമ്മുടെ ഗ്രാമങ്ങളിലെ പ്രൈമറി ഹെൽത്ത്സെന്ററുകളും ആശുപത്രികളും ആവശ്യമായ ഉപകരണങ്ങളോ, സൗകര്യങ്ങളോ ഇല്ലാത്തവയാണ്. ബാലവേദികൾക്കും ചെറിയ ചില സഹായങ്ങൾ ഇക്കാര്യത്തിൽ ചെയ്യാൻ കഴിയും. ആശുപത്രികളിലെത്തുന്ന രോഗികൾക്ക് ഗുളികകൾ നൽകാനുള്ള കവറുകൾ നിർമിച്ച് നൽകുക എന്നത് ബാലവേദി കൂട്ടുകാർക്ക് ഈ രംഗത്ത് ചെയ്യാൻ പറ്റുന്ന ഒരു പ്രവർത്തനമാണ്. ഒരു വർക്ക്ഷോപ്പിൽ വച്ചാവാം കവർ നിർമാണം. നിർമിച്ച കവറുമേന്തി ആശുപത്രിയിലേക്ക് ജാഥ. ആശുപത്രി ജീവനക്കാർ ചേർന്ന് കുട്ടികളെ സ്വീകരിക്കട്ടെ. അനുമോദിക്കട്ടെ.

1. ബസ് വെയിറ്റിംഗ് ഷെഡ് നിർമാണം.

2. നാട്ടിലെ ലൈബ്രറിയുമായി ബന്ധപ്പെട്ട് പുസ്തകങ്ങൾ ബൈന്റു ചെയ്തു കൊടുക്കൽ.

3. കോളറ, കണ്ണുരോഗം, വസൂരി തുടങ്ങിയ പകർച്ചവ്യാധികൾ സമൂഹത്തിൽ പിടിപെടുമ്പോൾ, രോഗം പകരുന്നത് തടയാനുള്ള ശാസ്ത്രീയ മാർഗങ്ങൾ ശേഖരിച്ച് സമൂഹത്തിൽ പ്രചരിപ്പിക്കൽ.

4. വരൾച്ചക്കാലത്ത് ജലസംരക്ഷണം.

5. കിണറുകൾ സന്ദർശിച്ച്, കിണറും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും, അങ്ങനെ സൂക്ഷിക്കുന്ന രീതികളും വീട്ടുകാരുമായി ചർച്ച ചെയ്യൽ.

6. ആരോഗ്യവാർത്താ ബോർഡുകൾ സ്ഥാപിക്കൽ.

7. പൊതുവഴി വൃത്തിയാക്കൽ, കമ്പോസ്റ്റുകുഴി നിർമാണം.

8. പ്രതിരോധ കുത്തിവയ്പുകളെക്കുറിച്ചുള്ള പ്രചാരണം.

9. തുറന്നുവച്ചതും മായം ചേർത്തതുമായ ഭക്ഷണപദാർഥങ്ങൾ ഒഴിവാക്കാനുള്ള പ്രവർത്തനം.

ഇങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കാൻ കൂട്ടായി ശ്രമിക്കാം. ■

14

അനുബന്ധങ്ങൾ

അനുബന്ധം - 1

ബാലവേദിപ്പാട്ടുകൾ

1 തന്നാരോ തന്നാരോ
തന്നാരോ തന്നാരോ
ഒന്നാം മലകേറി ചെന്നപ്പഴേ കിളി
ഒന്നരമട്ടകത്തേനെടുത്തേ
തേനെടുത്താൻ കിളി, കതിരെടുത്താൻകിളി
തേനും കൊണ്ടക്കിളിത്താലോലം
തങ്കത്തിത്തറുകത്തിത്താലോലം കിളി,
താലോലംകിളി താലോലം.

* * *

2 അക്ഷരമുത്തുകൾ കൊത്തിയെടുക്കും
കുഞ്ഞരിപ്രാവുകൾ ഞങ്ങൾ കുഞ്ഞരിപ്രാവുകൾ
മണ്ണിന്റെമാറിൽ തുള്ളാട്ടം തുള്ളും
പുള്ളിമാൻകുട്ടികൾ ഞങ്ങൾ പുള്ളിമാൻ കുട്ടികൾ
കൊക്കും കൊക്കുമുരുമ്മിയുരുമ്മി
കൂട്ടരായെത്തുമീ, ഞങ്ങൾ കൂട്ടരായെത്തുമേ
മാനത്തേക്കു പറക്കും ഞങ്ങടെ
ചിറകുകൾ കൊത്തിമുറിക്കല്ലേ
നാളത്തേക്കു കുതിക്കും ഞങ്ങളെ-
ഇരുളിൻ കൂട്ടിലടയ്ക്കല്ലേ......

* * *

3 കുട്ടി നല്ല കുട്ടി
കോഴിമുട്ട തിന്നു
മുട്ട പോലുരുണ്ടു
കുട്ടിമുഖം മുട്ട
കുട്ടിമൂക്കു മുട്ട
കുട്ടിക്കണ്ണു മുട്ട
കുട്ടിക്കയ്യു മുട്ട
കുട്ടിക്കാലു മുട്ട
കുട്ടിയുടൽ മുട്ട
കുട്ടി നല്ല കുട്ടി
മുട്ട പോലെയെന്നാൽ
കോഴിയായതില്ല
മുട്ടയിട്ടതില്ല.

* * *

4 നെല്ലുകൊയ്യട കോരാ
എനിക്കു വയ്യെന്റമ്മേ
നെല്ലു കുത്തട കോരാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞിവയ്ക്കട കോരാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞികുടിയ്ക്കട കോരാ
അങ്ങനെ പറ യെന്റമ്മേ!
അമ്മ: പോടാ! പോയി പണി ചെയ്യ്.
അന്നുമുതൽക്കാ കുഴിമടിയൻ
പണി ചെയ്യാനാരംഭിച്ചു.

* * *

5 ഉരിയരി വേവിച്ചുരുളയുരുട്ടി
ഉരുളയെടുത്തിട്ടുരുളിയിലിട്ടു
ഉരുളിയെടുത്തിട്ടുറിമേൽ വച്ചു
ഉറിയിലിരുന്നിട്ടുരുളിപിരണ്ടു
ഉരുളയുമുരുളിയുമുറിയും കൂടി-
തിത്തോം തകൃതോം തറയിൽ വീണി-
ട്ടുരുളകളങ്ങനെയുരുളോടുരുള്!
ഉരുളയുമുരുളിയുമുരുളോടുരുള്.

* * *

6 തിത്തിനുന്താരോ, തിനുന്തിനുന്താരോ
തിനുന്തിനുന്താരോ, തിനുരോ

തെയ്യത്തിനുന്തോ തിനുന്തിനുന്താരോ
താരോതിനുന്തോ തിനുന്താരോ

പാട്ടുപാടെടി പെണ്ണാളെ, ഈണത്തിൽ പാടെടി പെണ്ണാളെ
താത്തിക്കൊയ്യെടി പെണ്ണാളെ, താളത്തിൽ കൊയ്യെടി പെണ്ണാളെ
കേറിക്കൊയ്യെടി പെണ്ണാളെ, മേളത്തിൽ കൊയ്യെടി പെണ്ണാളെ
ഒത്തുകൊയ്യെടി പെണ്ണാളെ, ഒന്നോടെ കൊയ്യെടി പെണ്ണാളെ

പാട്ടുപാടെടി ഈണത്തിൽ പാടെടി
താത്തിക്കൊയ്യെടി താളത്തിൽ കൊയ്യെടി
കേറിക്കൊയ്യെടി മേളത്തിൽ കൊയ്യെടി
ഒത്തു കൊയ്യെടി ഒന്നോടെ കൊയ്യെടി
കൺമണിയാളെ പെണ്ണാളെ.

തിത്തിനുന്താരോ തിനുന്തിനുന്താരോ
തിനുന്തിനുന്താരോ തിനുന്താരോ.

* * *

7 കാണാത്ത പാടത്ത് കാണാപ്പാടത്ത്
ഇല്ലാത്ത വിത്തെന്നൊരില്ലാ വിത്ത്
വിതച്ചിട്ടും വിതച്ചിട്ടും മുളവന്നില്ലാ,
മുളവന്നില്ലാ... മുളവന്നില്ല.

ഒരുവട്ടം വിതച്ചിട്ടും ഇരുവട്ടം വിതച്ചിട്ടും
മൂവട്ടം വിതച്ചിട്ടും മുളവന്നില്ലാ
മുളവന്നില്ലാ.... മുളവന്നില്ലാ.....

കാണാത്ത പാടത്ത് കാണാപ്പാടത്ത്
ഇല്ലാത്തകത്തിയൊരില്ലാക്കത്തി
വിളകൊയ്യാൻ ചെന്നപ്പോ അയ്യയ്യയ്യാ...
വിളകണ്ടില്ലാ... വിളകണ്ടില്ലാ... വിളകണ്ടില്ലാ..

കാണാത്ത പാടത്തെ കൊയ്ത്തുപോലാണേ
കാണാപ്പാഠം പഠിത്തം
നമ്മുടെ കാണാപ്പാഠം പഠിത്തം.

അക്ഷരം നോക്കാതെ, യർത്ഥമറിയാതെ
തത്തമ്മേ തത്തമ്മേ പൂച്ച പൂച്ച്
തത്തമ്മേ തത്തമ്മേ പൂച്ച പൂച്ച.

* * *

8 തന്നാനം തന്നാനം പാടാം കൂട്ടരെ
താളം പിടിച്ചോളിൻ തന്നാനം
മണ്ണുകിളച്ചു മറിച്ചു വളമിട്ടു
തന്നാനം തന്നാനം തന്നാനം

(തന്നാനം)

മണ്ണിന്റെ മാറിൽ മനുഷ്യനൊരുക്കിയ
തന്നാനം പാട്ടുകൾ കേട്ടോളൂ

(തന്നാനം)

വിത്തെല്ലാം മണ്ണിലെറിഞ്ഞു നനച്ചപ്പോൾ
മണ്ണിന്റെ മാറിൽ മുളപൊട്ട്യേ ....

(തന്നാനം)

ഓരിലയീരിലവന്നുവലുതായി
ഓണനിലാവിന് തന്നാനം

(തന്നാനം)

പൂവന്നു കായ്‌വന്നു തന്നാനം പാടുവാൻ
ഒന്നുചേർന്നെത്തേണം കൂട്ടാരെ

(തന്നാനം)

* * *

9 താത തക്കിട തന്നാരോ...... തക
തക്കിട തക്കിട തന്നാരോ...
ഒന്നു ചിരിക്കുവിൻ കൂട്ടുകാരെ
നമ്മളൊന്നായ് ചിരിക്കുവിൻ കൂട്ടുകാരെ

(താത തക്കിട......)

ഇന്നു പഠിക്കുവിൻ കൂട്ടുകാരെ
നമ്മളൊന്നായ് പഠിക്കുവിൻ കൂട്ടുകാരെ

(താതാ തക്കിട.....)

എന്നും കളിക്കുവിൻ കൂട്ടുകാരെ
നമ്മളൊന്നായ് കളിക്കുവിൻ കൂട്ടുകാരെ

(താത തക്കിട.....)

നന്നായെ് വളരണം കൂട്ടുകാരെ
നമ്മളൊന്നായ് വളരണം കൂട്ടുകാരെ

(താത തക്കിട.......)

പൊട്ടിച്ചിരിച്ചു കളിച്ചു രസിച്ചു നാം
എന്നും വളരണം കൂട്ടുകാരെ

താത തക്കിട....)

* * *

10 ഇരുളുചീന്തിയെറിയുവാൻ
കരളുറപ്പു നേടുവാൻ
പുതിയമാനവീയശാസ്ത്ര
ശക്തിനേടിയുയരുവാൻ

(ഇരുളു...)

ഒരുമയുള്ള മനസ്സുമായ്
അരിയസംഘശക്തിയായ്
വരികയായി ഞങ്ങളീ
ബാലവേദി കൂട്ടുകാർ

(ഇരുളു...)

ശിഥിലജാതി വർണചിന്തയില്ല ഞങ്ങളിൽ
രുധിരദാഹമുള്ള യുദ്ധചിന്തയില്ല ഞങ്ങളിൽ
അറിവുനേടിയുയരുവാൻ
അരിയസംഘശക്തിയായ്
വരികയാണ് ഞങ്ങളീ
ബാലവേദി കൂട്ടുകാർ

(ഇരുളു....)

വിശ്വമാനവത്വമെന്ന ലക്ഷ്യമുണ്ടു ഞങ്ങളിൽ
വിശ്വമോചനത്തിനുള്ള മാർഗമുണ്ടു മുന്നിലായ്
വിവിധ ശാസ്ത്ര ചിന്തകൾ
വിളഞ്ഞ ബോധമണ്ഡലം

വിപുലമാക്കുവാൻ വരുന്നു
ഞങ്ങളീ കുരുന്നുകൾ

(ഇരുളു....)

* * *

11 വിശ്വാസങ്ങൾ തിരുത്തിയെഴുതിയ
ശാസ്ത്രകഥാനുഗായകരേ-
ഇതിലേ, ഇതിലേ, ഇതിലേ.
പാഞ്ഞുവരട്ടേ... നിങ്ങടെ സ്വർണരഥം
നിങ്ങടെ സ്വർണരഥം.... നിങ്ങടെ സ്വർണരഥം
ശിലായുഗത്തിലെ ഗുഹാമനുഷ്യൻ
തീകത്തിച്ചതു ശാസ്ത്രം
ആധുനികോത്തരമനുഷ്യനിന്നു
ചന്ദ്രനിലെത്താൻ ശാസ്ത്രം
ശാസ്ത്രമൊന്നേ സത്യം.

അജ്ഞാനാന്ധത തുടച്ചുമാറ്റിയ
ശാസ്ത്രസത്യാന്വേഷികളേ

യുഗാന്തരങ്ങൾ നമുക്കു നല്കിയ
ശാശ്വതമാകും സത്യം
ശാസ്ത്രമൊന്നേ സത്യം.

സയൻസു നല്കിയ ചിറകുകളിൽ
വിജ്ഞാനത്തിൻ വീഥികളിൽ
വരുന്നു ഞങ്ങൾ കലയുടെ-
വീണക്കമ്പികൾ മീട്ടിപ്പാടി
ശാസ്ത്രമൊന്നേ സത്യം.

* * *

12 തിത്തിന്നം തെയ്യന്നം തൃകുതിന്തിന്നം താരോ
തൃകുതിത്തിന്നം തെയ്യന്നം തൃകുതിന്തിന്നം താരോ
കുരുവികളോ കുരവകളിട്ടു
കരിവണ്ടോ പാടി നടന്നു
പുതുമലരോ നിന്നു കുണുങ്ങി
പുലരിയതാ വന്നു വിളിച്ചു
കന്നിക്കൊയ്ത്തായി വിളഞ്ഞൊരു
പാടത്ത് കൊയ്ത്തിനു ചെല്ലാൻ
പൊന്നാര്യൻ മാടിവിളിക്കണ്
പോകുന്നൂ ഞങ്ങളശേഷം

(തിത്തിന്നം...)

കതിരണിയും പാടം കൊയ്തു
കളമിട്ടു കറ്റയടുക്കി
മെതിയുടനെ വേണം കാറ്റിൽ
പതിരു പറത്തിക്കളയേണം
പൊന്മണികൾ പോലെ വിളങ്ങിന
നെന്മണികൾ കൊണ്ടൊരു കൂന
മന്നിന്റെ മക്കളെ നമ്മൾ-
ക്കിന്നാ പൊന്നോണപ്പുലരി

(തിത്തിന്നം....)

കുരുവികളേ ഞങ്ങളു കൊയ്തു
കുരവയിടാൻ വരുമോ നാളെ
പുലരിവരും പൂവിരിയും പുതു-
മധുവുണ്ണാൻ വണ്ടു പറക്കും
വരണമിനി നിങ്ങളു വീണ്ടും
കുരവയിടാൻ ഒരു വർഷത്തെ
കഥ പറയാൻ പാടാൻ വീണ്ടും
കതിരണിയും ഞങ്ങളു പോണു

(തിത്തിന്നം.....)

* * *

13 താനന്നെ താനന്നെ താന്നായിനെ തനി
താനന്നെ താനന്നെ താന്നായിന്നെ
കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെങ്ങനെ കിട്ടിയീ കുപ്പിവള
കൊച്ചീക്കോട്ടയ്ക്കു കുമ്മിയടിച്ചപ്പം
കൊച്ചച്ചൻ തന്നതീ കുപ്പിവള

(താനന്നെ......)

കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെങ്ങനെ കിട്ടിയീപ്പാദസരം
കുമ്മിയടിക്കുവാൻ കൂട്ടത്തിപ്പോയപ്പം
സമ്മാനം കിട്ടിയിപ്പാദസരം

(താനന്നെ....)

കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെങ്ങനെ കിട്ടിയീ മുത്താക്ക്
കൊച്ചീക്കായലിൽ കപ്പലിൽ വന്നവർ
കല്പിച്ചു തന്നതീ മുത്താക്ക്

(താനന്നെ.....)

കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെങ്ങനെ കിട്ടിയീ മൂക്കുത്തി
കൊച്ചീക്കോട്ടയ്ക്കു കുമ്മിയടിച്ചപ്പം
കൊച്ചച്ചൻ തന്നതീ മൂക്കുത്തി

(താനന്നെ...)

കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെങ്ങനെ കിട്ടിയീ കണ്ണിളക്കം
മാനത്തു പൊന്നിന്റെ മുത്തുവിതച്ചവൻ
മാനിച്ചുതന്നതീ കണ്ണിളക്കം.

(താനന്നെ...)

* * *

14 ഒരുവിരലാടുമ്പോൾ ആടുമ്പോൾത്തന്നെ
ആടാം പാടാം കഥ പറയാം
ഇരുവിരലാടുമ്പോൾ ആടുമ്പോൾത്തന്നെ
ആടാം പാടാം കഥ പറയാം

– ഇപ്രകാരം മൂവിരൽ, നാൽ വിരൽ തുടങ്ങി പത്തുവിരൽ വരെ ചൊല്ലിയശേഷം–

ഒരുകൈ ആടുമ്പോൾ ആടുമ്പോൾത്തന്നെ
ആടാം പാടാം കഥ പറയാം

ഒരു കൈയിരുകൈയാട്ടുമ്പോൾ
ആടുമ്പോൾത്തന്നെ
ആടാം പാടാം കഥ പറയാം
ഒരുകൈ, യിരുകൈയൊരു കാലാടുമ്പോൾ
ആടുമ്പോൾത്തന്നെ
ആടാം പാടാം കഥ പറയാം
ഒരുകൈ, യിരുകൈ, യൊരു
കാലിരുകാ, ലൊരു തലയാടുമ്പോൾ
ആടുമ്പോൾത്തന്നെ
ആടാം പാടാം കഥ പറയാം

* * *

15 നിങ്ങളുടെ നാട്ടിലിപ്പോൾ എന്തുപണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ നിലമുഴൽ ആണെടോ.
നിലമുഴൽ എങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?
നിലമുഴൽ ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ.
നിങ്ങളുടെ നാട്ടിലിപ്പോൾ എന്തു പണിയാണെടോ?
ഞങ്ങളുടെ നാട്ടിലിപ്പോൾ കട്ടതല്ലൽ ആണെടോ.
കട്ടതല്ലൽ എങ്ങനെ പിന്നെങ്ങനെ പിന്നെങ്ങനെ?
കട്ടതല്ലൽ ഇങ്ങനെ പിന്നിങ്ങനെ പിന്നിങ്ങനെ.

....
.... ഞാറുനടീൽ
.... കളപറിക്കൽ
.... കൊയ്ത്തുപണി
.... കറ്റതല്ലൽ

തുടങ്ങിയ ചോദ്യോത്തരങ്ങൾ പ്രാദേശിക ബോധത്തോടെ തയ്യാറാക്കുക.

16 കിലുകിലുക്കം കിലുകിലുക്കും ചെപ്പുകൾ ഞങ്ങൾ
കളകളാരവം പൊഴിക്കും മുത്തുകൾ ഞങ്ങൾ
വിശ്വസൗന്ദര്യമേ പ്രഭ ചൊരിഞ്ഞിടൂ
പാരിടം മുഴുക്കെ ഞങ്ങൾ കണ്ടിടട്ടേ....കണ്ടിടട്ടേ.
കാണുവാൻ കേൾക്കുവാൻ ചോദിക്കുവാൻ..
ചോദിക്കുവാൻ
ഉത്തരങ്ങൾ തേടുവാൻ ധീരരാവാൻ
വിശ്വസൗന്ദര്യമേ പ്രഭ ചൊരിഞ്ഞിടൂ
വിശ്വമാകെ ചിറകടിച്ചു ഞങ്ങൾ വരുന്നൂ.... ഞങ്ങൾവരുന്നൂ.
ലോകമാകെ ശാന്തിഗീതമാലപിക്കുവാൻ...
ആലപിക്കുവാൻ
യുദ്ധമോഹ രാക്ഷസരെ ചങ്ങലയ്ക്കിടാൻ

പട്ടിണിക്കുമജ്ഞതയ്ക്കുമറുതി വരുത്താൻ
വിശ്വമാകെ സന്തോഷപ്പന്തലുകെട്ടാൻ
ഒരൊറ്റ ജാതി ഒറ്റവർഗമൊറ്റലോകമായ്
പഠിച്ചിടാൻ വളർന്നിടാൻ ഞങ്ങൾ വരുന്നു....
ഞങ്ങൾ വരുന്നു.

അനുബന്ധം - 2

വായ്ത്താരികൾ

1 താനാ തനതന താനാ തനതന
താനാ തനതന തിന്തിനതോം.

2 താത തക്കിട തന്നാരോ തക
തക്കിട തക്കിട തന്നാരോ

3 തിത്തെ തക തെയ് തെയ്തോം

4 തിത്തിത്താ തിത്തെ തെയ്

5 ഓ.. തിത്തിത്താരേ തിത്തിത്തെയ്
തിത്തെ തക തെയ് തെയ് തോം.

6 തന്നാ-താനേ-താനേ-തന്നിന്നാ
തനൈ താനിന ത്താനിന
തന്നാ-നാനേ-താനേ- തന്നിന്നാ

7 തൈത്ത തൈത്തെ ത്തോം
തക തൈത്ത തൈത്തെ ത്തോം

8 തിമിതരികിട തിമിതക താതെയ്യത്തെയ്യാം തകതെയ്

9 താരിളം തെയ്യാരാ തെയ്യത്താരാ താരിളം തെയ്യാരാ..
താരിളം തെയ്യാ തെയ്യത്താരെ താരിളം തെയ്യാരാ...

10 തെയ്യക്കോം തെയ്യക്കോം തക തെയ്യക്കോം താരോ
തെയ്യക്കോം തെയ്യക്കോം തകതെയ്യക്കോം താരോ

11 തെയ്യത്തക തെയ്യത്തക തെയ്യത്തക താരോ
തിത്തരികിട തിത്തെയ്യം തിത്തരികിട താരോ

അനുബന്ധം - 3

കളികൾ

1. മഴക്കയ്യടി

ലീഡർ നിർദേശിക്കുന്നതനുസരിച്ച് കുട്ടികൾ കൈയടിക്കുന്നു. ഇടതു കൈയിൽ വലതുകൈ വിരലുകൾ ചേർത്ത് ശബ്ദം ഉണ്ടാക്കട്ടെ. ക്രമേണ നാലുവിരലുകൾ, മൂന്നുവിരലുകൾ, രണ്ട് വിരലുകൾ, ഒരു വിരൽ– വീണ്ടും രണ്ട് വിരൽ, മൂന്ന് വിരൽ, നാല് വിരൽ എന്നിങ്ങനെ ആവർത്തിച്ച് ഒരുമിച്ച് ശബ്ദം ഉണ്ടാക്കട്ടെ.

2. താളം പിടിക്കൽ

- മൂന്നു പ്രാവശ്യം കൈകൊട്ടുന്നു.
- തുടയിൽ തട്ടി ശബ്ദമുണ്ടാക്കുന്നു.
- വലതു കൈവിരൽ ഞൊടിക്കൽ.
- ഇടതുകൈവിരൽ മൂന്നുപ്രാവശ്യം ഞൊടിക്കുന്നു.
- വലതുകാൽ മൂന്നു പ്രാവശ്യം തറയിൽ ചവിട്ടി ശബ്ദമുണ്ടാക്കുന്നു.

3. സോഡാ–മൈമിംഗ്

ഒരു സോഡാക്കുപ്പി തുറന്ന് കുടിക്കുന്നതായി സദസ്സ് മൊത്തം അഭിനയിക്കുന്നു. ലീഡറുടെ അഭിനയത്തെ മറ്റുള്ളവർ അനുകരിക്കട്ടെ.

4. യുറീക്കാ ക്ലാപ്സ്

യു,റീ,ക്കാ– കൈയടിക്കുന്നതോടൊപ്പം യു,റീ,ക്കായെന്നു പറയുകയും ചെയ്യുന്നു.

5. സങ്കോചവികാസക്കളി

ആൺകുട്ടികളും പെൺകുട്ടികളും ഒന്നിടവിട്ട് കൈകോർത്ത് പിടിച്ച് വൃത്താകൃതിയിൽ നിൽക്കുന്നു. വൃത്തം പരമാവധി വികസിപ്പിക്കട്ടെ. അധ്യാപ

കൻ മധ്യഭാഗത്തായി നിൽക്കുക. വിസിൽ മുഴങ്ങുമ്പോൾ കൈവിടാതെ തന്നെ എല്ലാ കുട്ടികളും ഓടിവന്ന് അധ്യാപകനെ തൊടുന്നു. തൊട്ടടുത്ത വിസിൽ മുഴങ്ങുമ്പോൾ പഴയ സ്ഥാനത്തേക്ക് ഓടിപ്പോകും. ഇത് രണ്ടു മൂന്ന് പ്രാവശ്യം ആവർത്തിക്കാം. വൃത്തം വലുതാകുമ്പോഴും ചെറുതാകുമ്പോഴും 'ആ' എന്ന ശബ്ദം എല്ലാവരും ചേർന്ന് പുറപ്പെടുവിച്ചുകൊണ്ടുവരട്ടെ.

6. എത്രപേർ? എത്രപേർ?

കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു. വിസിൽ ശബ്ദം കേൾക്കുമ്പോൾ വൃത്തപരിധിയിലൂടെ ഓടുന്നു. അധ്യാപകൻ താളത്തിൽ ' എത്രപേർ? എത്രപേർ?' എന്ന് ചോദിക്കുന്നു. ഓടുന്ന കുട്ടികൾ 'പറയൂ പറയൂ എത്രപേർ? എന്ന് തിരിച്ചും. അധ്യാപകൻ'രണ്ട്' എന്ന് പെട്ടെന്ന് പറയുന്നു. ഉടൻതന്നെ കുട്ടികൾ രണ്ടുപേരുള്ള ഗ്രൂപ്പുകളാവുന്നു. മൂന്ന്,അഞ്ച്, ഏഴ് എന്നിങ്ങനെ ഗ്രൂപ്പിലെ എണ്ണം വ്യത്യസ്തമാക്കാവുന്നതാണ്.

7. പ്രതിമ

കുട്ടികൾ വൃത്താകൃതിയിൽ ഓടുന്നു. ലീഡർ വിസിൽ മുഴക്കിക്കൊണ്ടേയിരിക്കുന്നു. വിസിൽ നിൽക്കുമ്പോൾ നിശ്ചലമാവുന്നു. ചലനം പാടില്ല. ചലന നിൽക്കുമ്പോൾ ചലിക്കുന്നവർ പുറത്താകുന്നു.

8. മൂക്കുപിടുത്തം

കുട്ടകൾ വൃത്താകൃതിയിൽ നിൽക്കുന്നു. ലീഡർ വൃത്തത്തിനുള്ളിൽ. ലീഡർ ഒഴികെയുള്ളവർ വലതുകാൽ ലേശം ഉയർത്തി വലതുകൈയിൽ കാല് താങ്ങി കൈകൊണ്ട് മൂക്കിൽ പിടിച്ചിരിക്കണം. ലീഡർ അങ്ങനെയല്ലാതെ നിൽക്കുന്ന വരെ ഓടിവന്ന് തൊടുന്നു. തൊട്ടുകഴിഞ്ഞാൽ ലീഡറുടെ സ്ഥാനത്തേക്ക് അയാൾ വരുന്നു. കളി തുടരുന്നു.

9. മീൻ വല

ഒരു നിശ്ചിത സ്ഥലം കുളമായി രേഖപ്പെടുത്തുക. കുട്ടികളെല്ലാം മീനുകളായി മാറുന്നു. കുളത്തിൽ ഓടിക്കളിക്കുന്നു. മീൻപിടുത്തക്കാരൻ ഒരു മീനിനെ തൊടുന്നു. ഉടൻ തന്നെ അയാൾ വലയുടെ ഭാഗമാകുന്നു. ക്രമേണ കൂടുതൽ ആൾക്കാരെ തൊടുന്നതനുസരിച്ച് വലയുടെ നീളം കൂടിവരുന്നു.

10. നേതാവിനെ കണ്ടെത്തൽ

വൃത്താകൃതിയിൽ കുട്ടികൾ നിൽക്കട്ടെ. ഒരാൾ മധ്യഭാഗത്തും. ടീമിലെ ഒരാൾ ഒരു പ്രവർത്തനം ആരംഭിക്കുന്നു. അതുടൻതന്നെ മറ്റുള്ളവരെല്ലാം അനുകരിക്കുന്നു. വൃത്തത്തിനുള്ളിൽ നിൽക്കുന്ന കുട്ടി 'നേതാവിനെ' കണ്ടെത്താൻ ശ്രമിക്കുന്നു. പ്രവർത്തനം ഇടയ്ക്കിടെ മാറ്റിക്കൊള്ളണം. ഉദാ: കൈ ഞൊടിക്കുക,തലചൊറിയുക, മൂക്കുപിടിക്കുക.....

11. കൂട്ടുകാരനെ കണ്ടെത്തൽ

കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു. ഒന്ന്,രണ്ട്, ഒന്ന്,രണ്ട് എന്നിങ്ങനെ ആവർത്തിച്ച് നമ്പറെടുക്കുന്നു. തുടർന്ന് ഒന്ന് എന്നു പറഞ്ഞവരെല്ലാം ഓടി പിറകോട്ടുമാറുന്നു. രണ്ട് എന്ന് നമ്പർ പറഞ്ഞവരും ഒന്നെന്നു പറഞ്ഞവരും മുഖാമുഖം നോക്കി കൈകോർത്തുപിടിച്ചു നിൽക്കുന്നു. പരിചയപ്പെടുന്നു. വിസിൽ മുഴങ്ങുമ്പോൾ അകത്തെ വൃത്തം വലതുഭാഗത്തേക്കും പുറത്തെ വൃത്തം ഇടതുഭാഗത്തേക്കും ചലിക്കുന്നു. അടുത്തൊരു വിസിൽ കേൾക്കുമ്പോൾ നേരത്തെ പരിചയപ്പെട്ട കൂട്ടുകാരനെ വേഗം കണ്ടെത്തി കൈകോർത്തുപിടിച്ചിരിക്കട്ടെ. നിശ്ചിതസമയത്തിനകം കൂട്ടുകാരനെ കണ്ടെത്താൻ കഴിയാത്തവർ പുറത്താകുന്നു.

12. തള്ളക്കോഴിയും കുഞ്ഞുങ്ങളും

കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു. നിൽക്കുന്ന സ്ഥാനത്ത് ഓരോ വൃത്തം വരയ്ക്കുന്നു. ഇത് കൂടിനെ പ്രതിനിധീകരിക്കുന്നു. ലീഡർ കാ...കാ.... എന്ന് ശബ്ദം പുറപ്പെടുവിച്ച് പറന്നു പോകുന്നതായി അഭിനയിക്കുന്നു. മറ്റുള്ളവർ പിന്തുടർന്നുപോകുന്നു. കുറച്ചുദൂരം ചെന്നതിനുശേഷം 'വീട്ടിലേക്ക്' എന്നു പറയുമ്പോൾ എല്ലാവരും ഓടിവന്ന് ഓരോ കോളത്തിൽ കയറുന്നു. ടീമിലെ അംഗങ്ങളുടെ എണ്ണത്തേക്കാൾ ഒന്ന് കുറവായിരിക്കണം വൃത്തം

13. ബോൾ എറിയൽ

കുട്ടികൾ വൃത്താകൃതിയിൽ നിൽക്കട്ടെ. ഒരു ബോൾ (തോർത്ത് ബോൾ ആയാലും മതി) വൃത്തത്തിനകത്തുള്ള ആൾ ഓരോരുത്തരെ ലക്ഷ്യമാക്കി എറിയുന്നു. ആരുടെ നേർക്കാണോ ബോൾ വരുന്നത് അവർ ബോൾ സ്വീകരിച്ച് തിരികെ നൽകട്ടെ. ചില അവസരങ്ങളിൽ ബോൾ എറിയുന്നതായി ലീഡർ അഭിനയിക്കുക മാത്രമേയുള്ളൂ. അപ്പോൾ ബോൾ പിടിക്കാൻ കൈ അനക്കിയാൽ അയാൾ കളിയിൽനിന്ന് പുറത്താകുന്നു.

14. കുളം, കര

വൃത്താകൃതിയിൽ കുട്ടികൾ നിൽക്കുന്നു. കാലുകൊണ്ട് ഓരോരുത്തരും വരച്ച് ഒരു വലിയ വൃത്തം സൃഷ്ടിക്കുന്നു. എല്ലാവരും വൃത്തപരിധിക്ക് പുറത്ത് നിൽക്കുന്നു. ലീഡർ 'കുളം' എന്ന് പറയുമ്പോൾ എല്ലാവരും കുളത്തിൽ ചാടുന്നു. 'കര' എന്ന് പറയുമ്പോൾ തിരികെ കരയിലേക്കും. തെറ്റിക്കുന്നവർ കളിയിൽ നിന്ന് പുറത്താകുന്നു.

15. കോഴി പറ, പറ..

കുട്ടികൾ വൃത്താകൃതിയിൽ നിൽക്കുന്നു. കോഴി, പറ, പറ, പറ.... എന്ന് ലീഡർ പറയുമ്പോൾ കൈകൾ അനക്കി എല്ലാവരും പറക്കുന്നതായി അഭിനയിക്കുന്നു. കാക്ക പറ, പറ, പറ, ആട് പറ, പറ, പറ എന്നിങ്ങനെ വിവിധ പക്ഷികൾ, മൃഗങ്ങൾ, വസ്തുക്കൾ ഇവയുടെ പേരുപയോഗിച്ച് ആവർത്തിക്കട്ടെ. പറ

ക്കാത്തവ പറക്കുന്നതായി അഭിനയിക്കുന്ന ആൾ കളിയിൽനിന്ന് പുറത്താകുന്നു.

16. ബലൂൺ.. ബലൂൺ

ഓരോ കുട്ടിയും ഓരോ ബലൂൺ ഊതി വീർപ്പിക്കുന്നു. അത് ഏറ്റവും കൂടുതൽ നേരം അന്തരീക്ഷത്തിൽ നിർത്തുന്നവർ ആരാണ്? കൈകൊണ്ട് തട്ടരുത്. ഊതി നിർത്തണം.

17. എന്നെ തൊടാമോ?

ലീഡർ പ്രവർത്തിക്കുന്നതുപോലെ അനുകരിക്കുകയും ഒപ്പം ലീഡറെ തൊടാൻ ശ്രമിക്കുകയും ചെയ്യട്ടെ.

18. വാലുപിടുത്തം

കുട്ടികളുടെ പുറകിൽ ഓരോ വാല് (തുണിയോ പേപ്പറോ കൊണ്ടുള്ളത്) ഘടിപ്പിക്കുന്നു. വിസിൽ മുഴങ്ങുമ്പോൾ മറ്റുള്ളവരുടെ വാലുകൾ ഓരോന്നായി കൈക്കലാക്കി തന്റെ വാലിന്റെ എണ്ണം കൂട്ടുന്നു. ഒരു സമയം ഒരു വാല് മാത്രമേ എടുക്കാൻ അനുവദിക്കാവൂ. നിശ്ചിത സമയത്തിനകം കൂടുതൽ വാലുകൾ സമ്പാദിക്കുന്നവർ വിജയിക്കുന്നു.

19. പാമ്പ്

കുട്ടികൾ ഒന്നിനു പുറകെ ഒന്നായി രണ്ട് വരിയായി നിൽക്കുന്നു. പുറകിൽ നിൽക്കുന്ന ആൾ തൊട്ടുമുമ്പുള്ള ആളിന്റെ അരക്കെട്ടിൽ ബലമായി രണ്ടു കൈകൊണ്ടും ചുറ്റിപ്പിടിച്ചിരിക്കണം. ഇപ്പോൾ രണ്ട് പാമ്പുകളായി. രണ്ട് പാമ്പുകളും പരസ്പരം വാല് വിഴുങ്ങുന്നതിന് ശ്രമിക്കട്ടെ.

20. കോഡ് കളി

ഗ്രൂപ്പുകളായി കുട്ടികൾ തിരിയുന്നു. എല്ലാ ഗ്രൂപ്പിനും പൊതുവായി ഒരു കോഡ് നൽകുക.

ഉദാ:- 'പിച്ചിയും മുല്ലയും നന്ന്'. പരിസരത്തുകാണുന്ന ചെടികളുടെ ഇലകൾ ശേഖരിച്ച് ഈ കോഡ് ആദ്യം പൂർത്തിയാക്കുന്ന ടീം വിജയിക്കുന്നു. കോഡിലെ അക്ഷരങ്ങളിൽ തുടങ്ങുന്ന ഇലകൾ ശേഖരിച്ച് ക്രമത്തിൽ വച്ചാൽ മതിയാകും.

21. എല്ലെടുത്തുകളി

രണ്ട് ടീമുകളായി തിരിയുന്നു. ഗ്രൗണ്ടിന്റെ മധ്യഭാഗത്ത് ഒരു ചെറിയ വൃത്തം വരയ്ക്കുന്നു. അതിനകത്ത് ഒരു കഷണം കമ്പ് സ്ഥാപിക്കുന്നു. ലീഡർ 'രണ്ട്' എന്നു പറഞ്ഞാൽ രണ്ടു ടീമിൽ നിന്നും രണ്ടെന്ന് നമ്പരുള്ള ആൾക്കാർ ഓടി മധ്യഭാഗത്തുവന്ന് വടി കരസ്ഥമാക്കാൻ ശ്രമിക്കുന്നു. നിശ്ചിത പരിധിക്കകത്തുവച്ച് എതിരാളി തൊടാതെ വടിയും കരസ്ഥമാക്കി ഓടിയെത്തുന്ന ആളിന്റെ ടീം വിജയിച്ചു. ഈ രീതിയിൽ കളി തുടരാം. ■

അനുബന്ധം - 4

അക്ഷരചിത്രങ്ങൾ



അനുബന്ധം - 5

ബാലവേദി പ്രവർത്തകർ നിർബന്ധമായും വായിച്ചിരിക്കേണ്ട ചില പരിഷത്ത് പുസ്തകങ്ങൾ

1. പ്രകൃതി, ശാസ്ത്രം, സമൂഹം.
2. സയൻസ്ക്രീം പുസ്തകങ്ങൾ (50 എണ്ണം).
3. പരിഷത്ത് ഇതുവരെ പ്രസിദ്ധീകരിച്ച എല്ലാ പരീക്ഷാ പുസ്തകങ്ങളും.
4. കുട്ടികളും ശാസ്ത്രബോധവും.
5. ശാസ്ത്ര പാഠാവലി.
6. പഠനം പാൽപായസം.
7. യുറീക്കാ പാട്ടുകൾ.
8. കളിക്കാം പഠിക്കാം.
9. സയൻസ് ക്രീം ക്വിസ്.
10. ബാലോത്സവ ഗാനങ്ങൾ.
11. അപ്പുവിന്റെ സയൻസ് കോർണർ.
12. ബാലോത്സവം എങ്ങനെ സംഘടിപ്പിക്കാം,
13. യുറീക്ക, ശാസ്ത്രകേരളം മാസികകൾ.
14. ദിവാസ്വപ്നം.
15. ടോട്ടോച്ചാൻ.
16. ശാസ്ത്രകൗതുകം.
17. എന്തുകൊണ്ട്.
18. എങ്ങനെ എങ്ങനെ.
19. ശാസ്ത്രചരിത്രം.
20. സംഘക്കളികൾ (ചിന്ത)
21. യുറീക്കാ ശാസ്ത്രക്കളികൾ

അനുബന്ധം - 6

സംസ്ഥാന ബാലവേദി സബ്കമ്മിറ്റി

ശ്രീ.കെ.ടി.രാധാകൃഷ്ണൻ, ചെയർമാൻ
ശാസ്ത്രസാഹിത്യ പരിഷത്ത്,
ചേമഞ്ചേരി.പി.ഒ.
കോഴിക്കോട് - 673304.

ശ്രീ.എം.വിജയകുമാർ, കൺവീനർ
ശാസ്ത്രസാഹിത്യ പരിഷത്ത്,
പി.ഒ.മട്ടന്നൂർ, കണ്ണൂർ - 670702.

ശ്രീ.എ.ശശിധരൻ
ശാസ്ത്രസാഹിത്യ പരിഷത്ത്
മണിയൂർ.പി.ഒ.
കോഴിക്കോട് - 673523.

ശ്രീ.ഇ.കുഞ്ഞികൃഷ്ണൻ
എരിഞ്ഞേരി വീട്
പി.ഒ.മാവിലായി
കണ്ണൂർ - 670662.

ഒ.എം.ശങ്കരൻ
പ്രിൻസിപ്പൽ
ഡയറ്റ്, മായപ്പാടി,
കാസർഗോഡ് - 671124.

ഡോ:കെ.എൻ.ഗണേഷ്
പരിഷദ് ഭവൻ,
കോഴിക്കോട് - 673 002.

പ്രൊഫ:കെ.പാപ്പൂട്ടി
പരിഷദ് ഭവൻ
കോഴിക്കോട് - 673 002.

ശ്രീ.വി.കെ.ശശിധരൻ, സതി മന്ദിരം,
കന്നിമേൽചേരി, കിളികൊല്ലൂർ,
കൊല്ലം - 691004.

എൻ.കെ.സത്യപാലൻ,
ഡയറ്റ്, തിരുവല്ല പി.ഒ.

സി.കെ.ബാലൻ,
പരിഷദ് ഭവൻ,
വൈക്കം - 686141.

പ്രൊഫ:കെ.ശ്രീധരൻ,
പരിഷദ് ഭവൻ,
കോഴിക്കോട് - 673 002.

ശ്രീ.പി.ആർ.സുരേന്ദ്രൻ
പൊന്നഞ്ചേരി വീട്
കൂർക്കഞ്ചേരി, തൃശൂർ.

മനോജ് പുതിയവിള,
പട്ടോളി മാർക്കറ്റ്

കെ.ടി.സുരേന്ദ്രൻ,
നിഷാദം, ആര്യനാട് പി.ഒ.
തിരുവനന്തപുരം 675542.

പ്രൊഫ:എം.കെ.ചന്ദ്രൻ,
ഹസീന,
ശക്തിനഗർ, ഇരിങ്ങാലക്കുട,
തൃശൂർ - 680125.

ശ്രീ.സി.ജി.ശാന്തകുമാർ,
ഡയറക്ടർ,
ശ്രമിക് വിദ്യാപീഠം,
പുളിമൂട്, തിരുവനന്തപുരം - 695029.

അനുബന്ധം - 7

അഫിലിയേഷൻ ഫോറത്തിന്റെ മാതൃക

1 . ബാലവേദിയുടെ പേര് :

2 . അഫിലിയേഷൻ നമ്പ്ര് :

3 . രൂപീകരിച്ച തിയ്യതി :

4 . അംഗങ്ങളുടെ എണ്ണം :

5 . ബാലവേദിയുടെ ആസ്ഥാനം :

6 . ഓർഗനൈസറുടെ പേരും വിലാസവും :

7 . പ്രസിഡണ്ടിന്റെ പേരും വിലാസവും :

8 . സെക്രട്ടറിയുടെ പേരും വിലാസവും :

9 . അംഗങ്ങളുടെ എണ്ണം :

....കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ അഫിലിയേഷൻ ലഭിക്കുന്നതിന്/പുതുക്കുന്നതിന് അപേക്ഷിക്കുന്നു. ഫീസ്.................................... രൂപ ഇതോടൊന്നിച്ച്യക്കുന്നു.

യൂനിറ്റ് സെക്രട്ടറി
/മേഖല/ജില്ലാ
കൺവീനർമാരുടെ പേര്, ഒപ്പ് ഓർഗനൈസർ സെക്രട്ടറി

ഓരോ ബാലവേദിയും മൂന്നു ഫോറം പൂരിപ്പിച്ച് ബന്ധപ്പെട്ട യൂണിറ്റ് കൺവീനറുടെ ഒപ്പോടെ മേഖലാ കൺവീനറെ ഏൽപിക്കണം. അതിൽ ഒരു ഫോറം മേഖലാ ജില്ലാ കൺവീനർ പുതുക്കുന്നതിന് 3 രൂപ, അഫിലിയേഷന് 5 രൂപ.